# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

---

## SECOND SESSION—1954

---

*Saturday, the 31st July 1954.*

Vol. XI] OFFICIAL REPORT [No. 16.

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Saturday, the 31st July 1954, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

### ഇൻഡോ—നാർവീജിയൻ ഫൌണ്ടേഷൻ സ്കീം.

* 563. [4] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡോ—നാർവീജിയൻ ഫൌണ്ടേഷൻ സ്കീം അഡ്വൈസറി ബോർഡിലെ അംഗങ്ങൾ ആരെല്ലാം;

(ബി) നാർവീജിയൻ സ്കീം ഉൾക്കൊള്ളുന്ന പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. മാരെക്കൂടി കമ്മിറ്റിയിലെടുക്കാൻ ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ചീഫ് സെക്രട്ടറി, മിസ്റ്റർ ലുണ്ട്, പ്രോജക്റ്റ് ഡയറക്റ്റർ, മി. പി. ബോഗ്, അസിസ്റ്റന്റ് ഡയറക്റ്റർ, ഡാക്ടർ ഹാൾവേർഡ് ലിഡ്, നാർവീജിയൻ ഡാക്ടർ, ഗവണ്മെന്റ് സെക്രട്ടറി (ഡെവലപ്പ്മെന്റ്), ഗവണ്മെന്റ് സെക്രട്ടറി (ഫുഡ്), ഗവണ്മെന്റ് സെക്രട്ടറി (വക്ക്സ്), ഗവണ്മെന്റ് സെക്രട്ടറി

(ഫൈനാൻസ് ഡിപ്പാർട്ടുമെൻറ്), ചീഫ് എൻജിനീയർ (P. W. D.), സഹകരണസംഘം രജിസ്ട്രാർ, ഫിഷറി ഡയറക്ടർ, പബ്ലിക്ക് ഹെൽത്ത് ഡയറക്ടർ.

(ബി) ആലോചിക്കാം.

ശ്രീ. എം. എം. മത്തായി: ഈ കമ്മിററി തെരഞ്ഞെടുക്കപ്പെട്ടതാണോ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറ് കാൺസ്റ്റിട്യൂട്ട് ചെയ്തതാണ്.

Shri A. A. D. Luiz: May I know whether the State Government has any financial commitment or investment in the Norwegian Scheme?

ശ്രീ. എ. താണുപിള്ള: സ്റ്റേററ് ഗവണ്മെൻറിന് ഈ ആവശ്യത്തിലേയ്ക്ക് ചെലവുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഈ ഗവണ്മെൻറിനു ഇതിൻെറ അഡ്മിനിസ്ട്രേഷനിൽ നിയന്ത്രണമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഈ കമ്മിററിയുടെ ഉപദേശമനുസരിച്ചാണ് അവിടെ പ്രവർത്തനം നടത്തുന്നതു്. ജോലിനടത്തിപ്പിനെ സംബന്ധിച്ച് ഗവണ്മെൻറിൻെറ അനുവാദം വേണമെന്നുണ്ട്.

ശ്രീ. എം. എം. മത്തായി: ഉപദേശകസമിതിക്ക് എന്തധികാരമാണുള്ളതു്?

ശ്രീ. എ. താണുപിള്ള: ഉപദേശം കൊടുക്കുകമാത്രമെയുള്ളു.

ശ്രീ. പ്രാക്കുളം ഭാസി: ഈ ഉപദേശകസമിതിയിൽ പഞ്ചായത്തു പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താമോ?

ശ്രീ. എ. താണുപിള്ള: ആ കാര്യം ആലോചിക്കാം. പക്ഷെ അതുകൊണ്ട് കൂടുതൽ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. നിവൃത്തിയുള്ളടത്തോളം പ്രാദേശികമായ കാര്യങ്ങൾക്ക് ആ പ്രദേശത്തുള്ള ആളുകളെക്കൂടി ഉൾപ്പെടുത്തി ചെയ്യുന്നതായിരിക്കും നല്ലതെന്നു ഗവണ്മെൻറിനു അഭിപ്രായമുണ്ട്.

ശ്രീ. ചന്ദ്രാരപ്പള്ളി പി. നാരായണൻ പോററി: കമ്മിററി അംഗങ്ങളുടെ ഉപദേശം നിഷേധിക്കുവാൻ ഈ കമ്പനിക്കു അധികാരമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇവരുടെ ഉപദേശം അനുസരിച്ചു കാര്യങ്ങൾ നടക്കണമെന്നാണു ഗവണ്മെൻറിൻെറ നിശ്ചയം.

ശ്രീ. കെ. സി. ജോർജ്ജ്: ഗവണ്മെൻറിനു ഇതിലെന്തെങ്കിലും നിയന്ത്രണാധികാരമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ കമ്മിററിയുടെ ചെയർമാൻ ആരാണ്?

ശ്രീ. എ. താണുപിള്ള: ചീഫ് സെക്രട്ടറിയാണ്.

ശ്രീ. സി. കൊച്ചുകുഞ്ഞ്: കമ്മിറ്റി രൂപീകരിച്ചിട്ട് എത്ര നാളായി?

ശ്രീ. എ. താണുപിള്ള: ഇതിന്റെ പ്രവർത്തനം തുടങ്ങിയപ്പോൾത്തന്നെ രൂപീകരിച്ചു.

ശ്രീ. കട്ടപ്പൻ കോയിക്കൽ: നാർവെ ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റുമായി ഇതിനെ സംബന്ധിച്ചു നടത്തിയ എഗ്രിമെന്റ് എന്താണ്?

ശ്രീ. എ. താണുപിള്ള: നാർവെ ഗവണ്മെന്റും ഇൻഡ്യാ ഗവണ്മെന്റുമായിട്ടാണ് എഗ്രിമെന്റ്, അതനുസരിച്ച് ഈ സംസ്ഥാന ഗവണ്മെന്റ് പ്രവർത്തിക്കുന്നു.

ശ്രീ. ആർ. പ്രകാശം: എം. എൽ. എ. മാരെക്കൂടി ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്താത്തതിനു പ്രത്യേകം കാരണമുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ ഉൾപ്പെടുത്താത്തതിന് പ്രത്യേകകാരണമൊന്നുമില്ല.

ശ്രീ. സി. കൊച്ചുകുഞ്ഞ്: ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നു പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ടോ എന്നറിഞ്ഞുകൂടാ, ഏതായാലും പ്രവർത്തനം ഗവണ്മെന്റിനു തൃപ്തികരമായിട്ടാണു കാണുന്നത്.

## Five Year Plan.

*564. [5] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(a) the number and names of tanks renovated under the Five Year Plan and the expenses incurred for each;

(b) whether any major tank in South Travancore was deepened and work completed;

(c) if so, the names of the tank, the catchment capacity of each, the respective improvement in catchment area; and

(d) if not, why?

*Chief Minister* (**Shri A. Thanu Pillai**): (a) Full details required have not been received. The information so far obtained is given below:

Improvements and construction of tanks in the Travancore-Cochin State during the first two years of the Plan—1951-53:

Number of works completed—383.

Cost of works completed 10,00,000.

(b), (c) and (d) The information is being collected.

## തൊണ്ടുവില നിയന്ത്രണം.

* 565. [6] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഫിനാൻസുമന്ത്രി സദയം മറുപടി പറയുമോ :

(എ) കയർ സഹകരണസംഘങ്ങൾ താഴ്ത്തിയിട്ടുള്ള തിരുവനന്തപുരം തൊണ്ടിന്റെ ശരാശരി വില എന്താണ് ;

(ബി) ഈ വില കയറിന്റെ വിലയുമായി പൊരുത്തമില്ലാത്താണെന്ന് സർക്കാരിനറിയാമോ ;

(സി) ആണെങ്കിൽ ഒരു കണ്ടിക്കുള്ള വിലയിൽ എത്ര രൂപ നഷ്ടം പ്രതീക്ഷിക്കുന്നു ;

(ഡി) ഈ നഷ്ടം പരിഹരിക്കുന്നതിന് തൊണ്ടുവില നിയന്ത്രിക്കേണ്ടതാവശ്യമാകുന്നെന്ന് സർക്കാരിനു തോന്നുന്നുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) കയർ സഹകരണസംഘങ്ങൾ താഴ്ത്തിയിട്ടുള്ള തിരുവനന്തപുരം തൊണ്ടിന്റെ ശരാശരി വില 1000-ത്തിന് 40 രൂപ.

(ബി) ഈ സംഘങ്ങൾ താഴ്ത്തിയ തൊണ്ടിന്റെ വിലയും കയറിന്റെ വിലയും തൊണ്ടുതാഴ്ത്തിയ സമയത്ത് അല്പം കൂടുതലായിരുന്നു.

(സി) കയറിന്റെ വിലക്കുറവുകൊണ്ട് സംഘങ്ങൾക്ക് പ്രതീക്ഷിച്ചിരുന്ന ലാഭം കിട്ടിയിരുന്നില്ല. പക്ഷെ, നഷ്ടം ഉണ്ടാകുകയില്ല.

(ഡി) കയറിന്റെ വിലക്കുറവോടുകൂടി തൊണ്ടിന്റെ വില കുറഞ്ഞിട്ടുണ്ട്. സംഘങ്ങൾക്ക് ഇപ്പോൾ കുറഞ്ഞവിലയ്ക്ക് തൊണ്ട് താഴ്ത്താവുന്നതാണ്. ഈ പരിതഃസ്ഥിതിയിൽ തൊണ്ടിന്റെ വില നിയന്ത്രിക്കണമെന്നു തോന്നുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ : സഹകരണസംഘങ്ങൾ ഇതിനുവേണ്ടി എത്ര പണം നിക്ഷേപിച്ചിട്ടുണ്ടെന്നറിയാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. യു. നീലകണ്ഠൻ : ഒരു കണ്ടി കയർ ഉല്പാദിപ്പിക്കുന്നതിനു എത്ര തൊണ്ട് വേണമെന്നറിയാമോ ?

**Shri P. S. Nataraja Pillai :** The average cost price of coconut husks in the Trivandrum Centre during the months of Makaram to Edavam of the year was Rs. 40 per thousand. Particulars regarding the price per candy of coir during that period is being collected. It is understood it is not a loss.

ശ്രീ. യു. നീലകണ്ഠൻ : 40 രൂപ തൊണ്ടിനു വിലയുണ്ടായിരുന്നപ്പോൾ കയറിന്റെ വില 25 രൂപയിൽ കൂടുതൽ അല്ലായിരുന്നുവെന്ന് അറിയാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ഇപ്പോഴത്തെ ആവറേജ് പ്രൈസ് തൊണ്ടിനു 1000-ത്തിനു 30 രൂപയാണ്. കയറിനു അതനുസരിച്ച് കൂടുതൽ വിലയുണ്ട്. ഏകദേശം 280 രൂപയാണ് ഒരു കണ്ടി കയറിന്റെ ഇപ്പോഴത്തെ ആവറേജ് വില.

ശ്രീ. യു. നീലകണ്ഠൻ: ഒരു കണ്ടി കയർ ഉല്പാദിപ്പിക്കുന്നതിന് എത്ര തൊഴിലാളികൾ വേണമെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിന് നോട്ടീസ് വേണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: തൊണ്ടിന്റെ വില നിയന്ത്രിക്കണമെന്ന് സഹകരണസംഘം പരാതിപ്പെട്ടിട്ടുണ്ടോ?

**Shri P. S. Nataraja Pillai**: The control orders have been declared *ultra vires* and it is doubtful whether we can do anything at the present moment, because the Travancore-Cochin Cocoanut and Husk Control Order, 1951 issued under the provisions of the Public Safety Measures Act has since become inoperative by the decision of the High Court. I think it is legally not possible to fix the maximum and minimum prices for the cocoanut husks at the present moment and the Government do not think, in view of the prices that exist in the case of coir and husk that, a fresh piece of legislation can be undertaken.

പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ.

*566. [7] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനിൽ നിന്ന് അവരുടെ ആവശ്യങ്ങളെപ്പറ്റി ഗവണ്മെന്റിന് ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്;

(സി) ആ ആവശ്യങ്ങളിൽ ഇതിനകം എന്തെല്ലാം സാധിച്ചുകൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): തിരുവിതാംകൂർ-കൊച്ചി പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനിൽനിന്നും നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ തിരുവിതാംകൂറിലേയും കൊച്ചിയിലേയും പ്രൈമറി സ്കൂൾ ടീച്ചേഴ്സിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചി സർക്കാർ പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി, ആൻഡ് സി.) അതിൽ ഉന്നയിച്ചിരുന്ന കാര്യങ്ങളിൽ ഗവണ്മെന്റിൽനിന്നു സ്വീകരിച്ചിട്ടുള്ള നടപടിയെപ്പറ്റിയുള്ള വിവരങ്ങൾ മേശപ്പുറത്തു വച്ചിട്ടുണ്ട്. ഇതു ദീർഘമായ ഒരു പട്ടികയാണ്.*

ശ്രീ. ടി. എ. മജീദ്: ഇവരുടെ എഗ്രിമെന്റ റൂളിനു വ്യത്യാസം വരുത്തിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ആദ്യമുണ്ടായിരുന്ന ഉത്തരവിനുശേഷം അതിനെ ഭേദഗതിചെയ്തിട്ടില്ല.

* Please See Appendix No. I.

ശ്രീ. ടി. എ. മജീദ്: 30-1-40-2-50 എന്നുള്ള സ്കെയിൽ വളരെ കുറവാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ശമ്പളം ഉയർത്തണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: പ്രതിവർഷം ഒരു രൂപ ഇൻക്രിമെൻറ വളരെ കുറവാണെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: രണ്ടു രൂപ ഇൻക്രിമെൻറിനെക്കാൾ ഒരു രൂപ ഇൻക്രിമെൻറ കുറവുതന്നെയാണ്.

## എസ്. എസ്. എൽ. സി. പരീക്ഷ.

* 567. [8] ശ്രീ. ടി എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ എത്ര ശതമാനം വിദ്യാർത്ഥികൾ വിജയികളായി;

(ബി) വിജയശതമാനം ഇത്ര കുറഞ്ഞുപോയതിൻെറ കാരണങ്ങൾ എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(സി) കാരണങ്ങൾ എന്ത്;

(ഡി) ഇതിനു എന്തെങ്കിലും പരിഹാരം ഗവണ്മെൻറിൻെറ മുമ്പിലുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 46.9.

(ബി) കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു ഇക്കൊല്ലം വിജയശതമാനം കൂടുതലാണ്.

(സി-യും ഡി-യും) ബി-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഇതു് ഉദിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: ഓരോ സബ്ജക്ററിലും ഒരു ക്ലിപ്ത ശതമാനം മാത്രമെ പാസ്സാക്കാവൂ എന്നു ചീഫ് എക്സാമിനർമാർ നിർദ്ദേശം നൽകാറുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ നിർദ്ദേശം നൽകാറുള്ളതായി അറിഞ്ഞുകൂടാ.

ശ്രീ. ടി. എ. മജീദ്: അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ കുറയ്ക്കുന്നതിനുവേണ്ടിയാണോ ഇങ്ങനെ വിജയശതമാനം കുറയ്ക്കുന്നത്?

ശ്രീ. എ. താണുപിള്ള: സർ, എൻെറ മുൻമറുപടിയിൽനിന്നു ഇതു് ഉദിക്കുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: 46.9 ശതമാനമെന്നുള്ളതു വളരെ കുറവാണെന്നു ബോദ്ധ്യമുണ്ടോ?

ശ്രീ. എ. താണുപിള്ള: അതൊരഭിപ്രായം മാത്രമാണ്.

ശ്രീ. കെ. സി. ജോർജ്ജ്: വിജയശതമാനം വർദ്ധിപ്പിക്കത്തക്ക വിധത്തിൽ എന്തെങ്കിലും നടപടികളുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള: വിജയശതമാനം നൂറ് ആയി വർദ്ധിപ്പിക്കണമെന്നാണ് ഗവണ്മെൻറിൻെറ ആഗ്രഹം.

ശ്രീ. കെ. കൊച്ചുകുട്ടൻ: തോററുപോയ വിഷയങ്ങൾക്കു മാത്രം വീണ്ടും ചേർന്ന് പാസ്സാകാനുള്ള സൗജന്യങ്ങൾ ഇപ്പോഴുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ ഇല്ല. അതിനെപ്പററി ആലോചിക്കാവുന്നതാണ്.

**Shri T. P. Sitaraman:** May I know the number of students that have passed last year?

ശ്രീ. എ. താണുപിള്ള: അതിൻെറ കണക്ക് എൻെറ കയ്യിലില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സ്റ്റാൻഡേഡ് കുറയുന്നതുകൊണ്ട് സ്റ്റാൻഡേഡ് വരദ്ധിപ്പിച്ചുവെന്ന് കാണിക്കുന്നതിനുവേണ്ടിയാണോ ഇങ്ങനെ വിജയശതമാനം കുറയ്ക്കുന്നത്?

ശ്രീ. എ. താണുപിള്ള: ഞാൻ മുമ്പുതന്നെ പറഞ്ഞു അങ്ങനെ നിർദ്ദേശങ്ങളൊന്നുമില്ലായെന്ന്.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻ പോററി: വിജയശതമാനം കൂട്ടുന്നതിനുവേണ്ടി ട്രയിൻഡ് ടീച്ചേഴ്സിനെ കൂടുതലായി നിയമിക്കാമോ?

ശ്രീ. എ. താണുപിള്ള: ട്രെയിൻഡ് ടീച്ചേഴ്സിനെ കൂടുതൽ നിയമിച്ചാൽ വിജയശതമാനം വർദ്ധിക്കുമെങ്കിൽ അങ്ങനെയാകാം.

## ഫീസ് സൌജന്യം.

*568. [9] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാംഫാറത്തിലും രണ്ടാംഫാറത്തിലും ഫീസ് സൗജന്യം ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം എത്ര ലക്ഷം രൂപയുടെ നഷ്ടം ഗവണ്മെൻറ് സഹിക്കേണ്ടിവരും;

(സി) ഈ നഷ്ടം നികത്തുന്നതിനു വല്ല പദ്ധതിയും ഗവണ്മെൻറിനുണ്ടോ;

(ഡി) 14 വയസ്സിനു താഴെ പ്രായമുള്ള സംസ്ഥാനത്തെ സകല കുട്ടികൾക്കും ഫീസുസൗജന്യം അനുവദിക്കുന്നതിന് ഗവണ്മെൻറ് സന്നദ്ധത കാണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) ഗവണ്മെന്റു റവന്യൂവിൽ ആറരലക്ഷം രൂപയുടെ നഷ്ടം ഉണ്ടാകുമെന്നു് ഉദ്ദേശിക്കുന്നു. പ്രൈവററ സ്കൂളുകളിൽ പതിനെട്ടരലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.

(സി) ഈ നഷ്ടം പരിഹരിക്കുന്ന കാര്യം ഗവണ്മെന്റു് ആലോചിച്ചുവരുന്നു.

(ഡി) അതാണു് ഗവണ്മെന്റിന്റെ ഉദ്ദേശം.

## വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന സ്കൂളുകൾ.

*569. [10] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റു വക സ്കൂളുകൾ വാടകക്കെട്ടിടങ്ങളിൽ നടത്തുന്നുണ്ടോ ;

(ബി) ഗവണ്മെന്റുവക കെട്ടിടങ്ങൾ ഇല്ലാഞ്ഞിട്ടല്ലേ വാടകക്കെട്ടിടങ്ങളിൽ സ്കൂളുകൾ നടത്തുന്നതു് ;

(സി) പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരി ഈസ്റ്റു് പ്രൈമറി ഗവണ്മെന്റുസ്കൂൾ ഒരു വാടകക്കെട്ടിടത്തിലാണോ നടത്തുന്നതു് ;

(ഡി) അവിടെ ഒരു പുതിയ സ്കൂൾക്കെട്ടിടം പണിതു് സ്കൂൾ നടത്തുവാൻ ഗവണ്മെന്റു് തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഉണ്ടു്.
(ബി) അതെ.
(സി) അതെ.
(ഡി) പുതിയ സ്കൂൾക്കെട്ടിടം പണിയുന്നതിനുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്കെടുക്കുവാൻ നടപടി നടത്തിക്കൊണ്ടുവരികയാണു്.

ശ്രീ. എൻ. ജി. ചാക്കോ : എത്ര സ്കൂളുകൾ ഇങ്ങനെ വാടകക്കെട്ടിടത്തിൽ നടത്തുന്നുണ്ടെന്നു പറയാമോ ?

ശ്രീ. എ. താണുപിള്ള : അതിന്റെ കണക്കു് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ഗവണ്മെന്റു സ്കൂൾക്കെട്ടിടത്തിൽ മററാഫീസുകൾ നടത്തുന്നതായി അറിയാമോ ?

ശ്രീ. എ. താണുപിള്ള : സ്കൂളിനു് ആവശ്യമില്ലെന്നുകണ്ടാൽ അങ്ങനെയും ചെയ്യുന്നുണ്ടാവാം.

## അദ്ധ്യാപകന്മാരുടെ ശമ്പളം.

*570. [11] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സെക്കൻഡറി സ്കൂൾ പദ്ധതിയനുസരിച്ചു് അദ്ധ്യാപകന്മാരുടെ ടൈംസ്കെയിൽ പ്രകാരമുള്ള ശമ്പളം അദ്ധ്യാപകർക്കു് ഗവണ്മെന്റു് കൊടുക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : കൊടുത്തുവരുന്നുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ഈ പദ്ധതിയിൽ ചേർന്നിട്ടുള്ള എല്ലാ അദ്ധ്യാപകന്മാക്കും ടൈംസ്കെയിൽ കിട്ടുന്നില്ലെന്നു ഗവണ്മെന്റിനു അറിയാമോ?

ശ്രീ. എ. താണുപിള്ള : ഇതിലേയ്ക്കു ഒരു സ്പെഷ്യലാഫീസർ ഉണ്ട്. ധാരാളം ജോലികൾ ചെയ്യേണ്ടതായി വരും. ഇതുവരെ ചെയ്തുതീർത്തിട്ടില്ലാത്ത ജോലികൾ കഴിയുന്നതും വേഗത്തിൽ ചെയ്തുതീർക്കുന്നതിനു നിർദ്ദേശം നൽകാം.

## Anti-Corruption Measures.

*571. [13] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(*a*) what anti-corruption measures are taken by the Government;

(*b*) the number of corruption charges made against Division Officers of P. W. D. for the last five years;

(*c*) number enquired departmentally;

(*d*) number and names of officers involved;

(*e*) nature of charges; and

(*f*) action taken in each case?

*Chief Minister* **(Shri A. Thanu Pillai)**: (*a*) For setting up an efficient machinery to investigate and bring to the notice of Government cases of corruption in the services or in public life, an Anti-Corruption Department now known as X-Branch was organised towards the close of 1953 as a part of the regular Police, under a Deputy Inspector-General of Police with an executive staff consisting of 3 A. S. Ps., 4 C. Is., 6 S. Is., 10 H. Cs., and 14 P. Cs., and a ministerial staff of one Office Superintendent, 2 clerks, one steno-typist and a typist.

(*b*) One.

(*c*) No departmental enquiry has been made.

(*d*) One. It is not proper to divulge the officer's name at this stage.

(*e*) Suspected of his honesty in passing the bills of contractors and showing favouritism.

(*f*) The alleged charges have been enquired into confidentially and the report received in the matter is being examined by Government.

**Shri T. S. Ramaswami**: May I know the number of charges involved in this matter?

**Shri A. Thanu Pillai**: One.

**Shri T. S. Ramaswami**: In answer to part (*d*) may I know the number of officers involved?

**Shri A. Thanu Pillai**: One.

**Colonisation.**

*572. [14] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(*a*) the steps taken by our Government for sending fishermen and agriculturists for colonisation in the Andamans;

(*b*) the quota allotted to our State during the last selection;

(*c*) the number selected;

(*d*) whether the Government received any memorandum from the firshermen of Cape Comorin in the matter; and

(*e*) what steps the Government have taken on the memorandum?

*Chief Minister* **(Shri A. Thanu Pillai)**: (*a*) As a result of strong and persistent representations made to the Government of India by this Government, a batch of 35 families have already been sent to Andamans. Out of this 27 families are agriculturists and eight families are fishermen. As regards the question of sending the next batch, this Government are in correspondence with the Government of India.

(*b*) 90 families 60 agriculturists and 30 fishermen families).

(*c*) 35 families.

(*d*) Yes.

(*e*) The memorialists have been given a reply stating that the cases referred to by them will be considered by Government at the time of the next selection of families to Andamans.

**Shri T. S. Ramaswami**: May I know when the quota was 90 why 30 families alone were sent for colonisation?

**Shri A. Thanu Pillai**: The Representative found only those 30 families fit for colonisation.

**Shri T. S. Ramaswami**: May I know when there were a hundred applications in that connection why the selection was confined to such a low number?

**Shri A. Thanu Pillai**: As I have already said, the selection was made by the Representative of the Andaman Administration.

**Shri T. S. Ramaswami**: May I know whether this Government will play an effective part in increasing the number of the families to be taken for colonisation purpose?

**Shri A. Thanu Pillai**: Of course this Government will do their best in the matter; but the final selection has to be made by him.

**Shri K. C. George**: May I know what are the conditions to be fulfilled in the matter of getting selected for colonisation purpose?

**Shri A. Thanu Pillai**: The particular family must be prepared to go there and take to agriculture and work in connection with that. These factors were considered by the officer in selecting the families.

**Shri K. C. George**: My question is if 70 families have been chosen to go to Andamans and take to agriculture etc., what is meant by saying that only 35 families were found fit ?

**Shri A. Thanu Pillai**: The representative has to satisfy himself that the families selected are fit for the purpose. Any way we will try to see that more and more families are sent outside for colonisation.

**Shri K. C. George**: My question is what exactly the Government wants in the matter of selection of families so that we may recommend some more people for that purpose?

**Shri A. Thanu Pillai**: The Member may well make the recommendation and we will try to see that all are sent outside.

## സർക്കാർസർവ്വീസിൽനിന്നും രാഷ്ട്രീയ പരിഗണനകളാൽ പിരിച്ചയയ്ക്കപ്പെട്ടവർ.

* 573. [15] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തെ സർക്കാർസർവ്വീസിൽ നിന്നും 1948 മുതൽ നാളതുവരെ രാഷ്ട്രീയ പരിഗണനകളാൽ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) ഇപ്പോഴത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം അത്തരം വല്ല പിരിച്ചുവിടലും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെ, എന്നു പിരിച്ചുവിട്ടു;

(സി) ആകെ ഏതേതു ഡിപ്പാർട്ടുമെന്റുകളിൽനിന്ന് എത്രപേരെ വീതം, ഏതു കൊല്ലങ്ങളിൽ പിരിച്ചുവിട്ടു;

(ഡി) കേവലം രാഷ്ട്രീയ കാരണങ്ങളാൽ കൈക്കൊണ്ട ശിക്ഷണ നടപടികൾ പുനഃപരിശോധന ചെയ്യുവാൻ ഗവണ്മെന്റ് ശ്രമിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുത്തതിന് 4 പേരെ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും ഒരാളെ 1950-ൽ, ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽനിന്നും ഒരാളെ 1949-ൽ, ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും ഒരാളെ 1949-ൽ. പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഒരാളെ 1950-ൽ.

(ഡി) ഇല്ല.

ശ്രീ. പി. ഭാസ്കരൻനായർ: തൊടുപുഴ കോടതിയിൽനിന്നും ഒരു എൻ. ജി. ഒ. യെ ഈ സോഷ്യലിസ്റ്റ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഈ ഗവണ്മെന്റ് ആരെയും പിരിച്ചുവിട്ടിട്ടില്ല. ഹൈക്കോടതി അങ്ങിനെ ചെയ്തിട്ടുണ്ടോ എന്നു് എനിക്കറിഞ്ഞുകൂടാ.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഡിപ്പാർട്ടുമെന്റ മേലദ്ധ്യക്ഷന്മാർ പിരിച്ചുവിട്ട എത്രയാളുകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഞാൻ പറഞ്ഞ നാലുപേരെ അല്ലാതെ വേറെ ആരെയും പിരിച്ചുവിട്ടിട്ടുള്ളതായി ഗവണ്മെന്റിനു് അറിവില്ല.

ശ്രീ. പി. കെ. യശോധരൻ: ഈ പിരിച്ചുവിട്ടവരുടെ പേരുകളും പിരിച്ചുവിടാനുണ്ടായ കാരണങ്ങളും വ്യക്തമാക്കാമോ?

**Shri A. Thanu Pillai**: (i) Shri Easau, clerk, Office of the Conservator of Forests, Trichur was dismissed from service in 1950, for associating himself with the Communist Party which was an unlawful political organisation then.

(ii) Shri K. Sukumaran Nair, acting clerk in the Electricity Department, was dismissed from service in 1949 for R. S. S. activities.

(iii) Shri V. Somanathan, clerk, Labour Department, was dismissed from service in 1949 for engaging himself in activities intended to paralyse Government.

(iv) Shri M. M. Ayyappan, clerk, Office of the District Superintendent of Police was dismissed from service in 1950, for giving shelter and assistance to one K. C. Kunjunni, a proclaimed Communist and a wanted person. Sir, when political activities are prohibited and Government servants who engage themselves in activities of such kind are involved, Government have no other course but to send them out of service. That is why these persons have been dealt with in this way.

**Shri Thalekkare K. Krishnan**: Are the Government aware that the High Court has declared these punishments as illegal?

ശ്രീ. എ. താണുപിള്ള: ഹൈക്കോടതി എന്തു ചെയ്തിരുന്നാലും ഗവണ്മെന്റ സർവ്വീസ് നടക്കേണ്ടതുപോലെ നേരെ നടത്തണം. അതു നടക്കേണ്ടതു് നമ്മുടെ ആവശ്യമാണു്. പൊളിറ്റിക്കൽ ആക്ടിവിറ്റീസിൽ ഉൾപ്പെടുന്നവർ ഗവണ്മെന്റ സർവ്വീസിൽ പ്രവേശിപ്പിക്കരുതെന്നു് നിയമമുണ്ടു്. ആ നിയമം ലംഘിക്കുന്നവരെ സർവ്വീസിൽ വച്ചുകൊണ്ടിരിക്കുന്നതിനു് ഗവണ്മെന്റിനു് ഒക്കുകയില്ല. അതാണു് ഗവണ്മെന്റിന്റെ നയം.

ശ്രീ. ടി. വി. തോമസ്: കമ്മ്യൂണിസ്റ്റ പാർട്ടിയിൽ അംഗമായിരിക്കുന്നതു് പൊളിറ്റിക്കൽ ആക്ടിവിറ്റിയാകുമോ?

ശ്രീ. എ. താണുപിള്ള: പൊളിറ്റിക്കൽ പാർട്ടിയിൽ അംഗമായിരിക്കുന്നവർക്കു് ഗവണ്മെന്റുദ്യോഗം പാടില്ലെന്നു നിയമമുണ്ടു്.

ശ്രീ. ടി. വി. തോമസ്: ഇതിൽനിന്നും പി. എസ്. പി. യിൽ അംഗമായിരിക്കുന്ന ഉദ്യോഗസ്ഥന്മാരെയും ഇറക്കിവിടുമെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. എ. താണുപിള്ള: അവർ ഗവണ്മെന്റു സർവ്വീസിലില്ല. അങ്ങിനെ ഇല്ലാതിരിക്കുന്നതിനു് പി. എസ്. പി. യും, ഗവണ്മെന്റും കരുതുന്നുണ്ടു്. കമ്മ്യൂണിസ്റ്റു പാർട്ടി കൃത്രിമമായി ആളുകളെ ഗവണ്മെന്റിൽ കടത്തിവിട്ടു് ഉപദ്രവമുണ്ടാക്കാൻ ശ്രമിക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. പി. കെ. യശോധരൻ: പബ്ലിക്കു സർവ്വീസു് കമ്മീഷൻ നിയമിക്കുന്ന ആളുകളെ രാഷ്ട്രീയ പരിഗണനകൾവച്ചു് തടയുന്നതിനു നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: നിർദ്ദേശം ഉണ്ടോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. നമുക്കു് ഒരു ഗവണ്മെന്റു സർവ്വീസു് വേണം. അതിൽ കൃത്രിമമില്ലാതിരിക്കാൻ ഞാനും എന്റെ കമ്മ്യൂണിസ്റ്റു സ്നേഹിതന്മാരും ശ്രമിക്കണം. അതാണു് സ്നേഹത്തോടുകൂടി എനിക്കു് ചെയ്യാനുള്ള അപേക്ഷ.

ശ്രീ. ടി. വി. തോമസ്: കാൺഗ്രസ്സുപാർട്ടിയിൽ അംഗമായിരിക്കുന്നവരെ സർവ്വീസിൽനിന്നും ഇറക്കിവിടുമോ?

ശ്രീ. എ. താണുപിള്ള: ഇറക്കിവിടും.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ പിരിച്ചുവിട്ട നാലു ഉദ്യോഗസ്ഥന്മാരുടെ പേരിൽ അന്വേഷണം നടത്തിയതു് ആരാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഗവണ്മെന്റ് മിഷ്യനറി എന്നല്ലാതെ കൂടുതൽ വിവരം പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ: ഇവരുടെ ആരോപണങ്ങളെപ്പററി സമാധാനം നൽകുന്നതിനുള്ള അവസരം കൊടുത്തോ?

ശ്രീ. എ. താണുപിള്ള: കൊടുത്തിരിക്കും. എല്ലാ റിക്കാർഡുകളും ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീമതി കെ. ആർ. ഗൌരി: മുൻസിഫ്കോട്ടിലെ ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുന്നതു് ഹൈക്കോടതിയാണോ, ഗവണ്മെന്റാണോ?

ശ്രീ. എ. താണുപിള്ള: പിരിച്ചുവിടാൻ ഹൈക്കോടതിക്കു് അധികാരമുണ്ടു്.

ശ്രീമതി കെ. ആർ. ഗൌരി: ഈ അടുത്തകാലത്തു് ഒരു കമ്മ്യൂണിസ്റ്റുകാരിയായ അധ്യക്ഷയുടെ സഹോദരനായതുകൊണ്ടു് ഒരാളെ പിരിച്ചുവിട്ടതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: കേവലം സഹോദരനായതുകൊണ്ടുമാത്രം പിരിച്ചുവിടുകയില്ല. കമ്മ്യൂണിസ്റ്റു പ്രവർത്തനങ്ങളിൽ പങ്കെടുത്താലേ പിരിച്ചുവിടുകയുള്ളു.

*Hydro-Electric and Irrigation Scheme.*

*574. [16] **Shri Prakkulam Bhasi**: Will the Minister for Finance be pleased to state :

(*a*) whether a loan of Rs. 200 lakhs was received by this Government from the Central Government on 7-2-1950 for financing two Postwar Development Schemes;

(*b*) if so, whether the amount has been utilised for the above purposes; and

(*c*) the term of the loan?

*Minister for Finance* (**Shri P. S. Nataraja Pillai**): (*a*) Yes.

(*b*) The loan was used for the purposes for which it was taken.

(*c*) The loan is for 20 years, interest being charged at 3 1|8 per cent. The repayment of the principal of the loan will commence after ten years. For the first ten years, interest will be charged half-yearly. After ten years, the loan will be repaid in ten equated annual instalments, including principal and interest.

*Compensation.*

*575 [18] **Shri Prakkulam Bhasi**: Will the Minister for Finance be pleased to state:

(*a*) whether the Government paid a temporary Judge of the High Court compensation of Rs. 10,809; and

(*b*) if so, why?

*Chief Minister* (**Shri A. Thanu Pillai**): (*a*) Yes.

(*b*) He was given the amount as compensation for the loss of his appointment.

ശ്രീ. പ്രാക്കുളം ഭാസി: അദ്ദേഹത്തിനു് പെർമനൻറു് സർവീസില്ലാത്തതുകൊണ്ടു് കോമ്പൻസേഷൻ കൊടുത്തതു് തെററാണെന്നു് കമ്പ്ട്രോളർ ചൂണ്ടിക്കാണിച്ചിട്ടില്ലേ ?

ശ്രീ. എ. താണുപിള്ള: ശരിയായിട്ടാണു് കൊടുത്തിട്ടുള്ളതു്. കമ്പ്ട്രോളർ സ്വീകരിച്ചിട്ടുമുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ഇന്നത്തെ തിരുവിതാംകൂർ–കൊച്ചി സർവീസ് വ്യവസ്ഥയനുസരിച്ചു് കാമ്പെൻസേഷൻ കൊടുത്തതു് തെററല്ലേ ?

ശ്രീ. എ. താണുപിള്ള: തെററല്ല. ഗവണ്മെൻറു് അംഗീകരിച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: അതു് ശരിയായിരുന്നോ ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറിനു് അതു് ശരിയാണെന്നു തോന്നി.

ശ്രീ. എം. പി. മേനോൻ: ആ ജഡ്ജിയുടെ പേരെന്താണു് ?

ശ്രീ. എ. താണുപിള്ള: ശ്രീ. മാത്യു മുരിക്കൻ.

ശ്രീ. എം. പി. മേനോൻ: ആ ഉദ്യോഗസ്ഥനെ ഇവിടെ അഡ്വക്കേററു് ജനറലായി നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : നിയമിച്ചിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ : നഷ്ടപരിഹാരംകൊടുത്തു് പിരിച്ചുവിട്ട ഒരാളെ വീണ്ടും നിയമിക്കാമോ ?

ശ്രീ. എ. താണുപിള്ള : പിരിച്ചുവിട്ട ഒരാളെ വീണ്ടും നിയമിക്കാൻ പാടില്ലാതില്ല.

ശ്രീ. എം. പി. മേനോൻ : അദ്ദേഹത്തിന്റെ കാലാവധി എന്നാണു് അവസാനിച്ചതെന്നു് പറയാമോ ?

ശ്രീ. എ. താണുപിള്ള : അതിനുള്ള ഫയൽ എന്റെ കൈവശമില്ല.

ശ്രീ. എം. പി. മേനോൻ : അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചു് പോയതാണോ ?

ശ്രീ. എ. താണുപിള്ള : അങ്ങിനെയാണെങ്കിൽ തിരിയെ എടുക്കുകയില്ലല്ലോ.

ശ്രീ. എം. പി. മേനോൻ : ഈ ഗവണ്മെന്റാണോ അദ്ദേഹത്തെ പിരിച്ചുവിട്ടതു് ?

ശ്രീ. എ. താണുപിള്ള : അല്ല.

## ഫണ്ടു്.

✻ 576. [20] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുദ്ധാനന്തരപുനസ്സംവിധാന ഫണ്ടിൽനിന്നു് മട്ടാഞ്ചേരി ഇഞ്ചിനീയേഴ്സ് കംബയിൻഡ് കോഓപ്പറേറ്റീവ് സൊസൈറ്റിക്കു് വായ്പ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണു്;

(സി) ഈ സൊസൈറ്റിയുടെ ചുമതലക്കാരുടെ പേരുകളും വിവരങ്ങളും;

(ഡി) റാന്നിയിലെ വിമുക്തഭടസഹകരണകാളനിക്കും, ഹരിപ്പാട്ടു് വിമുക്തഭടസംഘത്തിനും വായ്പ നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപ വീതമാണു്;

(എഫ്) ഈ സംഘങ്ങളുടെ ചുമതലക്കാരുടെ പേരുകളും വിവരങ്ങളും;

(ജി) വിദ്യാഭ്യാസ ധനസഹായമെന്ന നിലയിൽ വിതരണം ചെയ്ത തുക 1951, 1952, 1953 ഈ വർഷങ്ങളിൽ എത്ര;

(എച്ച്) ആർക്കെല്ലാം; അവരുടെ പേരുകളും വിവരങ്ങളും?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) യുദ്ധാനന്തരപുനസ്സംവിധാനഫണ്ടിൽ നിന്നും മട്ടാഞ്ചേരി ഇഞ്ചിനീയേഴ്സ് കമ്പൈൻഡ് കോഓപ്പറേറ്റീവ് സൊസൈറ്റിക്കു് വായ്പ നൽകിയിട്ടുണ്ടു്.

(ബി) 1,20,000 രൂപ.

(സി) ശ്രീ. എം. ജെ. ജോസഫ് (പ്രസിഡൻറ്)

,, മാത്യു ഡിക്കോത്തു് (ഡയറക്ടർ)

,, പി. ആർ. ആൻറണി ,,

ഈ സൊസൈററിയുടെ നടത്തിപ്പിലേയ്ക്കായി ഗവണ്മെൻറിൽ നിന്നും ഒരു പെയിഡ് സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) റാന്നി കാളനിക്ക് അനുവദിച്ചിട്ടുള്ള 3 ലക്ഷം രൂപയിൽ നിന്നും 20,000 രൂപ കൊടുത്തിട്ടുണ്ട്. ഹരിപ്പാട് സൊസൈററിക്ക് 50,000 രൂപ വായ്പ നൽകിയിട്ടുണ്ട്.

(എഫ്) റാന്നി കാളനിയുടെ ഭരണസമിതി അംഗങ്ങൾ:—

1. ഡി. എഫ്. ഒ. കോന്നി (പ്രസിഡൻറ്)
2. മാവേലിക്കര അഗ്രിക്കൾച്ചറൽ ഡിവിഷനൽ ആഫീസർ (മെംബർ)
3. കൊല്ലം കോവാപ്പറേററീവ് ഡെപ്യൂട്ടി രജിസ്ട്രാർ (മെംബർ)
4. സെക്രട്ടറി, എസ്. പി. ഡബ്ല്യു. ആർ. ഫണ്ട് (മെംബർ)
5. ശ്രീ. ആർ. ബി. ഉണ്ണിത്താൻ (സെററിലർ മെംബർ)
6. ,, എൻ. മാത്യു ,,
7. ,, ഫിലിപ്പോസ് ജോൺ ,,
8. ,, ഐ. നാരായണപിള്ള (സെക്രട്ടറി)

ഹരിപ്പാട് സൊസൈററിയുടെ ഭരണസമിതി അംഗങ്ങൾ:—

1. ശ്രീ. തോമസ് എ. ഫിലിപ്പ്
2. ,, പി. എം. മാമ്മൻ
3. ,, എം. ഒ. ചെറിയാൻ
4. ,, എം. പി. വറഗീസ്
5. ,, എം. മത്തായി
6. ,, പി. സി. ചാക്കോ
7. ,, ഏ. ആർ. വേലായുധൻ

ഈ സൊസൈററിയുടെ നടത്തിപ്പിലേയ്ക്കായി ഒരു പെയിഡ് സെക്രട്ടറിയെക്കൂടി ഗവണ്മെൻറിൽനിന്നും നിയമിച്ചിട്ടുണ്ട്.

(ജി) വിദ്യാഭ്യാസസൌജന്യം എന്ന നിലയിൽ കാളനി കുട്ടികൾക്ക് വിതരണം ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

സ്കൂൾക്കുട്ടികൾക്ക് വിതരണം ചെയ്ത തുകയുടെ കണക്ക് കിട്ടിയതു്:—

| | | രൂ. | ണ. | സ. |
|---|---|---|---|---|
| 1950–51 | — | 56,372 | 15 | 3 |
| 1951–52 | — | 39,149 | 1 | 6 |
| 1952–53 | — | 8,522 | 3 | 0 |

(എച്ച്) ടി വർഷങ്ങളിൽ കാളേജ് വിദ്യാഭ്യാസത്തിന് സഹായധനം നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ പേരുവിവരം മേശപ്പുറത്തു് വച്ചിരിക്കുന്നു.* സ്കൂൾക്കുട്ടികളുടെ പേരു വിവരം കിട്ടിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: മട്ടാഞ്ചേരി ഇൻജിനിയേഴ്സ് കമെമ്പൻഡു കോവാപ്പറേറ്റീവ് സൊസൈററി ഇപ്പോഴും പ്രവർത്തനം നടത്തുന്നുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു് ഇപ്പോഴും ഉണ്ട് എന്നാണറിവ്.

ശ്രീ. പ്രാക്കുളം ഭാസി: അതെടുത്തിരിക്കുന്ന ഗ്രാൻറുകൊണ്ട് ഇപ്പോൾ എന്തു പ്രവർത്തനം നടത്തുന്നു എന്ന് അന്വേഷിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അന്വേഷിക്കാം.

### സഹകരണ സംഘങ്ങൾ.

※ 577. [22] ശ്രീ. വി. അവിരാതരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953 മാർച്ചുമാസത്തിനുശേഷം ജൂലൈ 30 വരെ കയർ സഹകരണസംഘങ്ങൾക്കായി എത്ര രൂപ കൊടുത്തു;

(ബി) ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും എത്ര രൂപ ഈ ആവശ്യത്തിലേയ്ക്കു ലഭിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഈ കാലാവധിക്കിടയ്ക്കു് ഒന്നും കൊടുത്തിട്ടില്ല. 1953 ഡിസംബർ മുതലാണ് സഹകരണസംഘങ്ങൾക്ക് വായ്പ കൊടുക്കാൻ തുടങ്ങിയതു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

### പ്രൈവററ മാനേജുമെൻറ കാളേജുകളിലേയും സ്കൂളുകളിലേയും ഫീസ്.

※ 578. [23] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞവർഷത്തിൽ പ്രൈവററ് മാനേജുമെൻറിലുള്ള സ്കൂളുകൾ, കാളേജുകൾ തുടങ്ങിയവയിൽ ഫീസിനത്തിൽ വിദ്യാർത്ഥികളിൽ നിന്ന് എന്തു തുക പിരിച്ചിട്ടുണ്ട്;

* Please see Appendix II

(ബി) സ്വകാര്യ ഉടമകളുടെ കയ്യിലുള്ള എത്ര കാളേജുകളും സ്കൂളുകളും ഉണ്ട്;

(സി) സർക്കാർ നടത്തുന്ന സ്കൂളുകളിലും കാളേജുകളിലും നിന്ന് കഴിഞ്ഞ വർഷത്തിൽ ഫീസിനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) പ്രൈവററ്സ്കൂളുകളിൽ നിന്ന് 45,15,556 രൂപയും, പ്രൈവററ് കാളേജുകളിൽനിന്ന് (അഞ്ചെണ്ണമൊഴികെ) 22,16,861 രൂപയും പിരിച്ചിട്ടുണ്ട്. അഞ്ച് കോളേജുകളെ സംബന്ധിച്ചുള്ള വിവരം ഇനിയും ലഭിക്കാനുണ്ട്.

(ബി) സ്വകാര്യ ഉടമകളുടേതായി 27 കാളേജുകളും, 477 ഹൈസ്കൂളുകളും 592 മിഡിൽസ്കൂളുകളും, 1890 പ്രൈമറിസ്കൂളുകളും ഉണ്ട്

(സി) സർക്കാർ സ്കൂളുകളിൽ നിന്ന് 18,58,783 രൂപയും ഗവണ്മെൻറിൻേറയും യൂണിവേഴ്സിററിയുടെയും മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കാളേജുകളിൽ നിന്ന് 8,25,920 രൂപയും ഈടാക്കിയിട്ടുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഗവണ്മെൻറ് കാളേജുകളിലേക്കാൾ പ്രൈവററ് കാളേജുകളിൽ കൂടുതൽ ഫീസ് പിരിച്ചുവരുന്നതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: ചില കാളേജുകളിൽ അങ്ങനെ ഈടാക്കിവരുന്നുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: അങ്ങിനെ പിരിച്ചിട്ടുള്ള കാളേജുകളിൽ കൂടുതൽ വാങ്ങിയ തുക തിരിച്ചുകൊടുപ്പിക്കാൻ ഗവണ്മെൻറ് വേണ്ടതു ചെയ്യുമോ?

ശ്രീ. എ. താണുപിള്ള: അതിനു വേണ്ട നടപടികൾ നടത്തേണ്ടതു് യൂണിവേഴ്സിററിയാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഈ വിവരം യൂണിവേഴ്സിററിയെ അറിയിച്ച് വേണ്ടതു ചെയ്യുവാൻ ഗവണ്മെൻറ് തയ്യാറാകുമോ?

ശ്രീ. എ. താണുപിള്ള: യൂണിവേഴ്സിററിയെ അറിയിക്കാം.

ശ്രീ. സി. കെ. വിശ്വനാഥൻ: പ്രൈവററ് കാളേജുകളിലെ അദ്ധ്യാപകന്മാർക്ക് ഗവണ്മെൻറ കാളേജുകളിലെ അദ്ധ്യാപകന്മാരെക്കാൾ ശമ്പളം കുറവാണെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: അറിയാം.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇതു പരിഹരിക്കണമെന്നു ഗവണ്മെൻറിനു ആഗ്രഹമുണ്ടോ?

ശ്രീ. എ. താണുപിള്ള: ആഗ്രഹമുണ്ട്.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ സംയോജനം.

✻ 579. [24] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ സംയോജനം പൂർത്തിയായിട്ടുണ്ടോ;

(ബി) സംയോജനവ്യവസ്ഥകൾ പൂർത്തിയാകുമ്പോൾ കൊച്ചിയിലെ പ്രൈമറിസ്കൂളദ്ധ്യാപകർക്കു കിട്ടുന്ന ശമ്പളസ്കെയിൽ തിരുവിതാംകൂറിലെ പ്രൈമറിസ്കൂളദ്ധ്യാപകന്മാർക്കും കിട്ടുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ സംയോജനം പൂർത്തിയായിട്ടുണ്ട്.

(ബി) അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ സംയോജനം 1–8–1952 മുതൽ നടപ്പിലാക്കി അന്നു മുതൽ സക്കാർ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് കൊച്ചി വിഭാഗത്തു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു കിട്ടിക്കൊണ്ടിരുന്ന 30–50 രൂപ സ്കെയിൽ ഇവിടെയും ആക്കി. ആ ശമ്പളം അവർക്ക് കിട്ടുന്നുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: കൊച്ചിൻ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് എന്തു ശമ്പളം കൊടുത്തുവന്നിരുന്നു?

ശ്രീ. എ. താണുപിള്ള: മുപ്പതു മുതൽ അൻപതുവരെ രൂപയായിരുന്നു.

ശ്രീ. സി. കെ. വിശ്വനാഥൻ: ഏകീകരിച്ചപ്പോൾ നിശ്ചയിച്ചിട്ടുള്ള ശമ്പളത്തിൽ കുറവായിട്ടാണോ അവർക്ക് ലഭിക്കുന്നത്?

ശ്രീ. എ. താണുപിള്ള: അല്ല. ഇപ്പോൾ 30 മുതൽ 50 വരെ ആണ് അവരുടെ സ്കെയിൽ.

നാർവീജിയൻ പദ്ധതിപ്രകാരമുള്ള മീൻപിടിത്തം.

✻ 580. [25] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നാർവീജിയൻ പദ്ധതിപ്രകാരമുള്ള വള്ളവും വലയും ഉപയോഗിച്ച് മീൻപിടിത്തം തുടങ്ങിയോ; പ്രവർത്തനത്തിൽ ആ പദ്ധതി വിജയകരമാണെന്ന് സക്കാരിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇപ്പോൾ എത്ര വള്ളങ്ങൾ (ഈ പദ്ധതിപ്രകാരമുള്ള) മീൻപിടിത്തം നടത്തുന്നു;

(ബി) എൻജിൻ ഉപയോഗിച്ചുള്ള ഇത്തരം വള്ളങ്ങളുടെ പ്രവർത്തനഫലമായി മററ വള്ളങ്ങളുപയോഗിച്ച് മീൻപിടിത്തം നടത്തുന്നവർക്ക് മത്സ്യം കിട്ടുന്നില്ലെന്നുള്ള പരാതി സക്കാരിനു കിട്ടിയിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി എടുത്തുവെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) യന്ത്രം ഘടിപ്പിച്ചിട്ടുള്ള രണ്ടു തിരുവിതാംകൂർ–കൊച്ചി വള്ളങ്ങളും നാർവേയിൽനിന്നും കൊണ്ടുവന്നിട്ടുള്ള ഒരു മോഡേൺ ബോട്ടും

മീൻപിടിക്കുന്നതിനുവേണ്ടി പരീക്ഷണാർത്ഥം പ്രവർത്തനം നടത്തിവരുന്നു. പരീക്ഷണം പൂർത്തിയായതിനുശേഷമേ അതേപ്പററി തീർത്തുപറയുവാൻ സാധിക്കയുള്ളു.

(ബി) പരാതികൾ കിട്ടിയിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പരീക്ഷണാർത്ഥം ഇതുവരെ പ്രവർത്തനം നടത്തിയിട്ടുള്ളതിൽനിന്നും എത്രമാത്രം മത്സ്യം കിട്ടിയെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : ഫയൽ കൈവശമില്ല.

കക്കാ.

✽ 581. [26] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് കക്കാ (ലൈം ഷെൽ) യുടെ ഡിപ്പോസിററ് ഇന്നത്തെ ഉപയോഗക്രമമനുസരിച്ച് എത്ര കൊല്ലത്തേയ്ക്കു ഉണ്ടാകുമെന്നുള്ള എന്തെങ്കിലും സർവ്വേ ഗവണ്മെൻറ് നടത്തിയിട്ടുണ്ടോ ;

(ബി) കക്കായിൽനിന്നും നീററി എടുക്കുന്ന കുമ്മായം എന്തെല്ലാം വ്യവസായങ്ങൾക്ക് ഉപയോഗപ്പെടുന്നുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഗവണ്മെൻറ് സർവ്വേ ഒന്നും നടത്തിയിട്ടില്ല. എന്നാൽ സിമൻറ ഫാക്ടറി സ്ഥാപിക്കുന്നതിനുമുമ്പായി വേമ്പനാട്ടു കായലിലെ കക്കായുടെ ഡെപ്പോസിററിനെപ്പററി സർവ്വേ നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ഉണ്ട്. അതിനെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ ഇപ്പോൾ അറിവില്ല.

(ബി) സിമൻറ്, വളങ്ങൾ, പ്രാണിസംഹാരി (ഇൻസെക്ററിസൈഡ്) മുതലായവ ഉണ്ടാക്കുന്നതിനു ഉപയോഗിക്കുന്നു.

ശ്രീ. സി. ജി. സദാശിവൻ : ബെന്നററ്സ് എന്ന ഒരു സായിപ്പ് ഒരു സർവ്വേ നടത്തിയതായി ഗവണ്മെൻറിനറിയാമോ?

**Shri P. S. Nataraja Pillai :** At first Mr. Gillson, an American geologist roughly computed the extent of these deposits. Later Mr. Bennets of the Associated Cements, India conducted a detailed survey. A further survey was done by the Travancore Cements Limited. That is all the information which is available.

ശ്രീ. സി. ജി. സദാശിവൻ : ആ സർവ്വേയിൽനിന്നുള്ള അറിവു വച്ചുകൊണ്ട് എത്ര കാലത്തേയ്ക്കു ഇവിടെ കക്കാ ഉണ്ടാകുമെന്ന് പറയാൻ സാധിക്കുമോ?

**Shri P. S. Nataraja Pillai :** No report has been made. It is only a layman's opinion that has been recorded.

ശ്രീ. സി. ജി. സദാശിവൻ : എത്ര നാളത്തേക്ക് കക്കാ ഉണ്ടാകുമെന്ന് അന്വേഷിച്ചിട്ടുണ്ടോ? അതിലേയ്ക്ക് ഒരു സർവ്വേ നടത്താൻ ആലോചിക്കുമോ?

**Shri P. S. Nataraja Pillai:** Government will consider the question of conducting a survey of the deposits not only in the backwaters but in the foreshore.

**Shri T. S. Ramaswami:** May I know whether one who came here made any report.

**Shri P. S. Nataraja Pillai:** I think he made some reference.

കക്കാ.

* 582. [27] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കാ (ലൈം ഷെൽ) ഈ ഗവണ്മെന്റോ കേന്ദ്രഗവണ്മെന്റോ സ്റ്റേറ്റ് പ്രോപ്പർട്ടിയായിട്ടു ഡിക്ലയർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) സ്റ്റേറ്റ്ഗവണ്മെന്റ് അങ്ങനെ പ്രഖ്യാപിച്ചിട്ടില്ല. കേന്ദ്രഗവണ്മെന്റും അങ്ങനെ ചെയ്തതായി അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**Shri N. Raghava Kurup:** Is any royalty collected from anybody?

**Shri P. K. Kunju:** No. There is a licensee.

മണ്ണൊലിപ്പു തടയുന്നതിനുള്ള പദ്ധതി.

* 583. [28] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴമൂലമുള്ള മണ്ണൊലിപ്പിനെ തടയുന്നതിനു ഗവണ്മെന്റ് വല്ല പദ്ധതിയും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) അടുത്തകാലങ്ങളിൽ വനവൃക്ഷങ്ങൾ വെട്ടി നശിപ്പിച്ചതുമൂലം വളരെ അധികം മണ്ണൊലിച്ചുപോകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) മണ്ണൊലിപ്പു തടയുന്നതിനുവേണ്ടി തിരുവിതാംകൂർ-കൊച്ചി ലാൻഡു ഡെവലപ്പുമെന്റ് ആക്റ്റ് XXXVI of 1950 എന്ന നിയമം പാസ്സാക്കിയിട്ടുണ്ട്. ഈ ആക്റ്റ് ഊർജ്ജിതത്തിലിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനാർത്ഥം ഒരു ലാൻഡ് ഡവലപ്പുമെന്റ ബോർഡു് രൂപീകരിച്ചിട്ടുണ്ട്.

(ബി) മണ്ണൊലിപ്പു തടയാൻവേണ്ടിയുള്ള നടപടികൾ എടുക്കാതെ വനങ്ങളിൽ കൃഷിചെയ്യുന്നതുകൊണ്ട് മണ്ണൊലിപ്പു സംഭവിക്കുന്നതിന് ഇടയുണ്ടെന്നറിയാം. അതു തടയുന്നതിലേക്കാണ് മുൻപറഞ്ഞ ഏർപ്പാടുകൾ ചെയ്തിട്ടുള്ളതു്.

ശ്രീ. പി. ഗോപാലൻ: ഈ നിയമപ്രകാരം എന്തെങ്കിലും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഈ ആക്ടനുസരിച്ച് ഒരു ഡവലപ്പ്മെൻറബോർഡ് രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, ഒരു ഡെവലപ്പ്മെൻറ് ആഫീസറെയും നിയമിച്ചിട്ടുണ്ട്. അത്രയേ ചെയ്തിട്ടുള്ളു.

ശ്രീ. പി. ഗോപാലൻ: ഈ ആഫീസറെ നിയമിച്ചിട്ട് എത്ര കൊല്ലമായെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: നോട്ടീസു വേണം.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ആഫീസറുടെ പ്രവർത്തനത്തിനു വേണ്ടി മേശ, കസേര, മുതലായ സാമാനങ്ങൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ലെന്നാണു ഞാൻ പറഞ്ഞത്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: എത്രയും വേഗം ഇതിൻെറ പ്രവർത്തനം നടപ്പിലാക്കുവാൻ ഗവണ്മെൻറ ശ്രദ്ധിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആ കാര്യം ശ്രദ്ധിക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ലാൻഡ് ഡവലപ്പ്മെൻറ ബോർഡിൻെറ റിപ്പോർട്ടു വരുത്താൻ ദയവുണ്ടാകുമോ?

**Shri P. S. Nataraja Pillai**: Yes.

ശ്രീ. എം. വി. ചെറിയാൻ: പ്രൈവററടമകളുടെ വസ്തുക്കളിൽ ഉണ്ടാകുന്ന മണ്ണൊലിപ്പുകൂടി ഈ നിയമത്തിൻെറ പരിധിയിൽ ഉൾപ്പെടുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഉൾപ്പെടും.

ശ്രീ. എം. വി. ചെറിയാൻ: അങ്ങനെയാണെങ്കിൽ, ആ വസ്തുക്കളിന്മേൽ മണ്ണൊലിപ്പിനെ തടയുന്നതിനുവേണ്ടി ഉണ്ടാകുന്ന ചെലവുകൾ വഹിക്കേണ്ടത് ഗവണ്മെൻറാണോ, പ്രൈവററടമകളാണോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആരാണു ചെലവാക്കേണ്ടതെന്നുള്ളതിലേയ്ക്കു് പ്രത്യേകം വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥകൾ നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജ്: വനങ്ങൾ വെട്ടിത്തെളിച്ച ഭാഗങ്ങളിലുണ്ടാകുന്ന മണ്ണൊലിപ്പിനെ തടയുന്നതിന്, ആ സ്ഥലം അവർക്കുതന്നെ പതിച്ചു കൊടുക്കുന്നതല്ലേ ഏററവും നല്ലത്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു വലിയ ദ്രോഹമായിരിക്കും.

ഭൂനയപരിഷ്കരണം.

※ 584. [29] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനയ പരിഷ്കരണം ത്വരിതപ്പെടുത്തുന്നതിന് കാൺഗ്രസ്സ് ജനറൽ സെക്രട്ടറി മുഖ്യമന്ത്രിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ബി) പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള ഭൂപരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. താണുപിള്ള) :

(എ) ഇല്ല.

(ബി) അതനുസരിച്ചുള്ള ബില്ലുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവ നിയമസഭയിൽ അവതരിപ്പിക്കപ്പെടും.

ശ്രീ. പി. ഗോപാലൻ : ഭൂനയപരിഷ്കാരബില്ലുകളെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവണ്മെൻറിൽനിന്നും വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

ശ്രീ. ഏ. താണുപിള്ള : പ്ലാനിംഗ് കമ്മീഷൻെറ ചില നിർദ്ദേശങ്ങൾ പൊതുവെ ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ഭൂനയ പരിഷ്കാരം സംബന്ധിച്ച്, കമ്മ്യൂണിസ്ററ്പാർട്ടിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. ഏ. താണുപിള്ള : പലരോടും സംസാരിക്കുകയും, അഭിപ്രായങ്ങൾ അറിയുകയും ചെയ്തിട്ടുണ്ട്.

## കുത്തകപ്പാട്ട വ്യവസ്ഥ.

* 585. [30] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുക്കുന്ന ഭൂമി കൈമാററം ചെയ്യാൻ ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

അപൂർവ്വം ചില കേസുകളിൽ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. എ. ആൻറണി : കുത്തകപ്പാട്ടം കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം അവയുടെ കാലാവധി കണക്കപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : കാലാവധി നിശ്ചയിച്ചാണ് സാധാരണ കുത്തകപ്പാട്ടം കൊടുക്കാറുള്ളത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അപൂർവ്വം എന്ന പദത്തിൻെറ ഭാഷ്യം എന്താണെന്നു പറയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : എക്സപ്ഷനൽ കേസുകളിൽ എന്നർത്ഥം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിൻെറ അർത്ഥം തന്നെ എന്താണ് ?

**Shri P. S. Nataraja Pillai :** In certain deserving cases such transfers have been sanctioned by Government.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അത്തരം കേസുകളുടെ സ്വഭാവമെന്താണെന്നാണ് ഞാൻ ചോദിച്ചത് ?

**Shri P. S. Nataraja Pillai :** I have not taken a list of the people who have been granted such concessions.

ശ്രീ. എം. പി. ചെറിയാൻ : ഭൂമി സ്ഥിരം കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തിട്ടില്ലേ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : സ്ഥിരമായി കുത്തകപ്പാട്ടം കൊടുക്കാൻ വ്യവസ്ഥയില്ല.

ശ്രീ. എം. പി. ചെറിയാൻ : പണ്ടാരപ്പാട്ട വസ്തുക്കൾ സ്ഥിരമായിട്ട് കുത്തകപ്പാട്ടത്തിന് കൊടുക്കുന്നില്ലേ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : പണ്ടാരപ്പാട്ട വസ്തുക്കൾ അങ്ങനെ കൊടുക്കുന്നുണ്ട്.

*Collection of Ferry charges.*

※ 586. [31] **Shri M. P. Menon :** Will the Minister for Finance be pleased to state :

(*a*) whether the system of collecting ferry charges from the travelling public of the former Cochin area still continues in those areas ;

(*b*) are similar charges collected in the Travancore area ; and

(*c*) if there is any difference, will steps be taken to make the system uniform for the whole State ?

*Minister for Works and Transport* (**Shri A. Achuthan**) :

(*a*) Yes.

(b) No.

(c) This will be considered.

ശ്രീ. ടി. പി. സീതാരാമൻ : ഈ മാതിരി രണ്ടു സ്റ്റേറ്റിലും ഉള്ള ഫെറിചാർജ്ജിന്റെ വ്യത്യാസം ഏകീകരിക്കാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഫെറിചാർജ്ജിനെ സംബന്ധിച്ചിടത്തോളം രണ്ടു പ്രാവശ്യം ഇതിനു മുൻപ് ക്യാബിനററിൽ വന്നതാണ്. എന്നാൽ മുൻപു തുടർന്നുപോലെതന്നെ തുടർന്നുകൊള്ളുവാനാണ് ക്യാബിനററ് തീരുമാനിച്ചത്.

ശ്രീ. കെ. കൊച്ചുകുട്ടൻ : കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഫെറിചാർജ്ജിൽ ഉണ്ടായിട്ടുള്ള വ്യത്യാസം പരിഗണിക്കപ്പെടുമെന്ന് പറയുകയുണ്ടായി. കൊച്ചിയിൽ നിലവിലിരിക്കുന്ന ചാർജ്ജ് അബോളിഷ് ചെയ്യുകയാണോ, ഇവിടെ ഫെറിചാർജ്ജ് ഏർപ്പെടുത്തുകയാണോ ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. എ. അച്യുതൻ : ഏതിനെ വേണമെന്ന് ആലോചിക്കാം.

*Harbour Police Station.*

※ 587 [32] **Shri M. P. Menon :** Will the Chief Minister be pleased to state :

(*a*) whether any contribution is received from the Central Government towards the pay and emoluments of the

police constables and officers attached to the Harbour Police Station, Cochin ;

(b) if so, what is the contribution and in what form ; and

(c) are these benefits being fully transferred to the police staff in the Willingdon Island ?

*Chief Minister* (**Shri A. Thanu Pillai**) : (a) No. The contribution is received from the port of Cochin.

(b) 42 per cent of the cost of the harbour police in the form of bank draft.

(c) The contribution is being paid for the services rendered by the State. The police staff are engaged on their normal duties. They are paid from the Department at the existing rate. The question of benefit does not therefore arise.

ശ്രീ എം. പി. മേനോൻ: ഈ 42 ശതമാനം എന്നു പറയുന്നതു ഏതു തോതനുസരിച്ചുള്ള കണക്കാണു്?

ശ്രീ. എ. താണുപിള്ള: കൊച്ചി ഹാർബറിലെ പോലീസിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ മെയിൻറയിൻ ചെയ്യാനുള്ള ബാദ്ധ്യത ഈ സ്റ്റേറ്റിനാണു്. അതു ചെയ്യുന്നുണ്ടു്. അതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള തുണു്, ഈ 42 ശതമാനം.

ശ്രീ. എം. പി. മേനോൻ: കൊച്ചി ഹാർബറിലെ പോലീസിന്റെ നിവേദനഫലമായി അനുവദിച്ചിട്ടുള്ള സ്പെഷ്യൽ അലവൻസു് പട്ടുരൂപകൂടി ഉൾപ്പെടുത്തിയാണോ കേന്ദ്രഗവൺമെൻറിൽ നിന്നും വാങ്ങുന്നതു്?

ശ്രീ. എ. താണുപിള്ള: നോട്ടീസു വേണം.

ശ്രീ. എം. പി. മേനോൻ: സ്റ്റേറ്റിലെ പോലീസിന്റെ ശമ്പളത്തോതിനെ അടിസ്ഥാനമാക്കിയാണോ ഈ 42 ശതമാനം കേന്ദ്രത്തിൽ നിന്നും വാങ്ങുന്നതു്?

ശ്രീ. എ. താണുപിള്ള: അതെ.

അമേരിക്കൻ മിഷനറിമാർ.

*588. [33] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര കേന്ദ്രങ്ങളിൽ അമേരിക്കൻ മിഷനറിമാർ പ്രവർത്തനം നടത്തുന്നുണ്ടു്;

(ബി) അവരുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു ചെക്കു് ചെയ്യാറുണ്ടോ;

(സി) തൃശ്ശൂർ പട്ടണത്തിൽ എത്ര അമേരിക്കൻ മിഷനറിമാരുണ്ടു്;

(ഡി) അവരുടെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(ഇ) അവർക്കു് എത്ര കാലത്തേയ്ക്കാണു് വിസ അനുവദിച്ചിട്ടുള്ളതു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 31 കേന്ദ്രങ്ങളിൽ പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) സാമാന്യമായി ശ്രദ്ധിക്കുന്നുണ്ട്.

(സി) അമേരിക്കൻ മിഷനറിമാർ ഇല്ല.

(ഡി, ഇ) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: തൃശ്ശൂരിൽ യഹോവായുടെ സാക്ഷികൾ എന്നൊരു കൂട്ടർ പ്രവർത്തനം നടത്തുന്നുവെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: അവിടെ നാലു ക്യാനഡാക്കാർ മിഷനറി പ്രവർത്തനം നടത്തുന്നുണ്ട്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: അവർ ഇവിടത്തെ രാഷ്ട്രീയ സ്ഥിതിഗതികൾ നിരീക്ഷിക്കുന്ന എന്നറിയാമോ?

ശ്രീ. എ. താണുപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. എൻ. ജി. ചാക്കോ: കമ്മ്യൂണിസ്റ്റ് പാർട്ടി ഈ രാജ്യത്ത് വ്യാജമായി രാഷ്ട്രീയപ്രവർത്തനം നടത്തുന്നതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: ഇല്ലെന്നാണ തോന്നുന്നത്.

മി. സ്പീക്കർ: 34-ാമത്തെ ചോദ്യത്തിന് മുൻപ് ഉത്തരം നൽകിയിട്ടുള്ളതുകൊണ്ട് 35-ാമത്തെ ചോദ്യം ചോദിക്കാം.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സർ, ഒരു പായിൻറ ഓഫ് ആർഡർ. (സി) പിരിവിന് ഉത്തരം കിട്ടിയിട്ടില്ല.

## ഭൂമി പതിവ്.

* 589. [34] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1947 ആഗസ്റ്റ 15-ാം തീയതിക്കുശേഷം എത്രപേർക്ക രാഷ്ട്രീയയാതനയുടെ പേരിൽ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്;

(ബി) അങ്ങനെ പതിച്ചു കൊടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം എന്ത്;

(സി) നെയ്യാററിൻകര രാഘവൻെറ കുടുംബത്തിന ഗവണ്മെൻറ് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള:)

(സി) ഉണ്ട്. രാഘവൻെറ കുടുംബത്തിന് 9ഏക്കർ 54 സെൻറ സ്ഥലം കുത്തകപ്പാട്ടത്തിന് കൊടുക്കാൻ ഉത്തരവായിട്ടുണ്ട്.

ദുരിതാശ്വാസത്തിനുള്ള തുക.

✽ 590. [35] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദുരിതാശ്വാസ പ്രവൎത്തനങ്ങൾക്കായി സർക്കാരിൽനിന്നും 5 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നതായി 1953-ലെ ബഡ്ജററ പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി പ്രസ്താവിച്ചതനുസരിച്ച് ഈ തുക എവിടെ എന്തിനെല്ലാം എങ്ങനെ ചെലവാക്കി?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവച്ചിട്ടുണ്ട്†

മരച്ചീനി ഗവേഷണകേന്ദ്രം

✽ 591. [36] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു മരച്ചീനി ഗവേഷണകേന്ദ്രം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ എത്രകാലമായി പ്രവൎത്തിക്കുന്നു;

(സി) പ്രസ്തുത ഗവേഷണകേന്ദ്രത്തിൽ, കൃത്രിമമായി മരച്ചീനിക്കമ്പുകൾ ഉൽപ്പാദിപ്പിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള:)

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തും, തിരുവല്ലായിലും ഒല്ലൂർക്കരയിലും ഓരോ മരച്ചീനി ഗവേഷണകേന്ദ്രം ഉണ്ട്. തിരുവനന്തപുരത്തുള്ള ഗവേഷണകേന്ദ്രം 1944 മുതലും, മററ രണ്ടുകേന്ദ്രങ്ങളും 1952 മുതലും പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്. തിരുവനന്തപുരം ഗവേഷണകേന്ദ്രത്തിൽ കൃത്രിമമായി മരച്ചീനിക്കമ്പുകൾ ഉൽപ്പാദിപ്പിച്ച്, മററ രണ്ടു കേന്ദ്രങ്ങളിലും പരീക്ഷിക്കുന്നുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ മരച്ചീനി ഗവേഷണകേന്ദ്രങ്ങൾ എന്തൊക്കെയാണു പ്രവർത്തിക്കുന്നത്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: മരച്ചീനികേന്ദ്രങ്ങളിൽ പ്രവൎത്തിക്കുന്നതു ഗവേഷണപരമായ പ്രവർത്തനങ്ങളാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: മരച്ചീനിയുടെ ഗവേഷണമല്ലാതെ, മററു വല്ല ഗവേഷണങ്ങളും നടത്തുന്നുണ്ടോ?

**Shri P. S. Nataraja Pillai:** The production of new high breeds and their yield and other characters is a very slow process and that is done under research conditions, and it takes 7 to 10 years to produce any reliable results.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ കേന്ദ്രങ്ങളിൽ സിന്തററ ക്രൈസ് ഉൽപ്പാദിപ്പിക്കുന്നുണ്ടോ?

† Placed in the library.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇല്ല.

ശ്രീ. എം. വി. ചെറിയാൻ: മരച്ചീനിക്കു ഇടക്കാലങ്ങളിൽ ഒരു മാതിരി പ്ലേഗുരോഗം പിടിപെട്ട് പാടെ നശിച്ചുപോയതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങനെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

ശ്രീ. എം. വി. ചെറിയാൻ: മരച്ചീനിക്കു പ്ലേഗുരോഗം പിടിപ്പെടുന്നുണ്ടോ എന്നു അന്വേഷിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അന്വേഷിക്കാം.

നിയമനം.

* 592. [40] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾഫൈനൽ അസിസ്റ്റൻറു എക്സാമിനേഴ്സായി എത്ര പേരെ നിയമിച്ചു;

(ബി) അവരിൽ തമിഴരെത്ര; മലയാളികളെത്ര;

(സി) മലയാളികൾക്ക് 'തമിഴ്' പേപ്പറും, തമിഴർക്ക് 'മലയാളം' പേപ്പറും കൊടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 1211 പേർ.

(ബി) മലയാളത്തിൽ പരിജ്ഞാനമുള്ളവർ 1119, തമിഴിൽ 92 പേർ.

(സി) ഇല്ല. എന്നാൽ കഴിഞ്ഞ തവണ നിയമിച്ച പരീക്ഷകന്മാരിൽ ഒരാൾക്ക് ഉത്തരക്കടലാസു നൽകിയപ്പോൾ, ആ ഭാഷ നിശ്ചയമില്ലെന്നു പറഞ്ഞതുകൊണ്ട് അദ്ദേഹത്തിനു് അറിവുള്ള ഭാഷയിലുള്ള പേപ്പർ കൊടുക്കുകയാണുണ്ടായത്.

ശ്രീ. യു. നീലകണ്ഠൻ: അങ്ങനെയല്ല ചെയ്തിട്ടുള്ളതെന്നു് ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തിയാൽ വേണ്ട നടപടിയെടുക്കുമോ?

ശ്രീ. എ. താണുപിള്ള: ബോദ്ധ്യപ്പെടുത്തിയാൽ ആ കാര്യം ആലോചിക്കാം.

ശ്രീ. എൻ. ജി. ചാക്കോ: പരീക്ഷകന്മാരെ നിശ്ചയിക്കുന്ന കാര്യത്തിൽ പലരെ പക്ഷപാതം കാണിക്കുന്നുവെന്നു് അറിയാമോ?

ശ്രീ. എ. താണുപിള്ള: എന്നറിവില്ല. അങ്ങനെ ഉണ്ടെങ്കിൽ മേലാൽ ഉണ്ടാകാതെ ശ്രദ്ധിക്കാം.

## WRITTEN ANSWERS.

കശുഅണ്ടി വ്യവസായം.

* 593. [19] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സംസ്ഥാനത്തു് 157 കശുഅണ്ടി വ്യവസായശാലകൾ, ഗവണ്മെൻറ് ദേശവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ വ്യവസായത്തിന്റെ സുഗമമായ പുരോഗതിക്ക് വേണ്ടതു് ഉടനടി ചെയ്യുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഇല്ല.

(ബി) ഈ വ്യവസായത്തിന്റെ സുഗമമായ പുരോഗതിക്കാവശ്യമായ നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാലയവികസനപദ്ധതി.

❋ 594. [21] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തെ സാങ്കേതികവിദ്യാലയവികസനം സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കു ആകെ എത്ര രൂപ ചെലവുവരും?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) ഈ പദ്ധതി ഇപ്പോൾ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(സി) ചെലവിനെപ്പററി കൃത്യമായി അറിയുവാൻ കമ്മിററിയുടെ ശുപാർശകൾ ഗവണ്മെൻറ് കൂലങ്കഷമായി പരിശോധിച്ചതിനുശേഷമേ സാധിക്കുകയുള്ളൂ.

മൺപാത്രവ്യവസായം.

❋ 595. [45] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ മൺപാത്രവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആകെ സംഖ്യ എത്ര;

(ബി) കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ പരിധിയിൽ ഈ വ്യവസായവും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ വ്യവസായത്തിനു് ഗവണ്മെൻറ് എന്തെങ്കിലും പ്രോത്സാഹനവും സഹായവും ഇതുവരെ നൽകിയിട്ടുണ്ടോ;

(ഡി) നെടുമങ്ങാട്ടു താലൂക്കിലെ മൺപാത്രവ്യവസായികൾ സൗജന്യനിരക്കിൽ വിറകും, കളിമണ്ണും ലഭിക്കണമെന്നു കാണിച്ചു് വല്ല നിവേദനവും ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഒരു ലക്ഷത്തോളം വരും.

(ബി) ഉണ്ട്.

(സി) ഗവണ്മെൻറിൽനിന്നും ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ 40,600 രൂപ ചെലവുവരുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മൺപാത്രവ്യവസായികളുടെ പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തി അവയ്ക്കുവേണ്ട ധനസഹായവും സാങ്കേതിക ഉപദേശങ്ങളും നൽകുന്നതാണ്.

(ഡി) അങ്ങനെ ഒരു നിവേദനം ലഭിച്ചതായി കാണുന്നില്ല.

### ഗ്രോ മോർ ഫുഡ്.

* 596. [47] ശ്രീ. കെ. എം. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രോ മോർ ഫുഡ് വായ്പകൾക്ക് ഓരോ ഡിസ്ട്രിക്റ്റിൽ നിന്നും എത്ര അപേക്ഷകൾ ഉണ്ടായിരുന്നു;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും നൽകിയ വായ്പകളുടെ തുക എത്ര;

(സി) മൂവാററുപുഴ-വൈക്കം താലൂക്കുകളിൽ നിന്നും എത്ര അപേക്ഷകരുണ്ടായിരുന്നു; എത്ര പേർക്ക് വായ്പ നൽകി; എന്തു തുക?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള)

(എ)

| | | | |
|---|---|---|---|
| തിരുവനന്തപുരം ഡിസ്ട്രിക്റ്റ് | | 55 | അപേക്ഷകൾ. |
| കൊല്ലം | ,, | 114 | ,, |
| കോട്ടയം | ,, | 116 | ,, |
| തൃശ്ശൂർ | ,, | 4 | ,, |
| | ആകെ. | 289 | ,, |

(ബി)

| | | | |
|---|---|---|---|
| തിരുവനന്തപുരം ഡിസ്ട്രിക്റ്റ് | | 1,56,000 | രൂപ |
| കൊല്ലം | ,, | 2,53,700 | ,, |
| കോട്ടയം | ,, | 4,76,100 | ,, |
| തൃശ്ശൂർ | ,, | 6,300 | ,, |
| | ആകെ. | 8,92,100 | ,, |

(സി)

| | മൂവാററുപുഴ | വൈക്കം |
|---|---|---|
| അപേക്ഷകരുടെ എണ്ണം | 8 | 4 |
| വായ്പനൽകപ്പെട്ടവരുടെ എണ്ണം | 3 | 3 |
| തുക. | രൂപ 4,000 | രൂപ 1,26,000 |

### Prohibition.

* 597. [55] **Shri A. A. D. Luis**: Will the Minister for Finance be pleased to state whether it is proposed to constitute a committee to enquire into the working of prohibition in this State.

*Minister for Finance* **(Shri P. S. Nataraja Pillai)** : No.

ട്രാവൻകൂർ മേട്ടൂർ കെമിക്കൽസ് ലിമിറ്റെഡ്.

* 598. [64] ശ്രീ. കെ. പി. ഹാർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ മേട്ടൂർ കെമിക്കൽസ് ലിമിററഡിൽ തിരുവിതാംകൂർ-കൊച്ചിക്കു പുറമേനിന്നും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; അവരുടെ വിദ്യാഭ്യാസയോഗ്യതകൾ എന്തെല്ലാം? അവരുടെ ശമ്പളമെന്ത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ)-(ബി) ട്രാവൻകൂർ മേട്ടൂർ കെമിക്കൽസ് ഇപ്പോൾ പ്രവർത്തനം നടത്തുന്നില്ല. ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസിൽ തിരുവിതാംകൂർ-കൊച്ചിക്കു പുറമെ നിന്നും നാലുദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്. അവരുടെ യോഗ്യതയും ശമ്പളവും താഴെ പറയുന്ന വിധമാണ്.

1. Shri A. R. Narasimham, B. Sc. (Hons.)—General Superintendent—Salary Rs. 840 p. m.
2. Shri L. R. Krishnamurthi, B. Sc. (Eng.)—Chief Engineer—Salary Rs. 800 p. m.
3. Shri C. P. Rangarajan, B. Sc., Diploma in Book keeping (Higher), Stenography—Office Manager—Salary Rs. 300 p. m.
4. Shri P. S. Krishnamurthy, Intermediate, A. M. I. C. A. (London)—Accountant—Salary Rs. 210 p. m.

ഭൂപണയബാങ്ക്.

* 599. [66] ശ്രീ. ടി. ഓ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഭൂപണയബാങ്കിൽ നിന്നും 1952-53-ൽ എത്ര സംഖ്യ വീതം കടം കൊടുത്തിട്ടുണ്ട്;

(ബി) ഈ ബാങ്കുകളുടെ സംയോജനം നടന്നിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) തിരുവിതാംകൂർ ക്രെഡിററ് ബാങ്ക് Rs 12,97,948

കൊച്ചി ഭൂപണയബാങ്ക് ലിമിററഡ് Rs. 5,61,984

(ബി) ഇല്ല.

കശുഅണ്ടി ബോർഡ്.

* 600. [67] ശ്രീ. ടി. ഓ. ബാവാ: താഴെ പറയുന്ന ചോദ്യത്തിനു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് രൂപീകരിക്കുവാനുദ്ദേശിക്കുന്ന കശുഅണ്ടി ബോർഡിൽ തോട്ടണ്ടി കർഷകർക്ക് പ്രാതിനിദ്ധ്യം നൽകാനുദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):
കസ്റ്റഅണ്ടി കമ്മിററി രൂപീകരിക്കുന്ന അവസരത്തിൽ ഇതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

### പനമ്പുനെയ്ത്ത്.

* 601. [68] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പനമ്പുനെയ്ത്തു വ്യവസായികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നാളതുവരെ സ്വീകരിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) കുന്നത്തുനാട്-ചാലക്കുടി കമ്മ്യൂണിററി പ്രോജക്ററ് ഏരിയായിൽ കോവാപ്പറേററീവ് അടിസ്ഥാനത്തിൽ പനമ്പുനെയ്ത്തുകാരുടെ സംഘടനകൾ രൂപീകരിക്കുവാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. ഇതിനായി 60,000 രൂപ അനുവദിച്ചിട്ടുണ്ട്. നല്ലതായി കാണുന്ന കോവാപ്പറേററീവ് സംഘടനകൾക്ക പനമ്പുവ്യവസായം പ്രോത്സാഹിപ്പിക്കുവാൻ, കടംകൊടുക്കുവാൻ 24,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്. വേണ്ട സാമഗ്രികൾ കൊണ്ടുപോകുവാൻ ഒരു ലോറി വാങ്ങുന്നതിലേയ്ക്കു 33,000 രൂപയും കത്തിമുതലായ സജ്ജീകരണങ്ങൾ വാങ്ങി കൊടുക്കുന്നതിലേക്കു 3000 രൂപയും ഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുണ്ട്.

### ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പൊറേഷൻ.

* 602. [72] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പൊറേഷൻ പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) എത്രമാത്രം തുക തിരുവിതാംകൂർ-കൊച്ചിക്ക് അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തുകയുടെ വിനിമയത്തെപ്പററി എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) (ബി) (സി) ദി ട്രാവൻകൂർ-കൊച്ചിൻ ഫിനാൻഷ്യൽ കാർപ്പറേഷൻ എന്ന പേരിൽ ഒരു കാർപ്പൊറേഷൻ പ്രവർത്തനം നടത്തുന്നുണ്ട്. ഇതിൻെറ പിരിച്ചെടുത്ത മൂലധനമായ ഒരുകോടി രൂപയും വ്യവസായങ്ങൾക്ക് ധനസഹായം നൽകാൻ ഉപയോഗിക്കുന്നതാണ്. കാർപ്പൊറേഷൻെറ നിയമങ്ങൾ അനുസരിച്ചു ധനസഹായം നൽകുന്നതാണ്.

## സിറാമിക് ഫാക്ടറി.

* 603. [86] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സിറാമിക് ഫാക്ടറിയിൽ എത്ര വാഷിംഗ് പ്ലാൻറ് ഉണ്ട്. അവയിൽ എത്ര എണ്ണം പ്രവർത്തനരഹിതമാക്കിയിട്ടുണ്ട്? അതിനുള്ള കാരണമെന്ത്;

(ബി) ഫാക്ടറിയിൽ ഉണ്ടായിരുന്ന ഡ്രൈയിംഗ് ചേമ്പർ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ഇല്ലെങ്കിൽ കാരണമെന്ത്; നശിപ്പിച്ചതെന്നാണ്;

(സി) പൈപ്പ്, സാസർ, കപ്പ്, പ്ലേററ് എന്നീ മെഷീനുകളും ഇൻസുലേററർ പ്രസ്, ഹാൻഡ് പ്രസ് എന്നീ മെഷീനുകളും പ്രവർത്തനക്ഷമമാണോ;

(ഡി) ബുഷ് ഇൻസുലേററർ, എന്നൊരു സാധനം നിർമ്മിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ആരുടെ ആർഡറിൻപ്രകാരം; എത്ര എണ്ണം നിർമ്മിച്ചിട്ടുണ്ട്

(ഇ) ഒന്നിന് എന്തു വിലവച്ചു തരാമെന്നു പറഞ്ഞു; എന്തു വില ചോദിച്ചിട്ടുണ്ട്;

(എഫ്) ഇതു വിററഴിക്കാതിരുന്നതുകൊണ്ട് ഗവണ്മെൻറിനു എന്തു നഷ്ടം വന്നു;

(ജി) കമ്മിഷൻവ്യവസ്ഥ എങ്ങിനെ; ഈ വ്യവസ്ഥ ഏകീകരിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) രണ്ട്. ഒന്ന്. കൂടുതൽ ഉൽപ്പാദനം ആവശ്യമില്ലാത്തതുകൊണ്ട്.

(ബി) ഇപ്പോൾ ഡ്രൈയിംഗ് ചേമ്പർ ഉപയോഗിക്കുന്നില്ല. പ്രവർത്തനത്തിൽ ലാഭകരമല്ലെന്നു കണ്ടതുകൊണ്ട്. 1945-ൽ ഒരു ചേമ്പർ നീക്കം ചെയ്തു.

(സി) അല്ല.

(ഡി) ഉണ്ട്. M/s Crompton Parkinsons, Madras എന്ന കമ്പനിക്കാരുടെ ആർഡറിൻപ്രകാരം 120 എണ്ണം ഉണ്ടാക്കിയിട്ടുണ്ട്.

(ഇ) എന്തു വില തരാമെന്നു കൃത്യമായി പറഞ്ഞില്ല. ഒന്നിനു 20 രൂപയാണു ചോദിച്ചതു്.

(എഫ്) നഷ്ടമൊന്നും വന്നിട്ടില്ല. ഉണ്ടാക്കിയവ വിററഴിക്കുവാൻ സാധിക്കുന്നതാണ്.

(ജി) 100 രൂപയിൽ കൂടുതലും 500 രൂപയിൽ താഴെയും സംഖ്യയ്ക്കു സാധനങ്ങൾ ഒരേ സമയത്തു വാങ്ങുന്നവർക്ക് $6\frac{1}{4}$ ശതമാനം കമ്മിഷനും, 500 രൂപയിൽ കൂടുതൽ സംഖ്യയ്ക്കു സാധനങ്ങൾ ഒരേ സമയത്തു വാങ്ങുന്നവർക്കു 10 ശതമാനം കമ്മിഷനും നൽകുന്നുണ്ട്. ചില്ലറ കച്ചവടക്കാർക്കും മൊത്തക്കച്ചവടക്കാർക്കും ഒരേ നിരക്കിൽ കമ്മിഷൻ വ്യവസ്ഥചെയ്യുന്നതു് അത്ര ആശാസ്യമാണെന്നു തോന്നുന്നില്ല.

## UNSTARRED QUESTIONS. *

### Encroachments.

159. [5] **Shri A. Kunjan Nadar:** Will the Minister for Finance be pleased to state:

(*a*) whether the Government is aware of the fact that there are large scale encroachments of Government lands in the Kanipat area of Neyyattinkara Taluk and Kaliel Pakuthi of Vilavancode Taluk by North Travancoreans;

(*b*) whether it is a fact that the revenue subordinates connive at these people; and

(*c*) whether it is a fact that the local Revenue Authorities harass and take eviction proceedings against local landless people who have settled in these areas years ago at the instance of the North Travancore settlers who made recent encroachments?

*Answer.*

(*a*) There are encroachments on the Kanipat lands in the Neyyattinkara Taluk, by persons from North Travancore. There is no large scale encroachment in the Kaliel Village.

(*b*) No such instance has been brought to the notice of Government.

(*c*) No.

### Tirupuram Pakuthi Accountant.

160. [6] **Shri A. Kunjan Nadar:** Will the Minister for Finance be pleased to state:

(*a*) whether the Government have got any complaint that the Pakuthi Accountant, Tirupuram Pakuthi, cut and removed an Anjili tree belonging to a private individual on the plea that it is a poramboke tree;

(*b*) whether any auction proceedings have been taken regarding the said tree; and

(*c*) what action is taken on the petition?

*Answer.*

(*a*) Yes.

(*b*) No.

(*c*) The matter is under enquiry.

### വ്യാവസായിക പുരോഗതി.

161. [19] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റിൽ നിന്നും 1953-54 സാമ്പത്തികവർഷത്തിൽ ഈ സംസ്ഥാനത്തെ ലഘുവ്യാവസായികപുരോഗതിക്കുവേണ്ടി എന്തെങ്കിലും തുക സഹായധനമായി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ചിരുന്ന എന്തെങ്കിലും തുക ലാപ്സായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനിടയാക്കിയ സാഹചര്യമെന്ത്; തുക എത്ര ?

## Answer.

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന സംഖ്യകൾ കേന്ദ്രഗവണ്മെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| മരപ്പണി | രൂപ | 1,25,482 |
| ഇരുമ്പുപണി (താഴ്, താക്കോൽ മുതലായവ നിർമ്മിക്കാൻ) | ,, | 16,626 |
| തോൽപ്പണി | ,, | 69,770 |
| പുൽപ്പായ്നെയ്ത്ത് | ,, | 20,000 |
| കളിമൺവ്യവസായം | ,, | 11,526 |
| കളിക്കോപ്പുനിർമ്മാണം | ,, | 11,404 |
| തഴപ്പായ്നെയ്ത്ത് | ,, | 1,000 |
| ആകെ | ,, | 2,55,808 |

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നല്ല.

## UNSTARRED SHORT NOTICE QUESTION.

### Students dismissed for struggle for recognition of College Union.

1. [2] **Shri K. C. George:** Will the Chief Minister be pleased to state:

(*a*) whether Government have received any communication from the University regarding the question of the readmission of those students dismissed from various Colleges in the State consequent on their struggle for recognition of College Unions;

(*b*) if so what is it; and

(*c*) whether the Government have taken any decision on the matter?

*Answer.*

(*a*) Yes.

(*b*) The University has stated that the question of readmission of the expelled students is under the consideration of the Syndicate.

(c) It does not call for any decision by Government as the question of readmission of the students has to be decided by the University.

## ADJOURNMENT MOTION.

മി. സ്പീക്കർ : മി. ടി. ഒ. ബാവായുടെ അടിയന്തിരപ്രമേയം അതിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കാവുന്ന ഒരു കാര്യമേ ഉള്ളു. അതുകൊണ്ട് ഈ പ്രമേയത്തിന് സമ്മതം നിഷേധിച്ചിരിക്കുന്നു.

## DEMANDS FOR SUPPLEMENTARY GRANTS.

**Mr. Speaker** : The parties have not given me an agreed list as I wanted. How should we proceed then ? There is no agreed list before me. So, we will proceed in the order in the printed list already circulated.

ശ്രീ. പി. കെ. യശോധരൻ : സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ലാൻഡ് റിഫോംസിനെ സംബന്ധിച്ചുള്ള ബില്ലുകളുടെ ചർച്ചകൾ ഇന്നലെ നടക്കുമെന്നാണ് പറഞ്ഞിരുന്നത്. ആ പ്രകാരം നടന്നില്ല. ഇനി അതിനെ സംബന്ധിച്ച ചർച്ചകൾ എന്നേക്കു നടക്കുമെന്ന് അറിഞ്ഞാൽ കൊള്ളാം.

**Mr. Speaker** : The House will be informed of that in due course.

ശ്രീ. എ. അച്യുതൻ : ഇന്നലെ 26-ാമത്തെ ചോദ്യത്തിനു ഉത്തരമായി ജനറേഷൻ ഡിവിഷനിൽ ആറു സ്ഥലത്ത് ഇലക്ട്രിസിറ്റി കൊടുക്കുവാൻ വേണ്ട പ്രൊവിഷൻ ബഡ്ജറ്റിൽ ഉണ്ടെന്ന് ഞാൻ പറഞ്ഞു. എന്റെ സ്നേഹിതൻ മിസ്റ്റർ ചെറിയാൻ അത് ബഡ്ജറ്റിൽ ഇല്ലെന്നു പറയുകയുണ്ടായി. അതിനെ സംബന്ധിച്ച സ്റ്റേറ്റുമെന്റ് എന്റെ കൈവശമില്ലാതിരുന്നതുകൊണ്ട് അത് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞില്ല. അതു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട് എന്നുള്ളതിന് അദ്ദേഹത്തിന്റെ ശ്രദ്ധയെ ബഡ്ജറ്റിന്റെ 50-ം 54-ം പേജുകളിലേക്കു ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. മഞ്ജുനാഥപ്രഭു : സർ, ഇന്നലെ അപ്രോപ്രിയേഷൻ ബില്ലിനെപ്പറ്റി ഇവിടെ സംസാരിച്ചപ്പോൾ എല്ലാ പാർട്ടിക്കും സമയം കൊടുക്കുകയുണ്ടായില്ല. അതുകൊണ്ട് എല്ലാ പാർട്ടികൾക്കും ഒരുപോലെ പ്രസംഗിക്കുവാൻ സമയം അനുവദിക്കണമെന്ന് അപേക്ഷയുണ്ട്.

മി. സ്പീക്കർ : സപ്ളിമെന്ററി ഗ്രാന്റാണ് ഇപ്പോൾ ആലോചനയ്ക്കു വരുന്നത്. ചില ബഹുമാനപ്പെട്ട സ്നേഹിതന്മാർ സപ്ളിമെന്ററി ഡിമാന്റുകൾക്ക് ചില ടോക്കൺകട്ടുകൾ അയച്ചിട്ടുണ്ട്. സപ്ലിമെന്ററി ഡിമാന്റുകൾക്ക് ടോക്കൺകട്ടുകൾ അനുവദനീയമല്ലെന്ന് എല്ലാ ബഹുമാനപ്പെട്ട മെംബറന്മാർക്കും അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് അവയൊന്നും അനുവദിക്കുന്നതല്ല. സപ്ളിമെന്ററി ഡിമാന്റുകൾ എല്ലാം ഗവണ്മെന്റിന്റെ പോളിസിയെപ്പറ്റി വോട്ടുചെയ്തിട്ടുള്ള ഡിമാന്റുകളായതുകൊണ്ട്

സപ്ലിമെൻററി ഡിമാൻറിന് ഓരോ സബ് ഹെഡ്ഡിൽവരുന്ന സംഗതികളെപ്പററി മാത്രമേ സംസാരിക്കുവാൻ പാടുള്ളൂ. ഈ സപ്ലിമെൻററി ഡിമാൻഡുകൾ എല്ലാം വേഗം കഴിച്ചതിനുശേഷം വേണം പ്രധാനപ്പെട്ട ലജിസ്ലേററീവ് ബിസിനസ്സിലേയ്ക്കു പോകാൻ. അതുകൊണ്ട് സപ്ലിമെൻററി ഗ്രാൻഡുകൾ അവതരിപ്പിക്കുവാൻ മന്ത്രിയെ ക്ഷണിച്ചുകൊള്ളുന്നു.

DEMAND II —7—LAND REVENUE.

*Minister for Finance* **(Shri P. S. Nataraja Pillai)** : I move for a supplementary grant of Rs. 1,89,500 under Demand II—7—Land Revenue.

**Shri A. Achuthan** : I second it.

ശ്രീ ആർ. ശങ്കരനാരായണൻ തമ്പി : സർ, ഈ സപ്ലിമെൻററി ഡിമാൻറിനെ ഞാൻ എതിർക്കുകയാണ്. ഈ തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം ഭൂമിയിൽ ജന്മിയും കുടിയാനും തമ്മിലുള്ള സമ്പർക്കം വളരെ ഏറെ ഉണ്ടായിരുന്നു എന്നുള്ള വസ്തുത ഈ സഭാതലത്തിൽത്തന്നെ തെളിഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ആദ്യമായി ഈ രാജ്യത്ത് കുടിയാനെ സംബന്ധിച്ചിടത്തോളം അല്പമെങ്കിലും ഭൂമിയിൽ സുരക്ഷിതത്വം നൽകുന്ന ഒരു നിയമം അവതരിപ്പിച്ചു പാസ്സാക്കിയിട്ടുള്ളത് 1108-ലാണ്. അതായത് 1108-ലെ ജന്മികുടിയാൻ നിയമമാണ് ഞാൻ ഉദ്ദേശിക്കുന്നത്. അത് ജന്മിയും കുടിയാനും തമ്മിൽ ചില കാര്യങ്ങളിന്മേലുള്ള ബന്ധത്തെ നിർവഹിക്കുന്നതും കുടിയാൻ ജന്മിയ്ക്കു എന്തു ജന്മിഭോഗം കൊടുക്കണമെന്ന് തീരുമാനിക്കുന്നതും അതുപോലെ കുടിയാനെ ഒഴിപ്പിക്കാൻ പാടില്ലായെന്നു നിരോധിക്കുന്നതുമായ ഒരു നിയമമായിരുന്നു. അക്കാലത്ത് നിയമസഭയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അന്നത്തെ സ്റേററുകാൺഗ്രസ്സ് ആപ്പോസിഷൻ ലാൻഡ് റവന്യൂ ഡിമാൻറ് ലാൻഡ് റവന്യൂകമ്മീഷണർ അവതരിപ്പിച്ചപ്പോൾ......

**Shri P. S. Nataraja Pillai** : On a point of order, Sir. This is a supplementary demand. As to whether discussion on general policies is allowed I would like to have a ruling, especially in view of the fact that the Jenmi-kudiyan act is being discussed. There is nothing in the Demand before the House which relates to that Act.

**Mr. Speaker** : The hon. Member will please confine his speech to the demand for supplementary grant. സപ്ലിമെൻററി ഡിമാൻറിലെ സബ് ഹെഡ്സിനെ മാത്രം സ്പർശിച്ചു സംസാരിക്കാനേ മി. തമ്പിക്കു നിവൃത്തിയുള്ളൂ.

**Shri R. Sankaranarayanan Thampi** : It has not been defined in the Supplementary Grant to which items of expenditure the supplementary grant is demanded.

**Shri P. S. Nataraja Pillai** : I would invite the attention of the hon. Member to page 31 of the Memorandum on Demands for Grants for expenditure for 1954-55 circulated.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, എന്റെ ഓർമ്മ ശരിയാണെങ്കിൽ ഈ സപ്ലിമെന്ററി ഡിമാന്റ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത് കരക്കടിശ്ശിക പിരിക്കുന്നതിന് പുതിയതായി കുറെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതിനാണ്. നെല്ലെടുപ്പ് പദ്ധതിയും മറ്റും ഇല്ലായ്മ ചെയ്തതോടുകൂടി കുറെ ആളുകൾക്ക് ഉദ്യോഗം ഇല്ലാതെവന്നപ്പോൾ അവരെയെല്ലാം ഓരോ ഉദ്യോഗത്തിൽ നിയമിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുന്നതിനായിട്ടാണ് ഈ സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചിട്ടുള്ളത് എന്നാണ് എന്റെ ഓർമ്മ. അത് ശരിയാണെങ്കിൽ ഈ ഉദ്യോഗങ്ങൾ നിലനിറുത്തുന്നതിനെ സംബന്ധിച്ചിടത്തോളംതന്നെ വളരെ അധികം ആക്ഷേപം പറയുവാനുണ്ട്.

1122-ലാണ് ജന്മികരം നിറുത്തൽ ചെയ്തത്; അടിസ്ഥാനനികുതി കുടിയാനിൽനിന്നു പിരിക്കുവാനുള്ള ഉത്തരവുണ്ടായത്. ജന്മി കുടിയാൻ നിയമം നിയമമാകുന്ന കാലത്ത് ജന്മിഭോഗം നിശ്ചയിക്കുന്നതിന് അന്നു നിലവിലിരുന്ന എല്ലാ ജന്മിത്ത അവകാശങ്ങളും സംരക്ഷിച്ചിരിക്കുന്നു എന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നത്. ഓണക്കാഴ്ച, തിരുനാൾ കാഴ്ച, ഉത്സവക്കാഴ്ച മുതലായി നിരവധി ഭാരങ്ങൾ ജന്മഭോഗമായി കുടിയാൻ കൊടുക്കേണ്ടതുണ്ടായിരുന്നു. ഇങ്ങനെയുള്ള ജന്മിഭോഗം കൊടുക്കണമെന്ന് അന്നത്തെ കാണാധാരത്തിൽ വ്യവസ്ഥയുണ്ടായിരുന്നു. അതെല്ലാം എടുത്തുകളഞ്ഞില്ലെന്നു മാത്രമല്ല, കാണാധാരത്തിൽ ജന്മിക്ക് അവകാശപ്പെടാത്തതും അവകാശപ്പെടുവാൻ നിവൃത്തിയില്ലാത്തതും, ന്യായമായിട്ട് ചിന്തിക്കുകയാണെങ്കിൽ ഒരിക്കലും ജന്മിക്ക് അവകാശപ്പെടുവാൻ നിവൃത്തിയില്ലാത്തതും ആയ എല്ലാ ഭാരങ്ങളും കുടിയാന്റെമേൽ ചുമത്തിയിരിക്കുന്ന ഒന്നാണ് ജന്മികരം എന്നുള്ളത്. പിന്നീട് ജന്മികരം ചുമത്തിയിട്ടുള്ള കുടിയാന്റെ മേൽ അടിസ്ഥാനനികുതി ഏർപ്പെടുത്തി. അങ്ങനെ 1122 മുതൽ ഇന്നുവരെയുള്ള അടിസ്ഥാനനികുതി മുഴുവൻതന്നെ കുടിയാന്മാരിൽനിന്നു ഈടാക്കുന്നതിന് കുറെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്.

പിന്നെ കുത്തകപ്പാട്ടം എന്ന അവകാശത്തിന്മേൽ ഈ രാജ്യത്ത് കുറെ ആളുകൾ കുറെ ഭൂമി കൈവശംവച്ച് അനുഭവിക്കുന്നുണ്ട്. ഗവണ്മെന്റിന്റെ ഒരു സ്ഥിരം പാളിസി എന്ന നിലയിൽ കുത്തകപ്പാട്ടത്തിന് മേലാൽ വസ്തുക്കൾ പതിച്ചുകൊടുക്കുവാൻ പാടില്ലെന്നു തീരുമാനിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായിട്ടുണ്ട്. ഇനി മേലാൽ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കേ ഭൂമി പതിച്ചുകൊടുക്കുകയുള്ളു എന്നാണ് അദ്ദേഹം പറഞ്ഞത്. കുത്തകപ്പാട്ടത്തിന് വസ്തു കൈവശപ്പെടുത്തിയിരിക്കുന്ന ഒരാൾ വളരെ വമ്പിച്ചതോതിൽ ഭൂമി കൈവശപ്പെടുത്തി അതിൽ കൃഷിയിറക്കി അനുഭവിച്ചുവരുന്നുണ്ട്. അങ്ങനെയുള്ള ആളുകളിൽനിന്ന്, യാതൊരു നടപടിയും എടുക്കാതെ, കുത്തകപ്പാട്ടം ഈടാക്കിവരുന്നുണ്ട് എന്നുള്ളതിന് നിരവധി ഉദാഹരണങ്ങൾ ഉണ്ട്. അനവധി കുടികിടപ്പുകാർ വസ്തു കൈവശം വച്ച് കൃഷിയിറക്കിയിട്ടുള്ള പല സ്ഥലങ്ങളും വമ്പിച്ചതോതിൽ ഭൂമി കൈവശപ്പെടുത്തിയിട്ടുള്ള ആളുകൾക്ക് കുത്തകപ്പാട്ടത്തിന പതിച്ചുകൊടുത്തിട്ടുണ്ട്. ഉദാഹരണമായി നായർസർവീസ് സൊസൈറ്റിക്ക് കുത്തകപ്പാട്ടത്തിന

കൊടുത്ത സ്ഥലത്ത് അനവധി കുടികിടപ്പുകാരുണ്ടായിരുന്നു. ആ കുടികിടപ്പുകാർക്ക് അതുവരെയുണ്ടായിരുന്ന എല്ലാ സൗകര്യങ്ങളും നഷ്ടപ്പെട്ടിട്ട് അവർ ഇപ്പോൾ വേറെ ദിക്കിലേയ്ക്ക് മാറിയിരിക്കുകയാണ്. അതുപോലെതന്നെ കൊട്ടാരക്കരയിൽ കുറെ സ്ഥലം ഒരാൾക്ക് ഗവണ്മെന്റ് കുത്തകപ്പാട്ടം കൊടുത്തു. ആ സ്ഥലത്ത് കർഷകത്തൊഴിലാളികളും അദ്ധ്വാനിക്കുന്ന കർഷകരുമാണ് ഉള്ളത്. ഒരേക്കർ, ഒന്നരഏക്കർ മുതൽ അഞ്ച് ഏക്കർ വരെ ഭൂമി കൈവശംവച്ച് അദ്ധ്വാനിക്കുന്ന കർഷകത്തൊഴിലാളികളാണ് അവിടെയുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സപ്ലിമെൻററി ഡിമാൻറിനെപ്പററി എല്ലാവർക്കും സംസാരിക്കുന്നതിന് സൗകര്യം കിട്ടുന്നതിനുവേണ്ടി ഓരോരുത്തർക്കും കുറേശ്ശ സമയം അനുവദിച്ചാൽ കൊള്ളാമെന്ന് അപേക്ഷയുണ്ട്.

**Mr. Speaker**; Hon. Members are requested to speak only for 10 minutes on the supplementary demands.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: കുത്തകപ്പാട്ടത്തിനു ചെറിയ തോതിൽ വസ്തു കൈവശപ്പെടുത്തിയിട്ടുള്ള ആളുകളിൽനിന്നു വളരെക്കാലത്തെ കരക്കുടിശ്ശിക ഈടാക്കുവാനുണ്ടായിരുന്നു, ആ കുടിശ്ശികകളെല്ലാം ഒന്നിച്ച് ഈടാക്കുവാൻ ഈ സോഷ്യലിസ്ററ് മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം നടപടികൾ എടുത്തിട്ടുണ്ട്. ഈ സ്ഥലങ്ങളിലെ വൃക്ഷങ്ങളെല്ലാം കണ്ടെഴുതുന്നതിന് കുറെ ഉദ്യോഗസ്ഥന്മാരെ വച്ചിട്ടുണ്ട്. ആ സ്ഥലത്തു താമസക്കാർ പ്ലാവോ, മാവോ വച്ചിട്ടുണ്ടെങ്കിൽ അതു കുത്തകപ്പാട്ടം അനുഭവിക്കുന്ന ആളുകളുടെ വകയായിട്ടാണ് നിശ്ചയിക്കുന്നത്. നേരെ മറിച്ച് അവർ നിസ്സാരമായി എന്തെങ്കിലും കൃഷി ചെയ്തിട്ടുണ്ടെങ്കിൽ അവർ അനുഗൃഹീതരാണ്. പ്ലാവോ, മാവോ വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിൽ അവർ വൃക്ഷക്കരം കൊടുക്കണം. മൂന്നു കൊല്ലം പ്രായമുള്ള ഒരു പ്ലാവിന് വൃക്ഷക്കരം ചുമത്തി 12 കൊല്ലത്തെ കരക്കുടിശ്ശിക കണക്കാക്കുകയാണ് കണ്ടെഴുത്തു ഉദ്യോഗസ്ഥന്മാർ ചെയ്യുന്നത്. ഈ ഉദ്യോഗസ്ഥന്മാർ ആദ്യംതന്നെ കുറെ കടലാസും കക്ഷത്തിൽവച്ചുകൊണ്ട് കുത്തകപ്പാട്ടക്കാരുടെ കാര്യവും അന്വേഷിച്ച് അങ്ങോട്ടും ഇങ്ങോട്ടും നടക്കും. അതു കഴിഞ്ഞു കുത്തകപ്പാട്ടക്കാരൻ അവരെ സമീപിക്കുമ്പോൾ വല്ലതും തരാമെങ്കിൽ നിങ്ങളുടെ കാര്യം ശരിയാക്കാമെന്നു പറയും. അങ്ങനെ തക്കതായ സംഖ്യ കൊടുക്കാമെന്നു ഏൽക്കുന്ന കുത്തകപ്പാട്ടക്കാർക്ക് എത്ര പ്രായമായ വൃക്ഷങ്ങളുണ്ടായാലും ആ വൃക്ഷങ്ങളെല്ലാം പ്രായമാകാത്ത വൃക്ഷങ്ങളായി എഴുതുകയും സംഖ്യ യാതൊന്നും കൊടുക്കാത്ത ആളുകൾക്ക് വൃക്ഷങ്ങൾ ഉള്ളതെല്ലാം പ്രായമായ വൃക്ഷങ്ങളാക്കി എഴുതുകയുമാണ് ചെയ്തു വരുന്നത്. എന്നു തന്നെയല്ല ഒന്നും കൊടുക്കാത്തവർക്കു പത്തു പന്ത്രണ്ടു കൊല്ലത്തെ കുടിശ്ശിക എഴുതുകയും ചെയ്യും. ഇങ്ങനെയുള്ള കുടിശ്ശികകളെല്ലാം ഒന്നായിട്ടു പിരിക്കാനാണ് ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. ഇങ്ങനെ നോക്കുമ്പോൾ ഒരു മുക്കാൽ ഏക്കർ കൈവശമുള്ള ഒരു കർഷകൻ 200, 300 രൂപ കരക്കുടിശ്ശിക കൊടുത്തു തീർക്കേണ്ടതായി വരുന്നതാണ്. ഈ സംഖ്യകളെല്ലാം ഒന്നായി ഒരാഴ്ചയ്ക്കു മുൻപു കൊടുത്തു തീർക്കണമെന്നു ഗവണ്മെന്റ് ആർഡറായിട്ടുണ്ട്. ഈ തുക ഈടാക്കാൻ വേണ്ടിയാണ് ഇങ്ങനെയുള്ള വിപുലമായ നടപടികൾ എടുക്കുന്നത്.

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

കർഷകരെ സംരക്ഷിക്കാനാണ് ഇതൊക്കെ എടുക്കുന്നത് എന്നാണ് പറയുന്നത്. പക്ഷെ കളിപ്പിച്ചു കളിപ്പിച്ച് കണ്ടതിലെന്നുള്ള മട്ടിൽ ആക്കിത്തീർക്കരുതെന്നേ എനിക്കു പറയുവാനുള്ളു. ഇപ്പോൾ അവന്നുറ് ഏഴന്നൂറുരൂപ ഒരാളുടേകം കൊടുത്തുകൊള്ളണം എന്ന് നിർബ്ബന്ധിച്ചുകൊണ്ടിരിക്കയാണ്. അതു ഈടാക്കാനുള്ള സത്വരനടപടികൾ എടുത്തുകൊണ്ടിരിക്കയാണ്. സർ, താൽക്കാലികമായി സ്റ്റേ കൊടുത്തു എന്നു പറഞ്ഞതുകൊണ്ട് പരിഹാരമാകയില്ല. ഇതിനെപ്പററി ചോദിച്ചപ്പോൾ മുഖ്യമന്ത്രിയും മററുള്ളവരും താൽക്കാലികമായി സ്റ്റേ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു് ഒഴിഞ്ഞുമാറുകയാണ ചെയ്യുന്നത്. അതുകൊണ്ടു കാര്യമായില്ല. കർഷകന് യഥാർത്ഥമായി കൃഷിചെയ്യുവാൻ പ്രേരണ കൊടുക്കുന്നതായുള്ള നടപടികളായിരിക്കണം എടുക്കേണ്ടതു്. കൂടാതെ, കുടിശ്ശിക ഈടാക്കാൻ ചില ഉദ്യോഗസ്ഥന്മാരെ നിയമിക്കയും അവർ റവന്യു റെക്കവറി ആക്ററിൻപ്രകാരം ഈ കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ നടത്തുകയും ചെയ്താൽ കുറെയൊക്കെ പരിഹാരം നേടാവുന്നതാണ്. ഇതു ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ സത്വരശ്രദ്ധയും അടിയന്തിരമായ നടപടികൾക്കുംവേണ്ടി പറയുന്നതാണ്. അല്ലാതെ പ്രചരണത്തിനുവേണ്ടിയല്ല.

അതുപോലെതന്നെ അകവൂർമനവകയായി പെരുങ്ങാലായിൽ ദേശത്തിനകത്തു്, അവിടെ എഴുകൊല്ലത്തേയ്ക്ക് ബേസിക് ടാക്സ് ചുമത്തി അതു ഈടാക്കുവാനുള്ള നടപടി നടത്തിത്തുടങ്ങിയപ്പോൾ കഴിഞ്ഞുപോയ കാൺഗ്രസ്മന്ത്രിസഭ ഒരു സ്റ്റേ പാസ്സാക്കി. ആ സ്റ്റേ റദ്ദ്ചെയ്തു വീണ്ടും നടപടി നടത്തുവാൻ ഇപ്പോഴത്തെ മന്ത്രിസഭ ആലോചിക്കുന്നു എന്നു കേൾക്കുന്നു. ഈ മാതിരി കാര്യങ്ങളിൽ ഗവണ്മെൻറ് കർശനമായ നടപടികൾ എടുത്താൽ ജനങ്ങൾക്ക് തെററിദ്ധാരണ വരാൻ ഇടയുണ്ട്.

ശ്രീ. ഇടിക്കുള ഇടിക്കുള: ആ തെററിദ്ധാരണ നീക്കാൻവേണ്ടി സംസാരിക്കയാണോ?

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഞാൻ പറയുന്നതു് ഇത്തരം നടപടികളാൽ ജനങ്ങൾക്ക് യഥാർത്ഥമായി ഉപദ്രവം ഉണ്ടാകാതെകൂടി സൂക്ഷിക്കണമെന്നാണ്. തെററിദ്ധാരണയെപ്പററി പറഞ്ഞതു്......

**Mr. Speaker:** You may conclude.

**Shri. R. Sankaranarayanan Tampi:** Sir, the hon. Minister is not attending to what I was saying. Naturally I was prompted to stop for a while,

അതുകൊണ്ടു് തുടങ്ങിയിരിക്കുന്ന നടപടികൾ ഉടനെ നിറുത്തണം.

ശ്രീ. എ. താണുപിള്ള: അകവൂർ മനവക പ്രദേശങ്ങളിൽനിന്നും ബേസിക് ടാക്സ് ഈടാക്കുന്ന നടപടി നിറുത്തണമെന്നാണോ പറയുന്നതു്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഇപ്പോൾ എഴുകൊല്ലത്തെ ബേസിക് ടാക്സ് ആണ് ഈടാക്കി വരുന്നതു്.

I can show why the tenant should not be burdened with basic tax. I shall narrate the history of that. But I am afraid I may not get time.

അതുകൊണ്ടു് ഞാൻ പറയുന്നതു് ഏഴുകൊല്ലത്തെ പാട്ടബാക്കി കൊടുക്കണമെന്നുള്ള നടപടി കർഷകരുടെ മേൽ നടത്തരുതെന്നും അതു ജന്മിയുടെ കയ്യിൽനിന്നും ഈടാക്കാനുള്ള നടപടിയാണു് എടുക്കേണ്ടതെന്നുമാണു്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ ഡിമാന്റിനെ എതിർക്കുന്നു.

ശ്രീ. എ. എ. റഹിം: സർ, ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റിലെ കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി സിവിൽസപ്ലൈ ഡിപ്പാർട്ടുമെന്റിൽ നിന്നു് പിരിച്ചുവിടുന്ന ആളുകളെ നിയമിക്കുന്നതിലേക്കായിട്ടാണു ലക്ഷത്തിൽപരം രൂപ സപ്ലിമെന്ററി ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുള്ളതു്. ഇതെല്ലാം കാണുമ്പോൾ പി. എസ്സ്. പി. ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുന്ന ഒരു വ്യവസായംതന്നെ ആരംഭിച്ചിരിക്കയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പി. എസ്സ്. പി. കഴിഞ്ഞ ഏതാനും മാസക്കാലം ഈ ഭരണത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥന്മാരുടെ ഗ്രേഡ്കയററങ്ങളും പുതിയ ഉദ്യോഗനിയമനങ്ങളും നടന്നിട്ടുണ്ടു്. സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും തൽക്കാലം ജോലിയില്ലാതായ ആളുകളെ കരക്കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെന്റിലേക്കു് എടുക്കാനാണു് ഇതുകൊണ്ടു ഉദ്ദേശിക്കുന്നതു്. കരം എത്ര കുടിശ്ശികയുണ്ടെന്നോ, അതു എത്രകൊല്ലംകൊണ്ടു് പിരിച്ചെടുക്കുവാൻ കഴിയുമെന്നോ, എത്രകാലം ഇവരെ ഡിപ്പാർട്ടുമെന്റിൽവച്ചു് സൂക്ഷിക്കേണ്ടിവരുമെന്നോ, ഒന്നും വ്യക്തമല്ല. മററു ഡിപ്പാർട്ടുമെന്റിലേക്കു ഇവരെ അബ്സാർബു് ചെയ്യുന്ന കാലംവരെ ഇവർ ഈ ഡിപ്പാർട്ടുമെന്റിൽ തുടരുവാനാണു് ഉദ്ദേശിക്കുന്നതു എന്നുവേണം മനസ്സിലാക്കാൻ. ഇതിൽനിന്നും വ്യക്തമാകുന്നതു് കുടിശ്ശിക പിരിവു് എത്രകാലം നീട്ടിക്കൊണ്ടുപോകുവാൻ സാധിക്കുമോ അത്രയുംകാലം അവർക്കു സുഗമമായി ഈ ഡിപ്പാർട്ടുമെന്റിൽ കഴിഞ്ഞുകൂടുവാൻ സാധിക്കും എന്നുള്ള ഒരു സൂചനകൂടി ലഭിക്കുന്നുവെന്നുള്ളതാണു്. ഇതു് വളരെ വിചിത്രമായ ഒരു കാര്യമാണു്.

ശ്രീ. ഇടിക്കുള ഇടിക്കുള: ഇപ്പോൾ സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ ജോലിഇല്ലാതെ ഇരിക്കുന്നവരെ പിരിച്ചയക്കണമെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു്.

ശ്രീ. എ. എ. റഹിം: അവരെ പഴയ ലാവണത്തിലേക്കു മടക്കി അയക്കണം.

ശ്രീ. ഇടിക്കുള ഇടിക്കുള: പഴയ ലാവണം ഇപ്പോൾ ഇല്ലെന്നു അറിയാമോ?

ശ്രീ. എ. എ. റഹിം: പഴയ ലാവണം ഇല്ലെങ്കിൽ, പുതിയ നിയമനങ്ങൾ ഉണ്ടാകുമ്പോൾ അവരെത്തന്നെ നിയമിക്കുവാൻ ഏർപ്പാടു് ചെയ്യണം. ജോലിയില്ലാതെ അവരെ സർവീസിൽവച്ചുകൊണ്ടു് അവർക്കു ശമ്പളം കൊടുത്തുകൊണ്ടിരിക്കണമെന്നുള്ള നയം ഗവണ്മെന്റ് തുടരണമോ എന്നതിൽ എനിക്കു സംശയമുണ്ടു്. ഗവണ്മെന്റിന്റെ ധനസ്ഥിതി തൃപ്തികരമല്ലാതിരിക്കുമ്പോൾ, ഇവിടെ ആസൂത്രണം ചെയ്തിരി

[ശ്രീ. എ. എ. റഹിം]

ക്കുന്ന പദ്ധതികൾക്ക് പണം ഇല്ലെന്ന് പരാതി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, സംയോജനം കാരണം ഓരോ ആഫീസുകളിലും വേണ്ടതിലധികം ഉദ്യോഗസ്ഥന്മാർ ഉണ്ടാകുകയും അവരെ പിരിച്ചുവിടാൻ സാധിക്കാതിരിക്കുകയും ചെയ്യുമ്പോൾ, ഈ വിധത്തിൽ നികത്തൽ ചെയ്യുന്ന ഡിപ്പാർട്ടുമെൻറിലെ ആളുകളെ വീണ്ടും ജോലി കൊടുത്തു പുലർത്തുവാനാണു ഗവർമെൻറ് ആഗ്രഹിക്കുന്നതെങ്കിൽ ആ നടപടി സ്വീകാര്യമല്ലെന്നാണ് എൻെറ അഭിപ്രായം. സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്ന ആളുകളെ പിന്നെ എങ്ങോട്ടയയ്ക്കുണമെന്ന് ചോദ്യം ഉണ്ടാകാം. അന്യഡിപ്പാർട്ടുമെൻറിൽനിന്നും എടുത്ത ആളുകളാണ് അവരിൽ അധികവും. അവരെയൊക്കെ അവരുടെ പേരൻറ ഡിപ്പാർട്ടുമെൻറിലേക്കു അയയ്ക്കുകയോ അല്ലാത്ത പക്ഷം ഇനി ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം നടത്തുമ്പോൾ ഇവർക്കു പ്രാധാന്യം നൽകി ഇവരെ നിയമിക്കുകയോ ചെയ്യാമെന്നാണ് എൻെറ അഭിപ്രായം. ഒന്നരലക്ഷം രൂപ ചിലവാക്കി ഇവരെ കുടിശ്ശിക പിരിക്കുവാനായി നിയോഗിക്കുന്നപക്ഷം പിരിക്കുന്ന തുക മുഴുവനും ഇവർക്കു ശമ്പളമായി കൊടുക്കേണ്ട ഒരു പരിതഃസ്ഥിതിയായിരിക്കും വന്നുചേരുന്നത്.

ഇപ്പോൾ അനധികൃതമായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽനിന്ന് ഭൂമി കൈവശപ്പെടുത്തുവാൻ ഒരു പ്രത്യേക ഏജൻസിയും അതിനുവേണ്ടി ചില പുതിയ നിയമനങ്ങളും ഗവർമെൻറ് ആഗ്രഹിക്കുന്നതായി കാണുന്നു. വനഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നതിനെപ്പററി പല പരാതികളും ഉണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അതു സംബന്ധിച്ചുള്ള കൊള്ളരുതായ്മകളും ക്രമക്കേടുകളുമെല്ലാം പരിഹരിക്കുവാൻ വേണ്ടിയാണ് ഇവരെ നിയമിക്കുന്നതെങ്കിൽ അതുകൂടാതെതന്നെ കഴിക്കാമായിരുന്നു. ഇപ്പോൾ ജൂഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിൽ വേർതിരിക്കാൻ പോകുന്നുവെന്നു പറയുന്നുണ്ട്. ഇവ തമ്മിൽ വേർതിരിഞ്ഞാൽ ഡിസ്ട്രിക്ട് കലക്ടറന്മാർക്കു ഉണ്ടായിരിക്കുന്ന മജിസ്ട്രേട്ടധികാരം ഇല്ലാതാകുന്നതാണ്. അതുപോലെ മററു പല ജോലികളും ഇന്നിരിക്കുന്ന റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് കുറയുന്നതാണ്. ആ നിലയ്ക്കു ഇവർക്കുതന്നെ ആവശ്യാനുസരണം സമയം ലഭിക്കുമെന്നുള്ളപ്പോൾ കുടിശ്ശികകൾ കഴിയുംവേഗം പിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും അന്യായമായ ഭൂമി കൈവശപ്പെടുത്തലുകളെകുറിച്ചന്വേഷിക്കുകയും ചെയ്യുന്നതിനുള്ള സാഹചര്യം ലഭിക്കയില്ലയോ എന്നു ഞാൻ ചോദിക്കുന്നു. അനാവശ്യമായ ഈ നിയമനങ്ങളും ഗവർമെൻറിൻെറ പുതിയ ഉദ്യോഗസൃഷ്ടികളും എല്ലാംതന്നെ ഗവർമെൻറിൻെറ ഭാവിപ്രവർത്തനത്തിനു വളരെയേറെ വിഘാതമായി തീരുകയില്ലയോ എന്നു ഞാൻ സംശയിക്കുന്നു.

ശ്രീ. എ. താണുപിള്ള: ഈ ക്രമക്കേടുകൾ വന്നതുതന്നെ സാധാരണഗതിയിൽ റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് നടത്താവുന്നതിൽ കവിഞ്ഞ നിലയിൽ കൂടുതൽ ഭൂമി ഒരുമിച്ചു കൃഷിക്കു കൊടുത്തതുകൊണ്ടാണെന്നും അതുകൊണ്ട് ശരിയായ നിലയിൽ അതു പരിശോധിക്കുന്നതിനും സൂക്ഷിക്കുന്നതിനും ഉദ്യോഗസ്ഥന്മാർക്കു സമയം കിട്ടാത്തതുകൊണ്ടാണെന്നും അറിയാമോ?

ശ്രീ. എ. എ. റെഹിം: ക്രമക്കേടുകൾ വന്നതിനു വളരെ ഏറെ കാരണങ്ങൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. പല ആളുകളും വസ്തുക്കൾ അവരുടെ വേലക്കാരുടെയും മററും പേരുകളിൽ പതിച്ചുവാങ്ങി കൈമാററം ചെയ്തതായി അറിയാം. ദേവികുളം പീരുമേട് മുതലായ സ്ഥലങ്ങളിൽ കുത്തകപ്പാട്ടത്തിന്റെ പേരിൽ വളരെ ഏറെ വസ്തുക്കൾ വാങ്ങി വീണ്ടും അതു കൈമാററം ചെയ്ത് വളരെ രൂപ പലരും സമ്പാദിച്ചിട്ടുണ്ടെന്നറിയാം. അവിടെ താമസിക്കുവാൻ ആഗ്രഹിക്കുന്നവരും അഞ്ചേക്കറിൽ കുറവായി ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നവരുമായി, യഥാർത്ഥത്തിൽ ഭൂമിയില്ലാത്തവരായ ആരെങ്കിലും ഉണ്ടെങ്കിൽ അവരെ ഇറക്കിവിടാതിരിക്കണം എന്നുംകൂടി അഭിപ്രായപ്പെടുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഭൂമി ഉള്ളവർ ഭൂമിയില്ലാത്ത ആളുകളുടെ പേരിൽ ഭൂമി പതിപ്പിച്ചുവാങ്ങുന്നു എന്നു മാത്രമല്ല ഭൂമിഉള്ളവർ പതിച്ചുവാങ്ങുന്ന ഭൂമികൾ ഭൂമിയില്ലാത്ത സാധുക്കളുടെ കൈയിൽനിന്നും രൂപ വാങ്ങിക്കൊണ്ട് അവർ ഭൂമി കൈമാററം ചെയ്തുകൊടുക്കുന്നുമുണ്ട്. അങ്ങനെ വാങ്ങി കൃഷിചെയ്യുന്ന സാധുക്കളെ അവിടെനിന്നും ഇറക്കിവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതു ഭംഗിയായിരിക്കുകയില്ല. ഈ ഇനം ഭൂമികൾ അഞ്ചേക്കറിൽ കൂടുതൽ ആരു് കൈവശം വച്ചുകൊണ്ടിരിക്കുന്നുവോ അവരിൽ നിന്നും മടക്കി എടുക്കുന്നതിൽ തെററില്ല. ഇങ്ങനെ പലതും പറഞ്ഞു്, കുടിശ്ശികയുടെയും, ക്രമക്കേടുകളുടെയും പേരിൽ താങ്ങാനാവാത്ത ചെലവുഭാരം വലിച്ചുവച്ചാൽ അതു് എങ്ങനെയെങ്കിലും നിർവ്വഹിച്ചുകൊള്ളാമെന്നു് ഇന്നത്തെ ഗവണ്മെന്റ ഇപ്പോൾ വിചാരിക്കുന്നുണ്ടെങ്കിലും അഡ്മിനിസ്ട്രേഷൻ ചെലവുകൾ ക്രമാതീതമായി വർദ്ധിപ്പിക്കുന്നതു് ശരിയായിരിക്കുകയില്ലെന്നും ഏതു ഗവണ്മെന്റിനും ഇതു് ഒരു ഭാരമായിത്തീരുകയും ഇത്തരം ചെലവുകൾ വെട്ടിക്കുറയ്ക്കുവാൻ വളരെ പ്രയാസം നേരിടുകയും ചെയ്യുമെന്നും ഓർക്കേണ്ടതാണ്. കേവലം പത്തുപതിനെട്ടുംഗങ്ങൾ മാത്രമുള്ള ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റ്, ആവശ്യമില്ലാത്ത ഉദ്യോഗങ്ങൾ ഇപ്പോൾ സൃഷ്ടിച്ചുവച്ചാൽ അതിനുശേഷംവരാവുന്ന മറെറാരു ഗവണ്മെന്റിനു് എളുപ്പത്തിൽ പരിഹാരമുണ്ടാക്കാൻ നിവൃത്തിയില്ലാത്ത വിധത്തിൽ കുഴപ്പങ്ങൾ സൃഷ്ടിച്ചുവയ്ക്കുകയായിരിക്കും ചെയ്യുന്നതു്. അതുകൊണ്ട് എനിക്കു് ഈ ഗവണ്മെന്റിനോടു പറയുവാനുള്ളതു് വരുന്ന ഗവണ്മെന്റുകൾക്കു് ഭരിക്കുവാൻ സാദ്ധ്യമല്ലാത്തവിധം നിങ്ങൾ കുഴപ്പം ഉണ്ടാക്കിവയ്ക്കരുതേ എന്നാണ്. സർ സി. പി. രാമസ്വാമി അയ്യരുടെ കിരാതഭരണത്തിനു ശേഷം തുടന്ന് ശ്രീ. പട്ടം താണുപിള്ള പ്രധാനമന്ത്രിയായി ഭരിച്ചിരുന്നകാലത്തു്, അന്ന് സി. പി. വരുത്തിവച്ച പണക്കുഴപ്പങ്ങൾ പരിഹരിക്കുവാൻ ഖജനാവിൽ സൂക്ഷിച്ചുവച്ചിരുന്ന 40 ലക്ഷം രൂപയുടെ വെള്ളി വിൽക്കേണ്ടതായി വന്നു എന്നുള്ള കാര്യം നാം ഓർക്കേണ്ടതാണ്. അതു പോലെതന്നെ ശ്രീ. എ. ജെ. ജാൺ ഫിനാൻസു മന്ത്രിയായിരുന്നകാലത്തു് ആ ആഴ്ചയ്ക്കുള്ള അരി വാങ്ങാൻ കൊട്ടാരത്തിൽനിന്നും മുപ്പതുലക്ഷം രൂപ കടം വാങ്ങുകയും ചെയ്തു എന്നും കേട്ടിട്ടുണ്ട്. അങ്ങനെയുള്ള ഒരു അവസ്ഥയിലേക്കാണ് നാം ഇപ്പോൾ പോകുന്നതു് എന്നു് ഭയപ്പെടേണ്ടിയിരിക്കുന്നു. ഈ അവസ്ഥയിൽനിന്നും തരണംചെയ്യുവാനുള്ള പോംവഴികളാണ് നാം ഇപ്പോൾ ആരായേണ്ടതു്. ഇനി വില്ക്കുവാൻ വെള്ളിയോ കടംവാങ്ങാൻ സൗകര്യമോ ഇല്ല. ഈ ഘട്ടത്തിൽ അനാവശ്യമായ പണച്ചെലവുചെയ്യാതിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കേണ്ടിയി

[ശ്രീ. എ. എ. റെഹിം]

രിക്കുന്നു. ഇതെല്ലാം ചെയ്യുന്നതു് ചീപ്പ് പോപ്പുലാരിററി കിട്ടുവേണ്ടിയാണെന്നു് ഒരാരോപണം ഉണ്ടു്. അതിൽ കുറച്ചു് പരമാർത്ഥം ഇല്ലേ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷെ പി. എസ്സ്. പി. ക്കു് നല്ല പേർ ലഭിക്കുവാനായിട്ടാണു് ഇതെല്ലാം ചെയ്യുന്നതെങ്കിൽ മററു കാര്യങ്ങളിൽക്കൂടി ഈ മനോഭാവം അവർ പ്രകടിപ്പിക്കേണ്ടതായിരുന്നു. അവർ നിയമിക്കുന്ന കമ്മിററികളിൽ എല്ലാംതന്നെ പി. എസ്സ്. പി. ക്കാരെ എടുത്തുകൊള്ളണം. അതിൽ ഞങ്ങൾക്കു പരാതിയില്ല. പക്ഷെ ജനക്ഷേമത്തെയാണു് പി. എസ്സ്. പി. കരുതുന്നതെങ്കിൽ പൊതുമുതൽ അനാവശ്യമായി ദുർവിനിയോഗം ചെയ്യാതെ സൂക്ഷിക്കണം. ഞാൻ പറഞ്ഞ ഈവിധകാര്യങ്ങളിൽ ഈ ഗവണ്മെൻറിൻെറ ശ്രദ്ധ പ്രത്യേകം പതിയേണ്ടതുണ്ടെന്നാണു് എൻെറ അഭിപ്രായം.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണു്. എതിർക്കുന്നതിൻെറ ഒരു കാരണം ഇതു് സപ്ലിമെൻററി ഡിമാൻറായി കൊണ്ടുവരാവുന്നതാണോ എന്നു് ഞാൻ സംശയിക്കുന്നതുകൊണ്ടാണു്. സാധാരണ ബഡ്ജററു തയ്യാറാക്കുന്ന അവസരത്തിൽ പ്രതീക്ഷിക്കുന്ന ചെലവല്ലാതെ ആ ബഡ്ജററുവർഷത്തിൽ മററു ചെലവുകളുണ്ടായാൽ അതിനെ സംബന്ധിച്ചു ഒരു സപ്ലിമെൻററി ഡിമാൻറു് അവതരിപ്പിക്കുകയെന്നുള്ളതാണു് നടപടിക്രമം. എന്നാൽ ഇന്നു് അവതരിപ്പിച്ചിരിക്കുന്ന സപ്ലിമെൻററി ഡിമാൻറിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ചെലവുകൾ ബഡ്ജററുണ്ടാക്കുന്ന അവസരത്തിൽത്തന്നെ ആവശ്യമായിരുന്ന ചെലവിനങ്ങളാണു്. ആ നിലയിൽ ബഡ്ജററു അവതരിപ്പിച്ചപ്പോൾത്തന്നെ ഇതിൽ ഉൾപ്പെടുത്താത്തതു് ശരിയായില്ല. അങ്ങനെ കൊണ്ടുവരാതെ, ബഡ്ജററു പാസ്സാക്കി അപ്രോപ്രിയേഷൻബില്ലും പാസ്സാക്കികഴിഞ്ഞു് അടുത്തദിവസംതന്നെ സപ്ലിമെൻററി ഡിമാൻറു കൊണ്ടുവരികയെന്നുള്ളതു തെററായ നടപടിക്രമമാണു്. രണ്ടുകാര്യങ്ങൾക്കുവേണ്ടിയാണു് ഈ സപ്ലിമെൻററി ഡിമാൻറു കൊണ്ടുവന്നിരിക്കുന്നതു്. ഒന്നു് ലാൻറു് റവന്യു ഡിപ്പാർട്ടുമെൻറിലെ കുടിശ്ശിക പിരിക്കുന്നതിനു് സ്റ്റാഫിനെ നിയമിക്കുക, രണ്ടാമതു് കണ്ടുകെട്ടിയിരിക്കുന്ന വസ്തുക്കൾ അളവു നിർണ്ണയിക്കുന്നതിനുവേണ്ടി ഒരു സ്റ്റാഫിനെ നിയമിക്കുക; ഈ രണ്ടു കാര്യങ്ങളും റവന്യു ഡിപ്പാർട്ടുമെൻറിൻെറ സാധാരണ ജോലിയിൽപ്പെട്ടതാണു്.

**Shri P. S. Nataraja Pillai:** May I ask a question, whether this procedure was not the one that was adopted in the House when the hon. Member was in the Treasury Bench?

**Shri Kalathil Velayudhan Nair:** Yes, Sir, I took a lesson from my friend who objected to it at that time.

യഥാർത്ഥത്തിൽ അതു് അദ്ദേഹം വളരെ ഗൗരവമായി ചോദിച്ച ചോദ്യമല്ല. മാത്രമല്ല ഒരു തെററിനെ ആസ്പദമാക്കി വേറൊരു തെററു് ചെയ്യാമെന്നാണു് ബഹുമാനപ്പെട്ട മി. നടരാജപിള്ള വിചാരിക്കുന്നതെങ്കിൽ അതു തെററാണു്.

**Shri P. S. Nataraja Pillai:** May I know whether the precedents in a House of Legislature are binding or not?

**Shri Kalathil Velayudhan Nair**: They are not. A wrong precedent is never binding.

**Shri A. Thanu Pillai**: On what basis does he say that it is a wrong precedent?

**Shri Kalathil Velayudhan Nair**: According to precedents supplementary demands should be brought into a House only for expenditure which could not be anticipated at the time when the Budget is presented. That is a well-known rule of procedure.

ഏതായാലും ഞാൻ രണ്ടു കാര്യങ്ങളെപ്പററിയാണു ഇവിടെ പറയുവാൻ പോകുന്നതു്. കുടിശ്ശിക വരുന്നുണ്ടെന്നുള്ള കാര്യം ഞാനും സമ്മതിക്കുന്നു. അതുപോലെതന്നെ പുറമ്പോക്കിൽ ആളുകൾകയറി കൃഷി ചെയ്യുകയും മററും ചെയ്യുന്നുണ്ടു്. ഇതു രണ്ടും റവന്യൂഡിപ്പാർട്ടുമെൻറ് നോക്കേണ്ട കാര്യമാണു്. അതിനു് കൂടുതൽ സ്ററാഫിനെ നിയമിക്കേണ്ട ആവശ്യമില്ല. ഈ കുഴപ്പങ്ങൾക്കെല്ലാം ഒരു കാരണം റവന്യൂ ബോർഡിൻെറ സൃഷ്ടിയാണെന്നാണു് എനിക്കു തോന്നുന്നതു്. റവന്യൂ ബോർഡ് എന്നൊരു സൃഷ്ടി ഈ അടുത്ത കാലത്തുണ്ടായതാണു്. മുമ്പലത്തെ തിരുവിതാംകൂർ സംസ്ഥാനത്തും കൊച്ചി സംസ്ഥാനത്തും ഇങ്ങനെയൊരു ബോർഡുണ്ടായിരുന്നില്ല. എന്നാൽ ഇവിടെ ഒരു റവന്യൂബോർഡു് സൃഷ്ടിക്കുന്നതിനുള്ള സാഹചര്യമുണ്ടായി.

**ശ്രീ. കെ. കൃഷ്ണപിള്ള**: ഈ അഭിപ്രായം ഇപ്പോഴുണ്ടായതാണോ അതോ ബോർഡു രൂപീകരിച്ചപ്പോൾതന്നെ ഉണ്ടായതാണോ?

**ശ്രീ. കളത്തിൽ വേലായുധൻ നായർ**: ബോർഡു് രൂപീകരിച്ചപ്പോൾ ഇതിനെക്കുറിച്ചു സംശയമുണ്ടായി. പക്ഷെ, ഇപ്പോൾ ആ സംശയം സ്ഥിരീകരിക്കപ്പെട്ടു. റവന്യൂബോർഡിൻെറ പ്രവർത്തനം എന്താണെന്നു ബഹുമാന്യസ്നേഹിതൻ മി. കൃഷ്ണപിള്ള ധരിച്ചിരുന്നുവെങ്കിൽ ഇതു് ചോദിക്കുകയില്ലായിരുന്നു. രണ്ടോ മൂന്നോ ഉദ്യോഗസ്ഥന്മാരുടെ കീഴിൽ കുറെ ഡിപ്പാർട്ടുമെൻറുകൾ പ്രവർത്തനം നടത്തുകയാണു്. എക്സൈസു് കമ്മീഷണർ, റവന്യൂ കമ്മീഷണർ ഇവർ ചെയ്തുകൊണ്ടിരുന്ന ജോലിയെക്കാൾ കൂടുതലായി ഈ റവന്യൂബോർഡു് എന്തു ജോലിയാണു ചെയ്യുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ റവന്യൂബോർഡിൻെറ പ്രവർത്തനം പരിശോധിക്കാൻ ഗവണ്മെൻറ് തയ്യാറാകുമെങ്കിൽ ഈ ബോർഡിൽ എക്സൈസ ഡിപ്പാർട്ടുമെൻറിൻെറയും റവന്യൂഡിപ്പാർട്ടുമെൻറിൻെറയും ജോലി പുരോഗമിക്കുന്നതിനുപകരം തടസ്സപ്പെടുകയാണു ചെയ്യുന്നതെന്നുകാണാൻ സാധിക്കുന്നതാണു്. പുറംപോക്കിനെ സംബന്ധിച്ചിടത്തോളം കൂടുതൽ സ്റ്റാഫോ ഒരു സർവ്വെ പാർട്ടിയോ നിയമിച്ചതുകൊണ്ടു് കുഴപ്പംതീരാൻ പോകുന്നില്ല. എല്ലാ പുറമ്പോക്കു പ്രദേശങ്ങളിലും ആളുകൾ പ്രവേശിക്കുന്നതു് സാധാരണയായിത്തീർന്നിട്ടുണ്ടു്. ആററിൻെറ വക്കത്തായാലും കുളവക്കത്തായാലും പൊന്നുംവിലയ്ക്കെടുത്തു വച്ചിട്ടുള്ള സ്ഥലത്തായാലും തരംകിട്ടുമ്പോൾ പുറമ്പോക്കുകളിൽ പ്രവേശിച്ചു സ്വന്തമാക്കിക്കഴിയുന്ന ഏർപ്പാടു് സാധാരണയാണു്. വീടില്ലാത്തവരായിരിക്കാം ഒരുപക്ഷെ ഇങ്ങനെ പ്രവേശിക്കുന്നതു്. പക്ഷെ, അവരെ സംബന്ധിച്ചിടത്തോളം ഭവനനിർമ്മാണപദ്ധതിയും മററും അനുസരിച്ചു സൗജന്യങ്ങൾ ചെയ്യാമെന്നല്ലാതെ ഇതു് അനുവദിച്ചുകൂടാ. റവന്യൂഡിപ്പാർട്ടുമെൻറ് അവരുടെ ചുമതല എന്താണെന്നു അറിയാത്തതു

[ശ്രീ. കളത്തിൽ വേലായുധൻനായർ]

കൊണ്ടാണ് ഇങ്ങനെ വരുന്നത്. റവന്യൂഡിപ്പാർട്ടുമെന്റിലെ തഹശീൽദാർ മുതലായ ഉദ്യോഗസ്ഥന്മാൎക്ക് അവരവരുടെ അധികാരാതിൎത്തിയിലുള്ള പുറംപോക്കുകളെ സംബന്ധിച്ചിടത്തോളം അനധികൃതമായ പ്രവേശനത്തെ തടയണമെന്ന് ചട്ടമുണ്ട്. പക്ഷെ, ഇന്നത്തെ സ്ഥിതിയാണെങ്കിൽ താലൂക്കുകച്ചേരിയിലെ മുൻവശത്തുള്ള പുറമ്പോക്കുസ്ഥലത്ത് ആളുകൾ പ്രവേശിച്ചാൽപ്പോലും തഹശീൽദാൎക്ക് അറിയാൻ സാധിക്കാതെയാണിരിക്കുന്നത്. ഇന്ന സ്ഥലത്ത് ഒരു റോഡ് പുറമ്പോക്കുസ്ഥലമുണ്ട് എന്നും മററും P. W. ഡിപ്പാൎട്ടുമെന്റിൽനിന്നു എഴുതിഅയച്ചാൽപ്പോലും അതിനു യാതൊരു നടപടിയും എടുത്തുകാണാറില്ല. ആ രീതിയിലാണ് റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഇന്നത്തെ നില. ഏതായാലും ഇങ്ങനെയുള്ള അനധികൃതമായ പ്രവേശനത്തിനെ തടയേണ്ടതാണ്. പക്ഷെ, ബഹുമാനപ്പെട്ട മി. ശങ്കരനാരായണൻ തമ്പിയെപ്പോലുള്ളവർ പറയും അവർ വീടുവച്ച് വാഴയും മററുമെല്ലാം കൃഷിചെയ്തിരിക്കുകയാണ്, അതുകൊണ്ട് അവരെ ഉപദ്രവിക്കുന്നതു കഷ്ടമാണെന്ന്. ഭൂമിയിൽ ദേഹണ്ഡം ചെയ്തതിനുശേഷം അവരെ അവിടെനിന്നും പുറത്തിറക്കിവിടുന്നത് തെററാണെന്നു എനിക്കറിയാം. അനധികൃതമായി പ്രവേശിക്കുമ്പോൾതന്നെ പ്രവേശനം തടഞ്ഞാൽ ഈ അപകടം കൂടാതെ കഴിക്കാം. പക്ഷെ, ഈ കാൎയ്യത്തിനു ഒരു സൎവ്വെപാൎട്ടിയെ നിയമിച്ചു പുറംപോക്കിനെ ശരിയാക്കുകയെന്നുള്ളത് ശരിയല്ല. ഇതിനെ സംബന്ധിച്ചിടത്തോളം വളരെ ഊൎജ്ജിതമായ നടപടികൾ എടുക്കുവാൻ അധികൃതന്മാൎക്ക് നിൎദ്ദേശങ്ങൾ നൽകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ടി. പി. സീതാരാമൻ: സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിലെ പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാരെ റവന്യൂ ഡിപ്പാർട്ടുമെന്റിൽ കുടിശ്ശിക പിരിക്കുവാൻ ആളുകളെ നിയമിക്കുമ്പോൾ, ഉൾക്കൊള്ളിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പക്ഷെ എനിക്കു തോന്നുന്നത് ഈ കാൎയ്യത്തിനു പബ്ലിക്ക് സൎവ്വീസ് കമ്മീഷനു വേണ്ട നിൎദ്ദേശം നൽകണമെന്നാണ്. വരുന്ന ഒന്നുരണ്ടു കൊല്ലത്തേയ്ക്കെങ്കിലും പുതിയതായി ആളുകളെ റിക്രൂട്ടുചെയ്യാതെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽനിന്നു പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാരെ മററു ഡിപ്പാർട്ടുമെന്റുകളിൽ നിയമിക്കുവാൻ വേണ്ട നിൎദ്ദേശം നല്കേണ്ടതാണ്. എട്ടും പത്തും കൊല്ലങ്ങൾ യൗവ്വനകാലത്ത് ഗവണ്മെന്റിന്റെ കീഴിൽ കഴിച്ചുകൂട്ടിയതിനുശേഷം പിന്നീടു അവരെ പിരിച്ചുവിടുന്നത് കഷ്ടമാണ്. ഇപ്പോൾ പെരിങ്ങൽകുത്തിൽ വൎക്ക്എസ്റ്റാബ്ലിഷ്മെന്റുകാരിൽ 80 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. അതുപോലെതന്നെ ഇൻഡസ്ട്രിയൽ സ്കൂൾമാസ്റ്റേഴ്സ് കുറേപേരെ പിരിച്ചുവിട്ടിട്ടുള്ളതായി അറിയുന്നു. ഇപ്പോൾ എക്സൈസ് ഡിപ്പാൎട്ടുമെന്റിൽനിന്നും കുറേപ്പേരെ പിരിച്ചുവിട്ടിട്ടുണ്ട്. പുറമെ ഓരോ വകുപ്പിലും കൺഫർമേഷൻ കഴിയാത്ത പലരും thrown out ആയും പലരും കണ്ടിജൻസി ജീവനക്കാരായും ഉണ്ട്. ഇവരെയൊക്കെ മററു ഡിപ്പാർട്ടുമെന്റുകളിൽ സ്ഥിരമായി നിയമിക്കുന്നതുവരെ പബ്ലിക്ക്സൎവ്വീസ് കമ്മീഷൻ പുതിയ റിക്രൂട്ടുമെന്റ് ചെയ്യരുതെന്ന നിൎദ്ദേശം നല്കേണ്ടതാണ്. ഫോറസ്റ്റ്ഡിപ്പാർട്ടുമെന്റ്, ഇഞ്ചിനീയറിംഗ് ഡിപ്പാൎട്ടുമെന്റ് മുതലായി ടെക്നിക്കലായി ആളുകളെ ആവശ്യമുള്ള സ്ഥലങ്ങളിൽ ഒഴിച്ചു

ബാക്കി സ്ഥലങ്ങളിൽ ഇവരെത്തന്നെ നിയമിക്കുവാൻ വ്യക്തമായി നിർദ്ദേശം നൽകേണ്ടതാണ്.

അടുത്തതായി എനിക്കു പറയുവാനുള്ളതു് എവിക്ട് ചെയ്യിക്കുന്നതിനെ സംബന്ധിച്ചുള്ള റൂളുകളിൽ ചില ഭേദഗതികൾ ചെയ്യണം. ദേവികുളം, പീരുമേട് മുതലായ പ്രദേശങ്ങളിൽനിന്നും ആളുകളെ എവിക്ട് ചെയ്യിക്കുമ്പോൾ അവർക്ക് സമനിരപ്പിലുള്ള ഭൂമികൾ കോളനൈസേഷൻ സ്കീം അനുസരിച്ചു Co-operative basis-ൽ കൊടുക്കുവാൻ വേണ്ട നടപടികൾ എടുക്കണം. ഭൂമിയില്ലാത്ത ആളുകൾക്ക് കുടിയിടവയ്ക്കുവാൻ അഞ്ചു സെൻറുവീതം ചോദിക്കുവാനുള്ള പരമാധികാരമുണ്ട്, അതു് അവരുടെ ജന്മാവകാശമാണ്. എൻെറ നിയോജകമണ്ഡലത്തിൽ പാലപ്പിള്ളി റബ്ബർതോട്ടത്തിനു ചുററും ഉദ്ദേശം 20,000 ഏക്കർ സമനിരപ്പായ വനഭൂമികളുണ്ട്. വരന്തരപ്പിള്ളി, മുപ്ലിയം, ആമ്പല്ലൂർ, കല്ലൂർ, എന്നീ വില്ലേജുകളിലെ ഭവനരഹിതരായിരിക്കുന്നവരെ ഒരു പദ്ധതി അനുസരിച്ചു് ഇവിടെ താമസിപ്പിക്കുവാനും, പാലപ്പിള്ളി തോട്ടം തൊഴിലാളികൾക്ക് തോട്ടംജോലി ചെയ്യാത്ത സമയം അവർക്ക് കൃഷി ചെയ്തു തോട്ടക്കൂലികൊണ്ട് പോരാതെ വരുന്ന ചെലവു നികത്തുവാനും ഈ സ്ഥലം ഉപയോഗിക്കേണ്ടതാണ്. ശാസ്ത്രപരമായി ഈ സംസ്ഥാനത്തിന് ആവശ്യമായ വനഭൂമികൾ ഒരു സർവെ നടത്തി ഉടനെ തിട്ടപ്പെടുത്തി, ബാക്കി ഭൂമി ഒരു പ്ലാൻ അനുസരിച്ചു് വീടില്ലാത്തവർക്കും ജോലി ഇല്ലാത്ത കൃഷിയിൽ വാസന ഉള്ളവർക്കും പതിച്ചുകൊടുക്കുന്നതായാൽ നമ്മെ ഇന്നു് അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നു കൊണ്ട് എൻെറ ചെറുപ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. മഞ്ജുനാഥപ്പിള്ള : ഈ ഡിമാൻറിൽ പറയുന്നതു് ഇതാണ്.

"It is proposed to provide for the staff retrenched from the Civil Supplies Department on account of the abolition of food procurement in the Land Revenue Department to clear up arrears, till they are absorbed elsewhere. Additional funds to the extent of Rs. 54,900 are necessary to meet their pay. Out of the above staff, 36 Village Officers on Rs. 25-40 and 72 Village Assistants on Rs. 25-30 are to be posted for collection of arrears of Revenue due to Government under the Revenue Recovery Act".

റവന്യൂറിക്കവറി ആക്ടിൻപ്രകാരം കുടിശ്ശിക പിരിക്കുന്നതിനും മററും ചില നിയമങ്ങളുണ്ട്. എന്നാൽ അവയെപ്പററി എന്തെങ്കിലും തർക്കം കൊടുക്കുന്നതിനു നിവൃത്തിയില്ലാത്ത രീതിയിലാണ് ഇരിക്കുന്നതു്. എനിക്ക് അതിനെക്കുറിച്ചു പറയാനില്ലെങ്കിലും ഈ കരം പിരിക്കുന്നതിന് സ്വല്പം സാവകാശം ആളുകൾക്കു കൊടുക്കണമെന്നു പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ ഇൻകംടാക്സ്, സെയിൽസ്ടാക്സ്, വെഹിക്കിൾ ടാക്സ് ഇങ്ങനെ ഒണ്ടുമൂന്നു ഇനങ്ങളിലായിട്ടാണ് ഗവണ്മെൻറിന് കുടിശ്ശിക വരുന്നതു്. വെഹിക്കിൾ ടാക്സിനെ സംബന്ധിച്ചാണെങ്കിൽ ഇപ്പോൾ പെട്രോളിൻെറ ചാർജ്ജിനുപോലും തികയാത്ത രീതിയിലാണ് കാറുടമസ്ഥന്മാർക്ക് കൂലി കിട്ടുന്നതു്. അങ്ങനെയിരിക്കുമ്പോൾ പഴയ കുടിശ്ശികയെല്ലാം ഉടൻ കൊടുക്കണമെന്നു പറഞ്ഞാൽ അവർ വളരെ വിഷമിക്കും. അതുപോലെതന്നെ സാധനങ്ങളുടെ വിലക്കുറവുനിമിത്തം കച്ചു

[ശ്രീ. മഞ്ജുനാഥപ്രഭു]

വടക്കാരുടെയും നില അല്പം പരുങ്ങലിലായിട്ടുണ്ട്. അബ്കാരി കൺട്രാക്ററർമാരുടെ കാര്യവും ഇതുപോലെതന്നെയാണ്. 1952-ലും 53-ലും കിസ്ററ് രണ്ടായിരത്തിനും മൂവായിരത്തിനും വന്നതുകൊണ്ട് ഇപ്പോഴും അധികം കുടിശ്ശിക വന്നിരിക്കയാണ്. ഇപ്പോൾ കള്ളിന്റെ വില കുറവുള്ളതുകൊണ്ട് പെട്ടെന്ന് കരം കൊടുക്കുവാൻ നിവൃത്തിയില്ലാത്ത രീതിയിലായിരിക്കുന്നത്. അതിനാൽ അവർക്ക് കുറെ സാവകാശം കൊടുക്കുന്ന കാര്യംകൂടി ആലോചിക്കണമെന്നാണ് എനിക്കു ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളത്. മുൻപ് മാർത്താണ്ഡവർമ്മയുടെ കാലത്ത് രാമയ്യൻദളവാ കരം പിരിക്കാൻ ചെന്ന സമയത്ത് ചേർത്തല താലൂക്കിലും മററും കരം പിരിക്കുന്നത് കുടികളെ നശിപ്പിക്കാത്ത രീതിയിലായിരിക്കണമെന്ന് പറഞ്ഞിട്ടുള്ളതായി റിക്കാർഡുകളുണ്ട്. അതുപോലെ കുടികൾക്ക് ഉപദ്രവം ഉണ്ടാകാത്ത രീതിയിൽ കരം പിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: സർ, ഞാൻ ഈ സപ്ലിമെൻററി ഡിമാൻറിനെ എതിർക്കുന്നു. ഞാൻ എതിർക്കുന്നത് പുതിയ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ച് ഒരു വിഭാഗം ആളുകളെ തീററിപ്പോററുന്നതു സംബന്ധിച്ചു രണ്ടുമൂന്നു വാക്കു പറയാനാണ്. കഴിഞ്ഞ കാലത്ത് റവന്യൂ ഡിപ്പാർട്ടുമെൻറിലുള്ള നിയമനങ്ങളെല്ലാംതന്നെ ഇങ്ങനെയായിരുന്നു. ഈ രാജ്യത്തെ കേസുകളിൽ 60 ശതമാനവും റവന്യൂഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ സൃഷ്ടിക്കുന്നതാണ്. സിവിലായാലും ക്രിമിനലായാലും കരക്കുടിശ്ശികയെന്നും പുറംപോക്കാക്രമണമെന്നും മററുമുള്ള പേരിൽ അധികം കേസുകളും ഈ ഡിപ്പാർട്ടുമെൻറിലുള്ളതാണ്. മററു ഡിപ്പാർട്ടുമെൻറിലെ മേലദ്ധ്യക്ഷന്മാർക്ക് അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെ സ്ഥലംമാററാനുള്ള അധികാരം മാത്രമേയുള്ളു. ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്ക് ആളുകളുടെ വീടു മാററുന്നതിനും, വേണ്ടിവന്നാൽ പറമ്പുകൾതന്നെയും മാററുന്നതിനും മററുമുള്ള കഴിവുകൾ ഉണ്ട്. ഈ അധികാരം ആരു കൊടുത്തുവെന്നറിഞ്ഞുകൂടാ. കഴിഞ്ഞ കാൺഗ്രസ്സ് മന്ത്രിസഭയുടെ കാലത്ത് വലിയ അഴിമതികൾ ഈ രാജ്യത്ത് തൊഴിലാളികളോടും പ്രത്യേകിച്ചു കർഷകതൊഴിലാളികളോടും അവർ കാണിച്ചിരുന്നതാണ്. അതിൽനിന്നും അല്പംപോലും വ്യത്യാസമില്ലാത്ത നിലയിലാണ് ഇപ്പോഴത്തെ ഗവണ്മെൻറും തുടർന്നുപോകുന്നത്. ഇതു പറയുമ്പോൾ പ്രത്യേകമായി ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുന്നു. കൽക്കുളം—വിളവങ്കോടുമതലായ താലൂക്കുകളിൽ കഴിഞ്ഞ കാലത്തു ഊടുകൂർ സെററിൽമെൻറുപൂർത്തീകരണത്തിന് 26 കണ്ടിജൻസിക്കാരെ നിയമിച്ചു. അതിൽ ഗവണ്മെൻറിൻെറ പണം ചെലവാക്കി പഠിച്ചിട്ടുള്ള ഒരൊററ പട്ടികജാതിക്കാരെപ്പോലും നിയമിച്ചില്ല. പട്ടികജാതിക്കാരും ഇതിനു അപേക്ഷിച്ചിരുന്നു. അതിലൊരൊററ ആളെപ്പോലും ഇതിൽ നിയമിച്ചിട്ടില്ലെന്നുള്ള കാര്യം ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

അതുപോലെതന്നെ തിരുവനന്തപുരം—ചെങ്കോട്ട റെയിൽവേലയിൻ റീസർവ്വെ നടത്തുന്നതിനുവേണ്ടി 27 സർവ്വെയറന്മാരെ കണ്ടിജൻസിയായി നിയമിച്ചിട്ടുണ്ട്. അതിലും ഒരു പട്ടികജാതിക്കാരനേയും എടു

ത്തിട്ടില്ല. സവെസ്കൂളിൽ പഠിച്ച് പരീക്ഷ പാസ്സായിട്ടുള്ള അനവധി ആളുകൾ ഉണ്ടായിരുന്നിട്ടും ഈ അടുത്ത കാലത്ത് രണ്ടോ മൂന്നോപേരെ വില്ലേജ്ആഫീസറന്മാരായി നിയമിച്ചിട്ടുള്ളതായേ അറിയാൻ കഴിയുന്നുള്ളു. ഇങ്ങനെയെല്ലാം ചെയ്യുന്നത് സാധുക്കൾ താമസിക്കുന്ന സ്ഥലങ്ങളിൽനിന്നും അവരെ മാററി പണം വാങ്ങിക്കൊണ്ട് മററുള്ളവക്ക് കൊടുക്കാൻ ഉദ്യോഗസ്ഥന്മാക്ക് സൗകര്യം ഉണ്ടായിരിക്കുന്നതിനുവേണ്ടിയാണ്. ഈ അടുത്ത കാലത്തു നടന്ന ചില സംഭവങ്ങൾ ഇവിടെ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. കഴിഞ്ഞ നിയമസഭയിൽ ഞാൻ ഉന്നയിച്ചിട്ടുള്ള ഒരു കാര്യമാണ് ഞാനിപ്പോഴും പറയാൻ പോകുന്നത്. മൂവാററുപുഴയിൽ ഒരു സാധു കർഷകതൊഴിലാളി ഏതാണ്ട് 32 വഷമായി സക്കാർഭൂമിയിൽ പ്രവേശിച്ച് തെങ്ങ്, പ്ലാവ് മുതലായ വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ച് അവിടെ കുടികെട്ടി താമസിച്ചിരുന്നു. ഈ മാസം 24-ാനു- അവിടത്തെ പുതുവൽ പതിച്ചുകൊടുക്കുന്ന സ്പെഷ്യൽക്ലാക്ക് മി. ചാക്കോ വേറൊരാളിൽനിന്നും കൈക്കൂലി വാങ്ങി പുതുതായി ലേലംചെയ്തു കൊടുത്ത് ആ സാധു കുടുംബത്തെ ഇറക്കിവിട്ടു എന്ന വാത്ത ഖേദകരമാണ്. ഈ വിവരം ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയെ ഞാൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള നൂറനൂറ കാര്യങ്ങൾ ഈ രാജ്യത്തു ഇന്നും നടന്നുകൊണ്ടിരിക്കയാണ്. അടുത്ത കാലത്തു ചാത്തന്നൂർ മീനാട്ടുപകുതിയിൽ കുടികെട്ടി താമസിച്ചിരുന്ന രണ്ടു കുടുംബങ്ങളെ ഒരു മഴദിവസം കുടി പൊളിച്ച് അവരെ റോഡിൽ ഇറക്കിയിട്ടുണ്ട്. ഇതുകൊണ്ടും അവരുടെ അരിശം തീരാഞ്ഞിട്ട് പരവൂർ പോലീസ്സ്റ്റേഷനിൽ കേസുകൊടുത്ത് അവിടെ പിടിച്ചുകൊണ്ടുപോയി ഈ സാധുക്കളെ മർദ്ദിച്ചുകൊണ്ടിരിക്കയാണ്. മൂന്നു മടൽ ഓല വച്ചുകെട്ടി അതിന്റെ കീഴിൽ ഒതുങ്ങി കിടക്കാൻപോലും അനുവദിക്കാത്ത ഒരു ഡിപ്പാർട്ടുമെൻറാണ് ഈ റവന്യൂഡിപ്പാർട്ടുമെൻറ്. ഈ ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന അഴിമതി നിറുത്താൻ ശ്രമിച്ചില്ലെങ്കിൽ സാധുക്കൾക്ക് ഈ രാജ്യത്തു കഴിഞ്ഞുകൂടുന്നതിനുതന്നെ സാദ്ധ്യമല്ലാതെ വരും. ഈ രാജ്യത്തു ഉൽപ്പാദനം വദ്ധിപ്പിച്ച് നമ്മുടെ ശരീരത്തിനു രക്തവും മാംസവും നൽകുന്ന കഷകതൊഴിലാളികളുടെ മേൽ റവന്യൂഉദ്യോഗസ്ഥന്മാർ കാണിക്കുന്ന അക്രമങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാക്കാൻ ഈ പി. എസ്സ്. പി. ഗവണ്മെൻറ് തയ്യാറാകുന്നില്ലെങ്കിൽ ഞങ്ങൾക്ക് ഇവിടെ ജീവിക്കാൻ സാദ്ധ്യമല്ലാതെ വരുന്നതാണ്. മുകുന്ദപുരം താലൂക്കിൽ താമസിച്ചിരുന്ന 500-ഓളം കുടിലുകൾ പൊളിച്ച് അവിടെനിന്നും ആളുകളെ ഇറക്കി. അതുപോലെതന്നെ പോളശേരിയിലും പോലീസ് ഉദ്യോഗസ്ഥന്മാരും റവന്യൂഉദ്യോഗസ്ഥന്മാരും കൂടിച്ചേർന്ന് കുടിയിറക്കു നടത്തിയിട്ടുണ്ട്. ഇവിടെ കൃഷിസ്ഥലങ്ങളെല്ലാം യഥാത്ഥ കൃഷിക്കാക്ക് പതിച്ചുകൊടുക്കണമെന്നെല്ലാം പറയുന്നുണ്ട്. ഞങ്ങൾ പത്തും പതിനഞ്ചും ഏക്കർവീതം ചോദിക്കുന്നില്ല. ഞങ്ങൾക്ക് കുടിൽകെട്ടി താമസിച്ച് ജീവിക്കുന്നതിനു ഒന്നോ രണ്ടോ ഏക്കർ സ്ഥലം മതിയാകും. ഞങ്ങൾ സ്ഥലം ആവശ്യപ്പെടുന്നതു ജീവിക്കാനാണ്, സമ്പാദിക്കാനല്ല. അങ്ങിനെ ജീവിക്കാൻവേണ്ടി എവിടെയെങ്കിലും കുടികയറി താമസിക്കുമെങ്കിൽ അതിന്റെ നേരെയാണ് നമ്മുടെ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ കോപാഗ്നി വമിക്കുന്നത്. ഈ ഉപദ്രവത്തിൽനിന്നും ഞങ്ങളെ മോചിപ്പിക്കണമെന്നാണ് എനിക്കു ബഹുമാനപ്പെട്ട ഗവണ്മെൻറി

[ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി]

നോടു് അഭ്യർത്ഥിക്കാനുള്ളതു്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട കൊട്ടിയം എന്ന സ്ഥലത്തു ഏതാണ്ടു് 50 ഏക്കറോളം സ്ഥലം ഒരു കുഞ്ഞുരാമൻ വൈദ്യനു മരുന്നു കൃഷി ചെയ്യുന്നതിനു കുത്തകപ്പാട്ടമായി കൊടുത്തിട്ടുണ്ടു്. ഒരു തൈററിപോലും അവിടെ നട്ടുപിടിപ്പിച്ചിട്ടില്ല. ഒരു പറങ്കിമാംതോട്ടമായിട്ടാണു് അതു കിടക്കുന്നതു്. അതിൽ കുറെ സ്ഥലം മറുപാട്ടം കൊടുത്തു ലാഭം എടുക്കുകയാണു് വൈദ്യൻ ചെയ്തിട്ടുള്ളതു്. അതുപോലെതന്നെ കൊട്ടാരക്കരയിൽ ശ്രീ. ആർ. ഈശ്വരപിള്ളക്കു 300 ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടു്. അതും മററുള്ളവർക്കു് പാട്ടത്തിനു് കൊടുത്തു് ലാഭം എടുക്കുന്നു. സാധുക്കൾക്കു് കയറിക്കിടക്കാൻ സ്ഥലമില്ലാതിരിക്കുമ്പോഴാണു് ഇങ്ങനെയുള്ളവർക്കു് കുത്തകപ്പാട്ടത്തിനു ഭൂമി കൊടുക്കുന്നതു്.

ശ്രീ. കൊച്ചുകുഞ്ഞു്: ഏതു ഗവണ്മെന്റാണു് ഇങ്ങനെ കൊടുത്തതു്?

ശ്രീ. കെ. ചന്ദ്രശേഖരൻശാസ്ത്രി: ഏതു ഗവണ്മെന്റിന്റെ കാലത്തു കൊടുത്തിരുന്നാലും കാൺഗ്രസ്സ് ഗവണ്മെന്റിന്റെ കാലത്തു ഇക്കാര്യങ്ങളൊന്നും ശരിയായി പരിഗണിച്ചിട്ടില്ലെന്നുള്ള പരമാർത്ഥം മനസ്സിലാക്കിയിട്ടാണു് ഞാൻ പറയുന്നതു്.

ആ നയം ഇന്നലെവരെയും ഈ ഗവണ്മെന്റ് അംഗീകരിച്ചിരിക്കുന്നതുകൊണ്ടു് ഞാൻ വ്യക്തമായി ഈ ഗവണ്മെന്റിനോടു് ആവശ്യപ്പെടുകയാണു്, കാൺഗ്രസ്സ് ഗവണ്മെന്റിന്റെ ആ നയം തുടരാതെ പാവപ്പെട്ടവർക്കു് ജീവിക്കാനുള്ള ഒരു നിലപാടു് അംഗീകരിക്കണമെന്നു്. ഇങ്ങനെ പലർക്കും കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള സ്ഥലങ്ങൾ തിരിച്ചെടുത്തു് പാവപ്പെട്ടവർക്കു നല്കേണ്ടതാണു്. ഏഴുകോൺ എന്ന സ്ഥലത്തു് രണ്ടു നമ്പരിലായിട്ടു് 300 ഏക്കർ സ്ഥലം ഉള്ളതിൽ ഇരുന്നൂറോളം ആളുകൾ കുടിയേറിപ്പാർക്കുന്നുണ്ടു്. ആ സ്ഥലം അവിടെയുള്ള പാവപ്പെട്ടവർക്കു് പതിച്ചുകൊടുക്കണമെന്നു് ആവശ്യപ്പെട്ടപ്പോൾ ഈ ഗവണ്മെന്റിൽനിന്നും കിട്ടിയ ആർഡർ 50 ഏക്കർ മാത്രമേ പതിച്ചുകൊടുക്കാൻ സാധിക്കയുള്ളു എന്നാണു്. സോഷ്യലിസം നടപ്പിൽ വരുത്താൻ സാധിച്ചില്ലെങ്കിലും കാൺഗ്രസ്സിന്റെ നയം തുടരാതെ ഈ രാജ്യത്തെ കർഷകതൊഴിലാളികൾക്കും കിടപ്പാടമില്ലാത്തവർക്കും ഗവണ്മെന്റുവക പുറമ്പോക്കുസ്ഥലങ്ങൾ പതിച്ചുകൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്.

അടുത്തതായി എനിക്കു വനഭൂമിയെപ്പററി ഒരു കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ടു്. കാൺഗ്രസ്സുഭരണകാലത്തു് വനഭൂമികൾ പതിച്ചുകൊടുക്കുന്നതിനു് നിയമസഭയിൽ ഉണ്ടായിരുന്ന മെംബറന്മാരെ ഉൾപ്പെടുത്തി ചില കമ്മിററികൾ ഉണ്ടാക്കിയിരുന്നു. ആ കമ്മിററിയിലെ മെംബറന്മാർ അവരുടെ കുടുംബക്കാരുടേയും ബന്ധുജനങ്ങളുടേയും പേരിൽ സ്വന്തമായി അപേക്ഷകൾ നിർമ്മിച്ചു് വളരെ സ്ഥലം കൈവശപ്പെടുത്തിയിട്ടുണ്ടു്. അവർ സ്വന്തമായി നിർമ്മിച്ചിട്ടുള്ള അപേക്ഷകരിൽ പലരും മരിച്ചുപോയിട്ടുള്ളവരും ജനിച്ചിട്ടില്ലാത്തവരും ആയിരുന്നു. അങ്ങനെ വളരെയധികം സ്ഥലം പലരും കയ്യടക്കിവച്ചിട്ടുണ്ടു്. ആ സ്ഥലവും ഒരു സർവ്വേ നടത്തി പാവപ്പെട്ട ആളുകൾക്കു് കുടിതാമസിക്കാൻ എടുത്തുകൊടുക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. കൊച്ചുകുഞ്ഞ്: സർ, ഞാൻ സപ്ലിമെന്ററി ഡിമാന്റിനെ അനുകൂലിച്ചാണ് സംസാരിക്കുന്നത്. കോൺഗ്രസ്സ് ഗവണ്മെന്റ് അധികാരത്തിലിരുന്ന സമയത്തും റവന്യൂഡിപ്പാർട്ടുമെന്റ് പ്രത്യേകിച്ചും ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റ്, ഈ രാജ്യത്തുള്ള പിന്നാക്കസമുദായത്തിൽപ്പെട്ട കൃഷിക്കാർക്ക് നിരവധി ക്ലേശങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ അന്നത്തെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ആ കാര്യം ഇന്നത്തെ ഗവണ്മെന്റിന്റെ ശ്രദ്ധയിലും പെടുത്താൻ ഞാൻ ഒരുങ്ങുകയാണ്. കോൺഗ്രസ്സ് ഗവണ്മെന്റ് അധികാരത്തിലിരുന്ന കാലത്തു സ്വന്തമായി ഒരു സെന്റ് ഭൂമിപോലുമില്ലാതെ കഷ്ടപ്പെടുന്ന പിന്നാക്കസമുദായത്തിൽപ്പെടുന്ന കർഷകജനതയ്ക്ക് കുടിയേറിപ്പാർക്കുന്നതിന് വനങ്ങളിൽനിന്നും ഭൂമി കൊടുത്തിട്ടുണ്ടോ എന്നുള്ളകാര്യം അന്വേഷിച്ചുനോക്കിയാൽ വളരെ കുറച്ചേ നല്കിയിട്ടുള്ളു എന്ന വസ്തുത നമുക്കറിയാൻ കഴിയും. അന്നത്തെ ഗവണ്മെന്റ് ഫാറസ്റ്റിൽനിന്നും യതൊരുത്തർക്കും കുത്തകപ്പാട്ടവ്യവസ്ഥയിൽ ഭൂമി കൊടുക്കുന്നതല്ലെന്നു ഒരു പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിരുന്നതായി ഞാൻ ഓർക്കുന്നുണ്ട്. ആ പ്രസ്സ്നോട്ടിന്റെ വെളിച്ചത്തിൽ പിന്നാക്കസമുദായവർഗ്ഗത്തിൽപ്പെട്ട പാവങ്ങൾ ഭൂമിക്കുവേണ്ടി ഗവണ്മെന്റിനെ സമീപിച്ചിട്ടില്ലെങ്കിലും ഭൂമിക്ക് ആവശ്യമുള്ള ആളുകൾ അന്ന് ഗവണ്മെന്റിനെ സമീപിച്ചിരുന്നു. ഫാറസ്റ്റിൽനിന്നും അക്കൂട്ടർ ഭൂമി കയ്യടക്കിയിട്ടുണ്ടെന്നുള്ള വസ്തുത മറച്ചുവയ്ക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തെ റവന്യൂബോർഡിന്റെ ആഭിമുഖ്യത്തിൽ ഇന്നു നടക്കുന്ന അഴിമതിയും കൈക്കൂലിയും എത്രമാത്രം ക്രമാതീതമായിട്ടുണ്ടെന്നു ഈ നിയമസഭയിലിരിക്കുന്ന ഓരോ സാമാജികന്മാർക്കും ഇതിനകം മനസ്സിലാക്കാൻ അവസരം കിട്ടിയിരിക്കുമെന്ന് ഞാൻ ബലമായി വിശ്വസിക്കുന്നു. 20-ം, 30-ം, 40-ം കൊല്ലക്കാലമായി ഒരു സെന്റ് ഭൂമിപോലും സ്വന്തമായില്ലാത്ത പാവപ്പെട്ട കൃഷിക്കാർ ഭൂമി കൈവശംവച്ച് വെട്ടിക്കിളച്ച് കൃഷിക്കുപയുക്തമാക്കുമ്പോൾ അവരെ അവിടെനിന്നും വെളിയിലിറക്കുന്ന ഒരു പതിവ് ഇന്നും നിലവിലുണ്ട്. കഴിഞ്ഞ കോൺഗ്രസ്സ് ഗവണ്മെന്റിന്റെ കാലത്തും ഈ പരമാർത്ഥം ഞാൻ ഇവിടെ പ്രസ്താവിച്ചിട്ടുള്ളതാണ്. കുറച്ചധികം കൊല്ലം വസ്തു കൈവശം വച്ച് ദേഹണ്ഡിച്ച് തെങ്ങ്, പാക്ക് തുടങ്ങിയ ആദായങ്ങൾ എടുക്കത്തക്ക സ്ഥിതിയിലാകുമ്പോൾ ആ വസ്തുക്കൾ സ്വന്തഭൂമിയുള്ള അവിടത്തെ ഏതെങ്കിലും ജന്മിമാർക്ക് അനുഭവയുക്തമാക്കുന്ന നടപടികളാണ് ഇന്നു സ്വീകരിച്ചുവരുന്നത്. ഈ ജന്മിമാർ അവിടെനിന്നും ഇറങ്ങിപ്പോകാതിരിക്കുന്നതിനു ഒരു സ്റ്റേ ആർഡറും വാങ്ങിവച്ചേയ്ക്കും. അനേകകൊല്ലമായി കൈവശംവച്ച് ദേഹണ്ഡിച്ചിട്ടുള്ളവർക്ക് യാതൊരവകാശവും വസ്തുക്കളിൽ ഇല്ലാതാകുന്നതായിട്ടാണു കണ്ടുവരുന്നതു്. ഈ ദുരവസ്ഥ അവസാനിപ്പിക്കത്തക്കതരത്തിലുള്ള ഒരു നയം ഇന്നധികാരത്തിലിരിക്കുന്ന പി. എസ്സ്. പി. ഗവണ്മെന്റ് സ്വീകരിക്കേണ്ടതാണ്. ഒരു ഭൂരിപക്ഷ പാർട്ടിയല്ലെങ്കിൽ തന്നെയും ഈ രാജ്യത്തു നിവസിക്കുന്ന സാധുക്കളുടെ കഷ്ടപ്പാടുകൾക്ക് അറുതിവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു് ഞാനുൾപ്പെടുന്ന ഇവിടത്തെ പി. എസ്സ്. പി. പാർട്ടി മുൻകൈ എടുക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. ഒരാഴ്ചക്കു മുമ്പ് കൊട്ടാരക്കര താലൂക്കിൽത്തന്നെ വളരെ കുടിയിറക്കുകൾ നടന്നിട്ടുള്ളതായി അറിയാം. ഒരു കൈവശക്കാരനും മുന്നപേക്ഷകനുമായിരുന്ന ഒരാളിനു് 50 സെന്റു

[ശ്രീ. കൊച്ചുകുഞ്ഞു്]

സ്ഥലം കൊടുക്കാൻ റവന്യൂബോർഡിൽ നടപടി നടന്നുകൊണ്ടിരിക്കുമ്പോൾ ആ സ്ഥലത്തെ ഒരു ജന്മി മേൽപ്പറഞ്ഞ സ്ഥലം സ്വന്തമാക്കുന്നതിനു വേണ്ടി കൊട്ടാരക്കര തഹശീൽദാരെ അദ്ദേഹത്തിന്റെ വസതിയിൽ കൊണ്ടുവന്നിരുത്തി കുത്തകപ്പാട്ടത്തിനു ആ സ്ഥലം വാങ്ങിയിട്ടുള്ളതായി ഞാനിവിടെ പ്രസ്താവിച്ചുകൊള്ളുന്നു. മുൻകൈവശക്കാരനും അപേക്ഷകനുമായ ആ പാവപ്പെട്ടവനു് ഭൂമി കിട്ടിയില്ല. ഇങ്ങനെയുള്ള സ്ഥിതിഗതികൾ ഇവിടെ സംജാതമാകാതിരിക്കാൻ പി. എസ്സ്. പി. ഗവണ്മെന്റ് മുൻകൈ എടുത്തു പ്രവർത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

The Assembly rose for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

ശ്രീ. പി. ആർ. മാധവൻപിള്ള: ഈ സപ്ലിമെന്ററി ഡിമാന്റു അവതരിപ്പിച്ചിരിക്കുന്നതു് സർക്കാർ വക വനഭൂമികളിലും പുറമ്പോക്കു ഭൂമികളിലും തരിശുകളിലും കയറി പ്രവേശിച്ചിട്ടുള്ള ആളുകളെ അവരുടെ കൈവശമുള്ള ഭൂമികൾ അളന്നുനോക്കി ഇറക്കിവിടുന്നതിനുള്ള ചെലവിലേക്കുകൂടിയായിട്ടുണ്ടു്. പുറമ്പോക്കും തരിശും ഭൂമികളെ സംബന്ധിച്ചു ഗവണ്മെന്റു നയം നടപ്പാക്കുന്നതു് രണ്ടു പരസ്പരവിരുദ്ധമായ രീതികളിലാണു്. പാവപ്പെട്ടവർക്കെതിരെയും ധനവാന്മാർക്കനുകൂലമായും ഒരേ ഒരു നയം പ്രയോഗിക്കപ്പെടുന്നതിന്റെ ഒരു ഉദാഹരണമാണിതു്. മദ്ധ്യതിരുവിതാംകൂറിലെ ഏറാവും പ്രസിദ്ധപ്പെട്ട ചന്തയാണു് പറക്കോട്ടു ചന്ത. ആ പറക്കോട്ടു ചന്തക്കു് 9 ഏക്കർ 37 സെന്റ് പുറമ്പോക്കാണു് ഒഴിച്ചിട്ടിരുന്നതു്. ഇന്നു് ചന്തയുടെ ആവശ്യത്തിനായി മൂന്നോ മൂന്നേകാലോ ഏക്കർ ഭൂമിയേ അവിടെയുള്ളു. പതിനായിരക്കണക്കിനുള്ള ആളുകൾക്കു് അവിടെ വന്നു് സാധനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും വേണ്ടി ഒഴിച്ചിട്ടിരിക്കുന്നതു് വെറും മൂന്നേക്കർ സ്ഥലം മാത്രമാണു്. അതുകൊണ്ടു് അവർ റോഡുകളിലും മറവുംവച്ചു് കച്ചവടം നടത്തുന്നു. ഇങ്ങനെ റോഡിൽ വരെ ഇരുന്നു് കച്ചവടം നടത്തുന്നവരെ പോലീസു ശല്യം ചെയ്യുവരുന്നുണ്ടു്. എന്താണ്ടു് നൂറോ നൂററിരുപതോ പേർ ആ ഭൂമിയിൽ പ്രവേശിച്ചു് കൃഷിയിറക്കുകയും പുരവച്ചും താമസിക്കുന്നുണ്ടു്. 80 പേർ ഇപ്പോഴും അനധികൃതപ്രവേശനക്കാരാണത്രേ! 40 പേർക്കു് സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടെന്നാണു് പറയുന്നതു്. ഈ നൂററിരുപതുപേരെയും അവിടെനിന്നിറക്കേണ്ടതും പറക്കോട്ടു ചന്ത വീണ്ടെടുത്തു ജനങ്ങൾക്കു വിധേയമാക്കേണ്ടതു് ആവശ്യമാണു്. പക്ഷേ ഗവണ്മെന്റ് അക്കാര്യത്തിൽ മൌനം ഭജിക്കയാണു്.

അതുപോലെ തന്നെ പറക്കോട്ടു ചന്തയ്ക്കു രണ്ടു രണ്ടര മൈൽ പടിഞ്ഞാറായി പുതിയ കാവിൽ ചിറ എന്നൊരു ചിറയുണ്ടു്. അവിടെ ഒരു ലക്ഷം പറ നെൽപ്പാടങ്ങൾക്കു ജലസേചനം നടത്തുന്ന ഒരു തലച്ചിറയാണതു്. ആ ചിറയുടെ പുറമ്പോക്കുഭൂമി മുഴവൻ ആളുകൾ കയ്യേറിയിരിക്കുകയാണു്. ഈ രാജ്യത്തിന്റെ ഏതു ഭാഗത്തുനോക്കിയാലും ജലസേചനത്തിനുവേണ്ടിയുണ്ടാക്കിയിരിക്കുന്ന എല്ലാ ചിറകളും കയ്യേറിയിരിക്കുകയാണെന്നു കാണാം. ഈ ചിറകൾകൊണ്ടു് കർഷകർക്കു് ജലസേചനസൗകര്യം ലഭിക്കണമെന്നുള്ളതു് അവരുടെ മൗലികാവകാശമാണു്. ഇന്നു് അങ്ങനെയുള്ള തലച്ചിറകൾ നാശമായിക്കിടക്കയാണു്. അസ്വാധീന

പ്പെട്ടും നികന്നും നശിച്ചു കിടക്കുകയാണ്. പുറമ്പോക്കുകളിൽ നിന്നും ആരെയെങ്കിലും ഇറക്കിവിടാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതു ചെയ്യേണ്ടതു ജലസേചനസൗകര്യത്തിനുവേണ്ടി മാററിവച്ചിരിക്കുന്ന തലച്ചിറകളിൽ നിന്നും പബ്ലിക്കുമാർക്കററുകളിൽ നിന്നുമൊക്കെയാണ്. അത്തരം പുറമ്പോക്കുകളിലും തരിശുഭൂമികളിലും നിന്നും കയ്യേററക്കാരെ ഇറക്കിവിടുക എന്നുള്ളതു് സാധാരണക്കാർക്കും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനും ഒഴിച്ചുവയ്ക്കാനാവാത്ത ഒരാവശ്യമാണ്.

പറക്കോട്ടു ചന്തയിലും പുതിയകാവിൽ ചിറ മുതലായ സ്ഥലങ്ങളിലും കയ്യേറിയിരിക്കുന്നവരെ ഇറക്കിവിടുക എന്നുള്ളതായിരിക്കണം ഗവണ്മെന്റിന്റെ നയം. ഇന്ന് ഈ ഗവണ്മെന്റ് ആദ്യമായിട്ടു ചെയ്യുവാനുള്ളതു് ഈ നാട്ടിലെ സാധാരണ ജനങ്ങൾക്കും അദ്ധ്വാനിക്കുന്നവർക്കും അത്യന്തം ആവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ കയ്യേറിയിരിക്കുന്നവരെ ആ സ്ഥലങ്ങളിൽ നിന്നും ഇറക്കിവിടുക എന്നുള്ളതാണ്. ഇത്തരക്കാരെ ഇറക്കിവിടണമെന്ന് ആരെങ്കിലും ഹർജികൾ അയയ്ക്കുകയാണെങ്കിൽ തന്നെ അതു് സൗകര്യപ്രകാരം തട്ടാതെ നൂറു കണക്കിനു് ഫയലുകൾക്കിടയിൽ പെട്ടുകിടക്കുകയാണ് സാധാരണ പതിവ്. കാശുള്ളവരെ ഇറക്കാൻ സർക്കാരിനു തന്റേടമില്ല. നേരെ മറിച്ചു് സാധുക്കളുടെ കാര്യമാണെങ്കിൽ ആരും ഹർജി അയക്കേണ്ട. അവരെ ഇറക്കാൻ ഗവണ്മെന്റ് എപ്പോഴും മുമ്പിലുണ്ട്. ഇങ്ങിനെയുള്ള പത്തോ അൻപതോ ഉദാഹരണങ്ങൾ എടുത്തുകാണിക്കുവാൻ ഞാൻ തയ്യാറാണ്.

ഇന്ന്, അനധികൃതമായി കയ്യേററം നടത്തിയിരിക്കുന്ന കൃഷിക്കാരെ കുടിയൊഴിപ്പിക്കുന്നതു രണ്ടു പ്രകാരത്തിലാണ്. ഒന്നാമതായി പാവങ്ങൾക്കു് എതിരായിട്ടും ധനവാന്മാർക്കു ഗുണകരമായിട്ടുമുള്ള വിധത്തിൽ പുറമ്പോക്കിലും തരിശിലും നിന്നും ഒഴിപ്പിക്കുകയാണ് ഗവണ്മെന്റിന്റെ ഇപ്പോഴത്തെ നയം. ഗവണ്മെന്റിന്റെ ആ നയം നടപ്പിലാക്കുന്നതു് തികഞ്ഞ പക്ഷാഭേദത്തോടുകൂടിയാണ്. ഈ നാട്ടിലെ പാവംപിടിച്ച ആളുകൾക്കെതിരായിട്ടുതന്നെയാണ്. ഗവണ്മെന്റ് നയം നടപ്പിലാക്കുന്നതു്. എന്തുകൊണ്ടാണെന്നു ചോദിച്ചാൽ ഇത്തരം ഭൂമികൾ ഒന്നും പതിച്ചുകൊടുക്കുന്നതല്ലെന്നുള്ള ജൂൺ 22-ാം തീയതിയിലെ ആർഡർ ഗവണ്മെന്റ് ഉയർത്തിപ്പിടിക്കുകയും, പിന്നെ, ആർക്കാണ് ഈ ഭൂമികൾ കൊടുക്കാൻ പോകുന്നതു്? കർഷകസഹകരണ സംഘങ്ങൾക്കു് കൊടുക്കാൻ പോകുന്നു എന്നു മന്ത്രിമാർ പറയുന്നുണ്ട്. അതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിച്ച ആ ദിവസംതന്നെ, സർ, ഞാൻ പറയുന്നതു് മന്ത്രിമാരുംകൂടി ശ്രദ്ധിക്കാൻ വേണ്ടിയാണ്. ജന്മിമാർ വനഭൂമിയും തരിശും പുറമ്പോക്കുമൊക്കെ കയ്യടക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. മുന്നൂറും നാനൂറും നാനൂററമ്പതും ഏക്കർ സ്ഥലം കൈവശമുള്ള ജന്മിമാർ കുടുംബത്തിലുള്ള പതിനഞ്ചും ഇരുപതുമംഗങ്ങളെ ഉൾപ്പെടുത്തി സഹകരണസംഘങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്. കൂട്ടുകൃഷി സഹകരണസംഘങ്ങൾ എന്ന പേരുമവരിട്ടുവരുന്നു. ഇന്ന് ഇങ്ങനെ കയ്യേറിയിട്ടുള്ളതും അല്ലാത്തതുമായ ഭൂമികൾ വ്യാജമായി പടച്ചുവച്ചിരിക്കുന്ന സംഘത്തിന്റെ പ്രസിഡന്റായ സ്വന്തം ജ്യേഷ്ഠന്റെ പേരിൽ കുന്നത്തൂർ താലൂക്കിലെ ഒരു ജന്മിയായ പനങ്ങാട്ടു കേശവനുണ്ണിത്താൻ മാററിയിരിക്കുകയാണ്. പാടം കൂട്ടുകൃഷി സഹകരണസംഘം അത്തരത്തിലുള്ള ഒരു ജന്മി സംഘമാണ്. വനഭൂമി ഇത്തരം കൂട്ടുകൃഷി സഹകരണ സംഘങ്ങൾക്കു് പതിച്ചുകൊടുക്കാമെന്നാണ് ജൂൺ 22-ലെ

[ശ്രീ. പി. ആർ. മാധവൻപിള്ള]

ആർഡറിൽ പറയുന്നതു്. പി. എസ്. പി. ഗവണ്മെൻറിന്റെ കുടിയിറക്കു നിയന്ത്രണബില്ലിൽ നിന്നു് ഇത്തരം ജന്മിമാരുടെ കർഷകസഹകരണ സംഘങ്ങളെയും ഒഴിവാക്കിയിരിക്കയാണു്. അങ്ങനെ പനങ്ങാട്ടുഞ്ഞി ത്താനേപ്പോലുള്ള ജന്മിമാർക്കു സർക്കാർ ഭൂമി കയ്യേറുന്നതിനും കയ്യേറിയിരിക്കുന്ന പരിധിയിൽ കവിഞ്ഞ ഭൂമി വിട്ടുകൊടുക്കാതിരിക്കുന്നതിനും സഹായകമായ നയമാണു് ഗവണ്മെൻറിനുള്ളതു്. ഈ ഗവണ്മെൻറിന്റെ ഭൂനയവും ജൂൺ 22-ലെ ഉത്തരവും തുടർന്നുള്ള നടപടികളും പാവപ്പെട്ട ഭൂമിയില്ലാത്ത കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും കടുത്ത ദ്രോഹമാണു് ചെയ്യുന്നതു്. ധനവാന്മാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി സാധുക്കളുടെ താൽപ്പര്യങ്ങളെ ചവുട്ടിത്തേയ്ക്കുന്ന നയമാണു് മററെല്ലാ രംഗങ്ങളിലുമെന്നപോലെ പുറമ്പോക്കു തരിശു വനഭൂമികളിൽ നിന്നു കയ്യേററക്കാരെ ഇറക്കിവിടുമെന്ന നയം നടപ്പാക്കലിലും സ്ഥാപിതതാൽപ്പര്യക്കാരുടേതായ ഈ ഗവണ്മെൻറു തുടരുന്നതു്. ഈ സപ്ലിമെൻററി ഡിമാൻറിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: ഈ സഭയിലെ എന്റെ സ്നേഹിതന്മാരായ പല ആളുകളിൽ നിന്നും പല അഭിപ്രായങ്ങളും കേട്ടുകഴിഞ്ഞു. പിരിയാനുള്ള കരം പിരിച്ചെടുക്കുന്നതിനുവേണ്ടി ഗവണ്മെൻറു് എടുത്തിട്ടുള്ള നടപടി വളരെ ബുദ്ധിപൂർവ്വമായിട്ടുള്ളതല്ലെന്നു പറഞ്ഞതു് എനിക്കു് വളരെ അധികം വേദനാജനകമായിട്ടാണു് തോന്നിയതു് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ നമുക്കു പിരിഞ്ഞു കിട്ടാനുള്ളതു് എന്തു സംഖ്യയാണു് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം എന്റെ സ്നേഹിതന്മാർ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും ഒന്നര ലക്ഷമോ അതിലധികമോ ചെലവാക്കിയിട്ടാണെങ്കിൽ പോലും അതു പിരിച്ചെടുക്കാൻ മുതിരുന്നതു് ഒരു നല്ല നയമാണെന്നു വിശ്വസിക്കുമെന്നു് ഞാൻ വിചാരിക്കുന്നു. സർ, ഏതാണ്ടു് 75 ലക്ഷത്തോളം രൂപയാണു് ഈ ഇനത്തിൽ നമുക്കു് പിരിഞ്ഞുകിട്ടാനുള്ളതെന്നു് നാം പരിഗണിക്കേണ്ടതുണ്ടു്. അപ്പോൾ ഒന്നര ലക്ഷം രൂപാ ചെലവാക്കിയിട്ടു് 75 ലക്ഷം രൂപാ പിരിക്കുന്നതു് നമുക്കു് ഒരു ലാഭമായിട്ടാണു് നാം കരുതേണ്ടതു്.

പിന്നെ കണ്ടമനം പുറമ്പോക്കു ഭൂമി കയ്യേറി അനുഭവിച്ചുകൊണ്ടിരിക്കുന്നവർ ഇന്നു നാട്ടിൽ ധാരാളമായിട്ടുണ്ടു്. അങ്ങിനെ കയ്യേറിയിട്ടുള്ള പുറമ്പോക്കായിട്ടും വനഭൂമിയായിട്ടുമുള്ള സ്ഥലങ്ങളെ സംബന്ധിച്ചു് ഗവണ്മെൻറിനു് യാതൊരു കണക്കുമില്ലാതെയാണിരിക്കുന്നതു്. ഇന്നു് കയ്യേററക്കാരുടെ കൈയ്യിൽ ആയിരത്തി അഞ്ഞൂറും രണ്ടായിരവും ഏക്കർ ഭൂമിവരെ ഇരിപ്പുള്ളതായറിയാം. ഉദാഹരണമായി എനിക്കു് തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ തന്നെ ചില ആളുകൾ വളരെ ഏറെ ഭൂമി കയ്യേറിവച്ചിട്ടുള്ളതായി അറിയാം. അങ്ങിനെ അനധികൃതമായി കൈയ്യേറിയിട്ടുള്ളവരുടെ കൈവശമുള്ള ഭൂമികൾ അളന്നു തിട്ടപ്പെടുത്തുന്നതിനും അതു് അനധികൃതമാണെന്നു തെളിയുന്നപക്ഷം അവരിൽ നിന്നും പിടിച്ചെടുത്തു ഒരു കുടി വച്ചുകെട്ടാൻ പോലും ഭൂമിയില്ലാത്തവർക്കുവേണ്ടി പതിച്ചുകൊടുക്കുക എന്നുള്ളതാണു് ഗവണ്മെൻറിന്റെ നയമെന്നു വ്യക്തമാക്കിയിട്ടുണ്ടു്. അങ്ങിനെ ചെയ്യുന്ന പക്ഷം വാസ്തവ

ത്തിൽ നമുക്ക സന്തോഷിക്കാം. അതിലേയ്ക്കു് ഈ ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടികഠം അനുമോദനാർഹമാണു്. പിന്നെ ഈ റവന്യൂ പുറംപോക്കുകളിൽ ചെററക്കുടികഠം വച്ചുതാമസിക്കുന്നവരെ ഇറക്കി വിടുന്നതിനെ സംബന്ധിച്ചു സഭയുടെ പല ഭാഗത്തുനിന്നും കേഠംക്കാൻ സാധിച്ചിട്ടുണ്ടു്. അവയെല്ലാം അടിസ്ഥാനരഹിതമല്ല. കുറെയെല്ലാം വാസ്തവമാണു്. ആ മാതിരിയുള്ള കാര്യങ്ങളിൽ കർക്കശമായിട്ടുള്ള നിർദ്ദേശങ്ങഠം ഉദ്യോഗസ്ഥന്മാർക്കു് നൽകേണ്ടതാണു്. കുടികഠം വച്ചുകെട്ടി താമസിക്കുന്നവക്കു് അതിന്റെ സ്ഥലം വിട്ടുകൊടുക്കത്തക്കവണ്ണം അവരെ നിവൃത്തിയുള്ളിടത്തോളം ഇറക്കിവിടാതെ ഇരിക്കത്തക്കവിധത്തിൽ ഒരു അന്തരീക്ഷം സൃഷ്ടിക്കണം. അതിനൊരു സന്ദർഭം ഉണ്ടാക്കിക്കൊടുക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. യശോധരൻ: സർ, ലാൻഡ് റവന്യൂ സംബന്ധിച്ചുള്ള ഡിമാൻറിനെപ്പററി മാത്രം സംസാരിച്ചു സമയം തീക്കണമെന്നാണോ വിചാരിക്കുന്നതു്. കഴിഞ്ഞ നടപടി ക്രമമനുസരിച്ചു് ടൈം അഡ്ജസ്റ്റ് ചെയ്യുകയിൽ സൗകര്യമായിരുന്നു.

മി. സ്പീക്കർ. ഒരു ക്ലോഷർ മോഷൻ വന്നാൽ ഇതു് അവസാനിപ്പിക്കാം.

ശ്രീ. കെ. എം. ജോർജ്ജ്: നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഭൂമിയുടെ പ്രശ്നം വളരെ മൗലികമായ ഒരു പ്രശ്നമാണു്. തിരുവിതാംകൂർ-കൊച്ചിയെപ്പോലെ ഇത്ര ജനപ്പെരുപ്പമുള്ള ഒരു രാജ്യം വേറെയില്ല. ഇത്ര കുറച്ചു ഭൂമിയുള്ള ഒരു രാജ്യം ഇൻഡ്യയിൽ മറെറാരിടത്തുമില്ല. ലോകത്തുതന്നെ ഉണ്ടെന്നു തോന്നുന്നില്ല. നമ്മുടെ രാജ്യത്തെ എല്ലാവിധ അഭിവൃദ്ധിയുടേയും ഉറവിടം നമ്മുടെ ഭൂമിയിൽ നിന്നായതുകൊണ്ടു് നാം എടുക്കേണ്ട ഭൂനയം തീർച്ചയായും ബുദ്ധിപൂർവമായി ചിന്തിച്ചു തീരുമാനിക്കേണ്ട ഒന്നാണെന്നുള്ളതിനു് തക്കമെല്ല. അതുകൊണ്ടു് ഭൂനയത്തെപ്പററി ഇനിയെങ്കിലും പുനഃപരിശോധന നടത്തേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. നമ്മുടെ ഇന്നത്തെ വ്യവസ്ഥിതിയും സംപ്രദായവും, ആളോഹരിവീതവും എല്ലാം ഭൂമിയെ തുണ്ടുതുണ്ടാക്കി ഏതാനും സെൻറുകഠം മാത്രമുള്ള തുണ്ടുകളാക്കി വിഭജിച്ചു സൂക്ഷിക്കുന്നതുകൊണ്ടു് അവ ഇപ്പോഠം എക്കണോമിക്ക് ഹോഠംഡിംഗ്സ് അല്ലാതെയാണിരിക്കുന്നതു്. അതിനാൽ കൃഷിയിറക്കി കൂടുതൽ വിളവെടുക്കുന്നതിനും നമ്മുടെ ഉൽപ്പാദനങ്ങഠം അഭിവൃദ്ധിപ്പെടുത്തുന്നതിനും നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. അതിലേയ്ക്കു് നിവാരണമാർഗ്ഗം കണ്ടുപിടിച്ചുകൊണ്ടുള്ള ഒരു നയം ഗവണ്മെൻറ് കൈക്കൊള്ളാൻ തയാറാകാത്തതു് വാസ്തവത്തിൽ ഖേദകരമാണു്. അടുത്ത കാലത്തു് നമ്മുടെ നാട്ടിൽ മണ്ണൊലിപ്പു് വളരെ ഭയങ്കരമായിത്തീന്നിട്ടുണ്ടു്.

മി. സ്പീക്കർ: ലാൻറ്റവന്യൂ പാളിസിയെപ്പററി ഇപ്പോഠം പറയുന്നതു ശരിയല്ല. ഈ ഗ്രാൻറിൽ അടങ്ങിയിട്ടുള്ള കാര്യത്തെപ്പററി മാത്രമേ ഇപ്പോഠം സംസാരിക്കാവൂ.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഈ കൊണ്ടുവന്ന തുക അക്കാര്യത്തിലേയ്ക്കു് ഡൈവർട്ടു് ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. ഗവണ്മെൻറ് കൊണ്ടുവന്നിട്ടുള്ള ഗ്രോമോർഫുഡിന്റെ പേരിൽ നിർബ്ബന്ധിച്ചിട്ടു്

[ശ്രീ. കെ. എം. ജോർജ്ജ്]

വളരെപ്പേർ വനപ്രദേശങ്ങളിലേയ്ക്കു് പോയിട്ടുണ്ടു്. അങ്ങനെ പോയിട്ടുള്ളവരിൽ അധികംപേരും പാവപ്പെട്ടവരാണു്. പക്ഷെ ഇവർ അവിടെച്ചെന്നു് അത്യദ്ധ്വാനം ചെയ്തു് കൃഷി ചെയ്യുന്നതിന്റെ ഫലമായിട്ടുകൂടിയാണു് ഭക്ഷ്യപ്രശ്നത്തിന്റെ രൂക്ഷത കുറഞ്ഞിട്ടുള്ളതു്. എന്നാൽ ഭയങ്കരമായ മണ്ണൊലിപ്പുമൂലം നമ്മുടെ സമ്പത്തു്, മണ്ണിന്റെ ശക്തി, ക്ഷയിച്ചുവരികയാണു്. അവിടെ കൃഷി ചെയ്യുന്നവർക്കു് അഞ്ചേക്കർ വീതം സ്ഥലം കൊടുക്കുകയാണെങ്കിൽ അവർ ഈ മണ്ണൊലിപ്പിനെ തടയുവാൻ വേണ്ടി കയ്യാലകളും ഇടക്കയ്യാലകളും മററും കെട്ടി കൃഷി ചെയ്യുന്നതുകൊണ്ടു് ഭയങ്കരമായ മണ്ണൊലിപ്പു് എന്ന ആ ആപത്തിൽനിന്നും കൃഷിഭൂമിയെ ഇവർ രക്ഷിക്കുമെന്നു് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഇത്തരം ഭൂമികൾ സർവ്വെ ചെയ്യുന്ന അവസരത്തിൽ ഇക്കാര്യംകൂടി ഗവണ്മെന്റു് ശ്രദ്ധിക്കേണ്ടതുണ്ടു്. വനങ്ങളിൽ എത്രാനും ഭാഗം ഭൂമി അധികൃതമായും അനധികൃതമായും കയ്യേറി വെട്ടിത്തെളിച്ചിട്ടുണ്ടു്. ധാരാളം തടി വെട്ടിനശിപ്പിച്ചിട്ടുമുണ്ടു്. ഫോറസ്റ്റു് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിക്കൊണ്ടു് നിങ്ങൾ കയറിക്കോ, കയറിക്കോ എന്നു് ജനങ്ങളോടു് പറഞ്ഞു് പലരേയും അവിടെ കയററി തീ വച്ചും വെട്ടിയും മറിച്ചും ധാരാളം തടികൾ നശിപ്പിച്ചിട്ടുണ്ടു്. അനേകം കോടി രൂപയുടെ തടി ഇങ്ങനെ നശിച്ചുപോയിട്ടുമുണ്ടു്. ഇവർ ഈ ഭൂമിയിൽ കൃഷി ചെയ്യുവാൻ അനുവദിക്കപ്പെടുകയാണെങ്കിൽ മാവു്, പ്ലാവു്, കമുകു് മുതലായ വൃക്ഷങ്ങൾ അവർ അവിടെ കൃഷി ചെയ്യും. നശിക്കപ്പെട്ട വൃക്ഷങ്ങൾക്കുപകരം ഈ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യും. അങ്ങനെ ചെയ്യുന്നപക്ഷം മഴ ഉണ്ടാകുകയില്ല എന്നു് ആരെങ്കിലും ഭയപ്പെടുന്നെങ്കിൽ അതിൽ വലിയ കഴമ്പൊന്നുമില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. ആ വേദാന്തം ഇന്നു് ആരും വകവയ്ക്കുന്നില്ല. അങ്ങനെ ഈ ഭൂമി കൃഷി ചെയ്യുന്നതിനനുവദിക്കപ്പെട്ടാൽ മണ്ണൊലിപ്പുമൂലവും തടി വെട്ടി നശിപ്പിച്ചതുമൂലവും നമ്മുടെ രാജ്യത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന രണ്ടപകടങ്ങൾ നീങ്ങുന്നതാണു്. ഒരു അതിർത്തി നിർണ്ണയിച്ചു് അതിനപ്പുറം ആരും പോകരുതെന്നു് നിശ്ചയിച്ചാൽ നമുക്കാവശ്യമുള്ള വനപ്രദേശം വനമായിട്ടുതന്നെ സൂക്ഷിക്കാവുന്നതുമാണു്. ചുരുങ്ങിയതു് അഞ്ചുലക്ഷം ഏക്കർ ഭൂമിയെങ്കിലും രാജ്യത്തിന്റെ തെക്കേഅററംമുതൽ വടക്കേ അററംവരെ കൃഷി ചെയ്യുന്നതിനു് വനത്തിൽനിന്നും അനുവദിക്കപ്പെടുകയാണെങ്കിൽ അതു് രാജ്യത്തിനു് എത്രയും ഗുണകരമായ ഒന്നായിരിക്കുമെന്നുള്ളതിനു സംശയമില്ല. വെട്ടിത്തെളിച്ച ഭൂമി എത്രയുണ്ടെന്നും അതിൽ കൃഷി ചെയ്യത്തക്ക ഭൂമി എത്രയുണ്ടെന്നും മനസ്സിലാക്കാതെ ഇപ്പോൾ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ആളുകളെ അവർ യഥാർത്ഥ കൃഷിക്കാരാണോ അല്ലയോ എന്നു് കണക്കാക്കാതെ അവരെ ഈ ഭൂമിയിൽനിന്നും ഇറക്കിവിടുന്നപക്ഷം അതിന്റെ പ്രത്യാഘാതം എന്തായിരിക്കുമെന്നു് ഞാൻ പ്രത്യേകിച്ചു പറയേണ്ടതില്ല. ഗവണ്മെന്റു് അതു് വേണ്ടവണ്ണം മനസ്സിലാക്കി യഥാർത്ഥ കർഷകനു് ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം കൊടുക്കേണ്ടതാണു്.

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാനവസാനിപ്പിക്കാം. ഈ നിയമസഭയ്ക്കകത്തും പുറത്തും നമ്മിൽ പലരും അനേകമനേകം പ്രാവശ്യം നദീതടപദ്ധതികളെപ്പററി വളരെയേറെ സംസാരിച്ചിട്ടുണ്ടു്.

ഈ നാട്ടിലെ മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞ് ഇപ്പോൾ വളരെ മോശമായി തീർന്നിട്ടുണ്ട്. ഈ സഭയിൽത്തന്നെ അനേകം പ്രാവശ്യം ബഹുമാനപ്പെട്ട മെംബറന്മാർ തെങ്ങ്, കമുക്, കരിമ്പ്, നെല്ല് മുതലായ വസ്തു് പ്ലേഗ് രോഗം പിടിക്കുന്നുണ്ടെന്നും ആ രോഗം വർദ്ധിച്ചുവരികയാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. മരച്ചീനികൃഷിയെപ്പറ്റി ഇവിടെ സംസാരിച്ചപ്പോൾ മരച്ചീനിക്കുണ്ടാകുന്ന സുഖക്കേടിനെപ്പറ്റി ഗവണ്മെന്റിനറിയാൻ പാടില്ലായെന്ന് മന്ത്രി പറഞ്ഞത് ഖേദകരമാണ്. ഇന്ന് രാജ്യത്തിന്റെ ഭക്ഷ്യസാധനങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്ന കപ്പക്കൃഷിക്ക് രോഗം ബാധിച്ചതുകൊണ്ട് കൃഷിക്ക് നാശം വന്നിട്ടുള്ള വിവരം ഒരു പരമാർത്ഥമായിരിക്കെ അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് ചോദിച്ചപ്പോൾ അറിഞ്ഞുകൂടാ, നിശ്ചയമില്ല എന്നു പറഞ്ഞാൽ അത് ഹൃദയഭേദകമാണെന്നേ എനിക്ക് പറയുവാനുള്ളു. ഞാൻ മന്ത്രിയെ കുറ്റം പറയുകയല്ല. നദീതട പദ്ധതിയെപ്പറ്റി എല്ലാവരും പറയുന്നുണ്ട്. നമ്മുടെ നാട്ടിലെ നദികളിൽ ഇത്രയേറെ വെള്ളം വെറുതെ കടലിൽപോയി നഷ്ടപ്പെടുന്നതിനിടയാകാതെ ജലസേചനത്തിനുവേണ്ടിയും, വൈദ്യുതശക്തിയുടെ ഉൽപ്പാദനത്തിനുവേണ്ടിയും വിനിയോഗിക്കുകയാണെങ്കിൽ രാജ്യത്ത് ഒരു സമൂലസാമ്പത്തിക പരിവർത്തനം വരുത്താൻ കഴിയുന്നതാണ്. എങ്കിൽമാത്രമേ തിരുവിതാംകൂർ-കൊച്ചിക്ക് അഭിവൃദ്ധി ഉണ്ടാകുകയുള്ളു. അടുത്ത പഞ്ചവത്സര പദ്ധതിയിൽ നദീതടപദ്ധതികൾക്ക് പ്രാമുഖ്യം നൽകണം. വളരെ ചുരുങ്ങിയ ചെലവിൽ ഏറ്റവും കൂടുതൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാവുന്ന ഒന്നാണ് ഇടുക്കിപദ്ധതി. ഭാവനാശക്തിയോടുകൂടി ധൈര്യപൂർവ്വം ഈ പദ്ധതിയെ ഗവണ്മെന്റ് സമീപിക്കണം. വളരെ പണം ചെലവുചെയ്ത് ഗവണ്മെന്റ് അതേപ്പറ്റി അന്വേഷിച്ച് ഒരു റിപ്പോർട്ട് തയാറാക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യയിലെ ഏറ്റവും പ്രയോജനകരവും ലാഭകരവുമായ ഒരു പദ്ധതിയാണ് ഇതെന്ന് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ പദ്ധതി പൂർത്തിയായാൽ 5 ലക്ഷം കിലോവാട്സ് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാമെന്ന് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. മാത്രമല്ല അതുകൊണ്ട് അനേകായിരം ഏക്കർ നിലങ്ങൾക്കുമറ്റും ജലസേചനസൗകര്യം ഉണ്ടാകുവാനുള്ള സാദ്ധ്യത ഉണ്ടെന്നും കാണുന്നു. ഈ പദ്ധതിക്ക് 24 കോടി രൂപാ വേണം എന്നു പറയപ്പെടുന്നു. അത് ഒരു വലിയ തുകയാണെന്ന് പറഞ്ഞ് ഇക്കാര്യം തള്ളാവുന്നതല്ല. ഇടുക്കി പദ്ധതികൂടി രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ച് ഈ സംസ്ഥാനത്തിനും ദക്ഷിണ ഇൻഡ്യയ്ക്കു് മുഴുവനും ഇലക്ട്രിക്സപ്ലൈ ചെയ്യുവാനുള്ള മാർഗ്ഗം ഗവണ്മെന്റ് തുറന്നുകൊടുക്കുകയാണെങ്കിൽ ഈ സംസ്ഥാനത്തെ ഓരോ വില്ലേജും ഓരോ വ്യവസായകേന്ദ്രമായിത്തീരുന്നതിനും പലവിധത്തിലുള്ള കുടിൽവ്യവസായങ്ങൾ പുഷ്ടിപ്പെടുന്നതിനും ഇടവരുന്നതാണ്. ഈ രാജ്യത്തെ സ്ഥിതി നോക്കുമ്പോൾ വൻകിട വ്യവസായങ്ങളെക്കാൾ ചെറുകിട വ്യവസായങ്ങളെ പോഷിപ്പിക്കുന്നതിനാണ് ഗവണ്മെന്റ് തയാറാകേണ്ടത്. അതിന് ധൈര്യപൂർവ്വം ഗവണ്മെന്റ് നടപടി നടത്തണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

**Shri T. O. Bava**: Sir, I move for a closure.

The motion was put and carried.

Shri P. S. Nataraja Pillai rose to speak.

**Shri N. Raghava Kurup**: Sir, I rise to a point of order. Once a closure motion is moved and once it has been accepted by the House, is it proper for a member, whether official or non-official, to participate in the debate?

**Mr. Speaker**: He has got a right to reply.

**Shri P. S. Nataraja Pillai**: According to precedent, after a closure, there is a right to reply.

Sir, the demand I moved was for Rs. 1,89,500. It comes under three items. In the first item it is proposed to transfer the staff retrenched from the Civil Supplies Department on account of the abolition of food procurement to the Land Revenue Department to clear off arrears, till they are absorbed elsewhere. Additional funds to the extent of Rs. 54,900 are necessary to meet their pay. Out of the above staff, 36 Village Officers on Rs. 25-40 and 72 Village Assistants on Rs. 25-30 are to be posted for collection of arrears of revenue due to Government under the Revenue Recovery Act. Sir, there was pointed criticism on this item. It was urged that this is a provision made for unnecessary appointments. I may inform the House that not a single person has been appointed. There was in the Civil Supplies Department personnel drafted from various departments. All of them had to be reverted to their parent departments thereby throwing out persons who were working in those departments who had already put in service of more than seven years. That was the problem that the Government had to face. I would request Mr. Sitaraman who spoke on that to remember the case of the Excise Department staff when the Frontier customs was abolished, the number of persons that were found without jobs and the position taken up by my friend and others, that it will not be right to treat them as supernumerary but that they should be absorbed. Now it is not merely a case of providing for these people. The facts are these. A preliminary enquiry made by the Land Revenue Department brought to light that a sum of nearly Rs. 75 lakhs was due to be collected as arrears, not the arrears due from Land Revenue only but arrears of Abkari revenue, arrears of forest contractor's dues, arrears from Grow-more Food loan dues, and so on. When this problem came before the Government and when the Government were considering about the agency which will promptly attend to this work, the Civil Supplies Department had to be reorganised and a sufficient number of persons who were there as Village Assistants and Village Officers were available. So, Government thought that their services may be utilised for this work.

Now sir, I will meet the criticism of my friend Mr. Velayudhan Nair. He was saying that arrears to such a large extent ought not to have been allowed to accumulate and that the appointment of an additional staff for that purpose is wrong in principle. I do not comment on that. I am only sorry that my hon. friend has not been more charitable to his friends who are also responsible in bringing about that situation. After having allowed the arrears to accumulate to the extent of 3/4 of a crore,

when he sees an earnest attempt being made and some agency devised to do that additional work and collect the amount at the earliest possible date, and then, on top of all these to make this charge against us, is hardly being charitable. We know that in our country when any money is to be paid to Government, even people with means try to avoid payment. So, that kind of evasion of liability has to be encountered and active steps have to be taken to realise the money from people who are capable of paying. Government have to do all they can in this matter, to conserve Government interests and the interests of the people as a whole.

The second item refers to large-scale encroachments on lands leased out for food production under the control of the Revenue Department and in Reserved forests. Instances of unauthorised transfers of lands and other irregularities in the occupation of these lands are many. These have not only affected the conservancy of Government lands but have also resulted in considerable loss of revenue to Government. An enquiry was made with the Board of Revenue and the Conservator of Forests. The Conservator of Forests was able to give only an approximate figure. It is found that something like 50,000 acres have been leased out from reserved forests, but the actual area under occupation is much more, and the Conservator is not in a position to give the exact figure, because there was widespread encroachment. Regarding the encroachments on revenue porambokes, the exact figure apart from the area involved in cases registered under the L. C. Act and the leases granted by the Revenue Department, are not available. But at the same time, the District Collectors report that there are much more encroachments on revenue porambokes and revenue waste lands. What should Government do ? A man who is entitled to have 5 acres of kuthagapattom land, is seen to be enjoying 50 acres or 100 acres and more. There are areas which under the revenue records and the Forest Department records, are reserved lands and which are actually occupied by a colony of people cultivating them and making permanent improvements on them. There is absolutely no record available in the Revenue Department or in the Forest Department as to the exact extent of the area under occupation by each individual. No survey was conducted and no proper revenue accounts were maintained.

The situation in the country being so abnormal, so undesirable and so dangerous for the future prosperity of the State itself, Government thought that their first duty will be to have a thorough survey and examination. Government noticed that three departments were engaged in these works. Under the Forest Department, there was a set of people who are asked to survey encroachments on forest lands. Under the Revenue Department there was a party set apart to do the very same work in regard to other areas, and under the Survey Department, there was a staff doing the same kind of work, and there was absolutely no co-ordination in their work. So, Government decided that this work should be co-ordinated and done effectively

[Shri P. S. Nataraja Pillai]

and systematically. They also came to the conclusion that the subject required serious handling. Therefore, in a Government Proceedings passed on 22nd June 1954 they decided to bring into existence an agency which would undertake this work.

**Dr. A. R. Menon:** Did you take any action for this gross neglect on the part of the officers concerned ?

**Shri P. S. Nataraja Pillai:** On account of acquiescence on the part of Government in having allowed them to continue in this condition, we thought that at the moment it would be improper to take action against the Government officers.

As a first step in this direction, Government wish to lay down the following:

(1) that no new grants of land will be made to individuals for purposes of grow more food in future ;

(2) that future allotments of land will be only for purposes of settlement and colonisation ;

(3) that applications from Farming Societies registered under the Co-operative Societies Act will alone be considered for assignment of lands and the lands available for cultivation will be granted to them only ; and

(4) that all applications for assignment of lands should in future be made through the Revenue Department and that applications made otherwise will not be countenanced.

Under the Grow More Food Scheme lands were leased out by the Forest Department, Revenue Department and by some Committees and other individual officers who were authorised in that behalf by Government.

The following are the main items of work to be undertaken by the Special agency :—

(1) A field survey should be conducted and sketches according to occupation prepared.

(2) A thorough enquiry will be conducted as to how the occupants came into possession of the lands—whether under lease or assignment granted by Government or by transfer of assignment or lease or by unauthorised encroachment.

(3) An examination as to whether the lands under occupation are forest lands or other Government lands. In the case of forest lands, the question whether the lands should be classified as revertible or non-revertible to the Forest Department should be decided. A decision as to whether these lands should and could be assigned, will also be taken.

It was considered necessary in the interests of forest conservancy and the natural resources of the State to have a classification of the lands which ought to be maintained as forests and those which can be thrown open for assignment. That is a question on which a decision has to be taken.

**Shri R. Sankaranarayanan Tampi:** Are the Government aware that in the occupation of lands, there are instances where the occupation has been very many years old and for which there is no record ?

**Shri P. S. Nataraja Pillai:** My hon. friend will have the patience to hear the other provisions also.

It was found necessary to make a classification as to the area that should be preserved as reserved forests and the area that can be thrown open for assignment. The agency consists of a Special Officer of the status of a District Collector. He will have under him a Revenue Officer of experience—preferably a Deputy Collector—an officer of the Forest Department (an Assistant Conservator of Forests) and the necessary staff. The agency will take steps for the eviction of the occupants of the lands that have to be resumed, as expeditiously as possible. The following principles will be adopted for the settlement of lands that are to be assigned:—

(1) In making assignments of lands, the aim of bringing the lands under colonisation and settlement will be kept in view. I will explain the intention of Government. If any assignment is granted to any individual, that individual should cultivate the land. He should not be an absentee landlord. Therefore, we make it a principle that in making assignments the aim of bringing the lands under colonisation and settlement will be kept in view.

(2) The lands will be demarcated into "economic holding" which is to be fixed on the recommendation of the Special Officer and the extent of the land to be leased to an individual will normally be limited to such an economic holding and the assignment will be for cultivation alone. In different areas, the area of an economic holding may differ. In one area, it may be 5 acres, in another it may be 10 acres. The Special Officer will recommend the economic unit in each particular area, get the sanction of Government and then allot the lands in that economic unit. We have fixed a minimum rent of Rs. 7 per acre. The lands fit for dwelling sites will, however, be separately demarcated into plots of 20 to 30 cents and will be set apart for assignment as house sites, at a nominal rate of rent. That is, to people who have no house sites, if they want themselves to be rehabilitated, leases will be granted. Government realise the difficulty in giving short term leases of land.

Unless there is a permanent interest created in the worker on the land, there is always the danger of the land not being put to the best advantage possible. Therefore, to create an interest in the lease-holder we decided that the leases will be granted without limit of time, so that he may have the assurance, subject to certain conditions, that he will have a right of perpetuity of enjoyment. Therefore we did not want to put a limit of time on the lease. And, if the land is resumed for public purposes, the lessee will be entitled to the value of the improvements made on the land, according to rules to be framed in the matter. Under the kuthagapattom rules the lease is resumed at the option of Government. Suppose there is some hydro-electric project to be set up in the area given on lease. When it is a public necessity, Government resumes that land, and the actual worker who has improved the land must be entitled to get the wages of his labour.

[Shri P. S. Nataraja Pillai]

Next, in the case of authorised occupation, where the occupant has effected valuable improvements, an excess area over and above the economic unit may be granted to the occupant on lease, as a matter of concession. Suppose a man has made valuable improvements on 50 acres of land. He is entitled to compensation for the valuable improvements he has made. The economic holding is 5 acres. To compensate for the work of improvement, he is given an extra area as a concession. In the cases of unauthorised occupations, whether by encroachment or by transfer of assignment, the question of lease of the land to the occupant will be considered only after payment of rent for the whole period of prior occupation at the rate of Rs. 7 per acre. Such occupants will be eligible for assignment of the lands occupied by them only if they are resident cultivators. These are the principles that have been thought out and put into the Government proceedings, on the basis of which we intend to proceed. For these we want an agency.

**Shri R. Sankaranarayanan Tampi** : Is it meant by the Minister that the purpose of colonisation is kept in view while this order is put in operation ? How is it that when the order is passed and actually operated upon it will not be detrimental to the land owner ?

**Shri P. S. Nataraja Pillai** : It will not be detrimental to the land owner. No one's legitimate right is sought to be denied.

**Shri R. Sankaranarayanan Tampi** : Has not eviction been ordered ?

**Shri P. S. Nataraja Pillai** ; I will answer that question, Sir. Let me complete my argument in the vein in which I have been proceeding. Now, to implement the scheme, we had to appoint new staff. Fortunately or rather accidently, among Government servants now in service, we had excess personnel working in different departments. We took them from those departments and put them on to this work for one year. As a matter of fact, no new appointment was made except one or two controlling officers.

Then about the major question of occupation, two different lines of approaches were made in the House. There is the charge that people get lands from Government and lease them out to sub-lessees and thus exploit the poor worker on the land. That is abhorrant and no one is in favour of that kind of system. There are large areas of land in the possession of these middlemen and the propertied class. At the same time there is the other argument that there are large numbers of people who are houseless and indigent who have squatted on these lands to make a living and find a shelter. Those people are ejected. That is also abhorrant, illegal and iniquitous. Now Sir, what are the real facts ? Lands may be divided into Government property and non-Government property. That ought to be recognised Nobody has the right to occupy them unauthorisedly. If any one takes it into his head to set at naught the laws prevailing in the country and take the law into his own hands.........

**Shri M. P. Menon**: You are acquiscing in all these things.

**Shri P. S. Nataraja Pillai**: Sir, it is a fact that Government have been acquiscing in this to a certain extent when there was acute food scarcity. Now the situation has changed and therefore Government think of reversing the process. There is absolutely nothing illegal or abhorrant in the Government enforcing the law as it exists today. To my hon. Friend who, in his flowery language, has depicted the hardships the circuiting village officer and proverthicar are visiting on the people dwelling in these assigned lands in the course of their duty, I would say this. Law is common, whether it is for the poor who live in huts or those who live in palaces.

**Shri R. Sankaranarayanan Tampi**: Is it not the fact that the power of those who live in palaces is derived from the people who live in huts?

**Shri P. S. Nataraja Pillai**: Under the social system it springs from the assertive power of the individual concerned irrespective of palaces or huts where they dwell. I feel, Sir, that a certain amount of power can be exerted by a collective agency. What I was saying was that the people who live in those lands set at naught the Government agency thinking that they were the masters, continued their occupation unchallenged. But we have to make a realistic approach to the problem. Whenever there is genuine necessity it has to be conceded. Land must be settled in the name of the really indigent and allotted to them. Eviction comes when a decision is arrived at that that piece of land is absolutely necessary in the common interest. Of course, common interest cannot be sacrificed for individual interest. My hon. Friend Mr. Tampi himself will concede that.

**Shri R. Sankaranarayanan Tampi**: I am not opposing eviction.

**Shri P. S. Nataraja Pillai**: That is the position, Sir. When public necessity becomes imperative the law will be set in motion.

**Shri R. Sankaranarayanan Tampi**: Is it by decolonising that you are bringing into operation the principles of colonisation ?

**Shri P. S. Nataraja Pillai**: I never said that. I did not mean that eviction will have to be resorted to at one stage and colonisation brought into effect at the next stage. But what I said was that both go side by side. Moreover, I may, on behalf of the Treasury Benches say, Sir, that it is their hope that every homeless indigent will be able to get a piece of land to call his own and also enjoy the privilege of owning a house of his own. Whether it is going to be a pious hope because of my friends' hurry in the matter, I do not know. But it is the earnest trust and hope of the Government that with the kind sympathy, co-operation and good-will of all in this House, this desirable state of affairs would become practicable in the near future.

[Shri P. S. Nataraja Pillai]

Another argument advanced against this Demand was that this was a new approach for currying cheap popularity. Can Government, Sir, gain cheap popularity by putting into operation the Revenue Recovery Act against a large number of people? Also, can eviction of a large number of people from the land gain cheap popularity? If we like to have cheap popularity, we will have to adopt measures that will be least irksome to people who have made encroachments upon forest lands in large numbers.

The next question is about the Oodukoor settlement. But this question did not attract universal attention because it is confined to only three or four taluks of the State. The work of settlement was started in 1112, and when we came to office, we found one-third of the work was completed and two-third was pending. Steps were taken to expedite the work. Reports were called for by Government. It was found from the report that the work could be completed within the next 12 months with some more staff. On that specific understanding and with particular instructions on the matter, additional staff has been granted for that work. I don't want to go into the merits of the settlement. In any case, it is a fruitful source of litigation in the country.

Sir, in the Land Revenue demands we have made provisions for three main items *viz.*, for the recovery of dues which are in arrears, for survey and resettlement, demarcation and assignment under these principles, of all Government lands that are now encroached upon and other lands as well, and then about the settlement of Oodukoor lands.

ശ്രീ കെ. എം. ജോർജ്ജ്: കൊച്ചിയിലെ ഇടപ്പള്ളി ലാൻഡ് സംബന്ധിച്ച് എന്താണു ചെയ്യാൻ പോകുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള: ഗോമാംഗലം ഭാഗത്ത് കൊച്ചി സർക്കാരിന്റെ വക കുറെ ഭൂമിയുണ്ട്. അങ്ങനെയുള്ള ഭൂമികളെ സംബന്ധിച്ചും വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

But I have not taken them as a separate item at all. These are the three items for which I have come before you.

**Shri M. P. Menon:** When do you expect to complete this process of resumption? That is, the completion of the work of assigning the land belonging to the Government?

**Shri P. S. Nataraja Pillai:** As far as the completion of the arrears is concerned, this is a matter which can be decided only by the progress of work that has been done. We have called for quarterly reports. Before the next Budget comes up we would be in a position to know the exact amount of the arrears that are pending and the amount that is collected. We would then be able to know the return we are getting for the investment we make etc.

As far as the Settlement scheme is concerned, the present orders are that it should be completed in the two taluks of Devikulam and Pathanamthitta before the end of this year. As for the Oodukoor settlement, it is to be completed this year. Sir, we have taken pains to see that we are not making any addition to the permanent services of the State.

There was a remark made by some hon. Member here about the propriety of a minority party in charge of the Government doing all this. Whatever may be the constitutional propriety of that remark, our position is that we do not want to commit the country any way. We thought that the demand for this item is satisfied by this proposition. We are making a provision for this year also. To that extent I am asking for this grant and I think I have explained my position.

Then, there is the procedural objection raised by my hon. friend Shri Velayudhan Nair whether I am entitled to move a supplementary grant after the Appropriation Bill is over. I think the procedure adopted is quite right and proper.

**Shri R. Sankaranarayanan Tampi:** Sir, a point of order. The hon. Member Shri Kalathil Velayudhan Nair has raised a point of order. Should the Minister reply? Is it not for the Speaker to pass a ruling upon that point?

**Shri P. S. Nataraja Pillai:** If my hon. friend is so desirous that I should not answer Mr. Velayudhan Nair, I shall not do so. I thank him.

**Shri Kalathil Velayudhan Nair:** It is not like that. If the Minister should not answer, how can Mr. Tampi answer? Do not take shelter under Mr. Tampi's answer.

**Mr. Speaker:** That is left to the Minister concerned. He can choose to answer or not to answer.

<u>ശ്രീ. ടി. പി. സീതാറാമൻ:</u> പുറംപോക്കുകളെ സംബന്ധിച്ച് സർവെ ചെയ്യുന്നതോടുകൂടി ഇവിടെ ആളെയുള്ള ഭൂമികളെ സംബന്ധിച്ച് എന്തെങ്കിലും കണക്കെടുക്കുവാൻ വിചാരിക്കുന്നുണ്ടോ?

<u>ശ്രീ. പി. എസ്. നടരാജപിള്ള:</u> ഇതും വേണ്ടതാണ്. പക്ഷെ അത് വേറൊരു പ്രശ്നമാണ്.

The question that a supplementary sum not exceeding Rs. 1,89,500 be granted under Demand II-7 Land Revenue was put and carried.

The grant was made.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്:</u> സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഞാൻ കഴിഞ്ഞ ഒരു സംഗതിയെപ്പററി ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ആവശ്യപ്പെടുകയാണ്. ഈ ഹൗസിൽ നിയോജകമണ്ഡലങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ വന്നിട്ടുണ്ട്. ഇവിടെ കാൺഗ്രസ്സുകാരും ഐക്യമുന്നണിക്കാരും പി. എസ്. പി. ക്കാരും അങ്ങനെ മൂന്നു പാർട്ടിക്കാരുണ്ട്. എന്നാൽ ഞാൻ എങ്ക

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

മാത്രനായ ഒരു സ്വതന്ത്രനാണ്. എനിക്കും മററുള്ളമെംബർമാരെപോലെ തന്നെ ഈ സഭാനടപടികളിൽ പങ്കെടുക്കുവാനും അഭിപ്രായം പറയുവാനും അവകാശമുണ്ടെന്നു കണ്ടിട്ട് ബഡ്ജററിനെപ്പററി പൊതുവിമർശനം നടന്നുകൊണ്ടിരുന്ന അവസരത്തിൽ ആ മൂന്നുദിവസങ്ങളിലും ഞാൻ സംസാരിക്കുന്നതിനു അനുവാദംചോദിച്ചു. അങ്ങ് തന്നില്ല. പിന്നീടുള്ള അവസരങ്ങളിലും മററുപാർട്ടിക്കാർക്ക് സമയം വീതിച്ചുകൊടുത്തുപോയതിനാൽ അനുവാദം തരുവാൻ സാദ്ധ്യമല്ലെന്ന് ഒന്നുരണ്ടുപ്രാവശ്യം പറയുകയുണ്ടായി. അപ്പോൾ ഞാൻ പാർലമെൻറിന്റെ ഒരു ലേററസ്ററ ഡിസിഷൻ കൊണ്ടുവന്നുകാണിച്ചു, എനിക്കു അനുവാദം നിഷേധിക്കുവാൻ പാടില്ലെന്നു പറഞ്ഞു. ഞാനിപ്പോൾ ആ കാര്യം ഒന്നുകൂടി ഓർമ്മപ്പെടുത്തുകയാണ്. എനിക്കും മററുമെംബർമാരെപ്പോലെ ഓരോ വിഷയത്തെക്കുറിച്ച് സംസാരിക്കുന്നതിന് അവകാശമുണ്ടോയെന്നുള്ളതിനെക്കുറിച്ചു ഒരു റൂളിംഗ് കിട്ടിയാൽകൊള്ളാം.

ശ്രീ. കെ. സി. ജാർജ്ജ്: മെംബർക്കു പാർട്ടി വല്ലതുമുണ്ടോ?

മി. സ്പീക്കർ: ഞാൻ ഇതിനെപ്പററിയുള്ള റൂളിംഗ് നേരത്തെ തന്നെ തന്നിട്ടുണ്ട്. ഈ സഭയിലുള്ള ഓരോ അംഗവും പ്രസംഗിക്കുവാനുള്ള സമയം ചെയറിനോടു ചോദിച്ചാൽ എല്ലാവർക്കും ഒരുപോലെ കൊടുക്കുവാൻ ഒക്കുകയില്ലെന്നുള്ളതു് ബഹുമാനപ്പെട്ട മെംബർമാർക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് പാർലമെൻററി സംപ്രദായത്തിൽ, പരിഷ്കൃതലോകംമുഴുവനും അംഗീകരിച്ചിട്ടുള്ള പാർട്ടു സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ പാർട്ടികളുടെ അഭിപ്രായമനുസരിച്ചാണ് സഭാനടപടികൾ മുമ്പോട്ടുകൊണ്ടുപോകുവാൻ ശ്രമിക്കുന്നതു്. ഇതിനെ സംബന്ധിച്ചു ഞാൻ ഉറപ്പിച്ച് റൂളിംഗ്നൽകിയിട്ടുള്ളതാണ്. സംഘടിതമായ പൊതുജനാഭിപ്രായത്തെ പ്രതിനിധീകരിക്കുന്ന പ്രബലമായ രാഷ്ട്രീയകക്ഷികൾക്ക് കൊടുത്തുകഴിഞ്ഞു്, ബാക്കി വരുന്ന സമയം മാത്രമെ മററുള്ളവർക്കു കൊടുക്കുവാൻ നിർവാഹമുള്ളു എന്ന വസ്തുത വളരെ വ്യക്തമായി ഉറപ്പിച്ചുപറയുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അങ്ങനെയാണെങ്കിൽ സ്പീക്കറിന്റെ റൂളിംഗിനോടുള്ള പ്രതിഷേധസൂചകമായി ഞാൻ ഈ സഭയിൽനിന്നും വാക്കൌട്ട് ചെയ്യുന്നു.

(Shri. Chazhikkattu Joseph walked out)

ശ്രീ. പി. വിശ്വംഭരൻ: സർ, ഒരു പായിൻറ ആഫ് ആർഡർ. റൂളിംഗിന്റെ വെളിച്ചത്തിൽ വേറൊരു പായിൻറ ആഫ് ആർഡർ ഉന്നയിക്കുന്നു. ഗവണ്മെൻറ പാർട്ടിയെന്നും പ്രതിപക്ഷമെന്നുമുള്ള അടിസ്ഥാനത്തിൽ സമയം വീതിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഏകദേശം 100 പേരോളം ഗവണ്മെൻറിനെ വിമർശിക്കുവാനുള്ളപ്പോൾ 17 പേർക്കു മാത്രമെ മറുപടി പറയുവാൻ സമയംലഭിക്കുന്നുള്ളു. അങ്ങനെ ശരിയായി നോക്കുകയാണെങ്കിൽ പി. എസ്. പി.-ക്കു അതനുസരിച്ചു സമയം ലഭിക്കുന്നില്ല. അതിനാൽ ആളുകളുടെ എണ്ണം അനുസരിച്ചു ആനുപാതികമായി സമയം വീതിക്കാതെ ഗവണ്മെൻറപാർട്ടിയെന്നും പ്രതിപക്ഷമെന്നുമുള്ള നിലയിൽ സമയം വീതിക്കേണ്ടതാണ്,

മി. സ്പീക്കർ : ചെയറിനു ഇതിനെസംബന്ധിച്ചു പ്രത്യേകം അഭിപ്രായമൊന്നുമില്ല. പാർട്ടിനേതാക്കൾ പറയുന്നതുപോലെ ചെയ്യാൻ തയ്യാറാണു്.

DEMAND III—8 STATE EXCISE DUTIES.

(*Minister for Finance*) **Shri P. S. Nataraja Pillai :** Sir, I move for a supplementary grant of Rs. 58,500 under Demand III—8. State Excise Duties.

**Shri A. Achuthan :** I second it.

ശ്രീ. എൻ. ജി. ചാക്കോ : സർ, ഇതിൽ പറയുന്നതു് ഇങ്ങനെയാണു്.

"Government have sanctioned a special staff for the strict enforcement of Prohibition and suppression of malpractices both in the wet and dry areas of the State."

സർ, ഈ സഭയിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന സപ്ലിമെൻററി ഡിമാൻറിനെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. മദ്യനിരോധനമെന്നുള്ളതു് കാൺഗ്രസ്സിൻെറ മുഖ്യമായ പരിപാടിയിൽപ്പെട്ടതാണു്. എൻെറ ഓർമ്മ ശരിയാണെങ്കിൽ 123-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. പട്ടംതാണുപിള്ള അവർകൾ മുഖ്യമന്ത്രിയായി ചാർജ്ജെടുത്തതിനുശേഷം ഒരു പത്രപ്രതിനിധി ഒരു കാര്യം ചോദിച്ചതിനു അദ്ദേഹം പറഞ്ഞ മറുപടിയാണു് എൻെറ മനസ്സിൽ ഇപ്പോൾ വരുന്നതു്. ഈ സംസ്ഥാനത്തു് മദ്യനിരോധനം ഏർപ്പെടുത്തുമെന്നു് അദ്ദേഹം പ്രസ്താവിച്ചപ്പോൾ ആ പത്രപ്രതിനിധി ചോദിച്ചു, അതുമൂലം രാജ്യത്തിനുണ്ടാകുന്ന നഷ്ടത്തെ എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നു്. അദ്ദേഹം മറുപടി പറഞ്ഞതു് മദ്യംവിററു് പണമുണ്ടാക്കുന്നതിനെക്കാൾ നല്ലതു് അതുണ്ടാക്കാതെ ഇരിക്കുന്നതാണു് എന്നാണു്. അദ്ദേഹം പ്രധാനമന്ത്രിയായിരുന്നപ്പോൾ 6 താലൂക്കുകളിൽ മദ്യവർജ്ജനം ഏർപ്പെടുത്തി. ഇന്നു് 13 താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്നു് എക്സൈസ്സ് മന്ത്രി ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. മദ്യനിരോധനം മററു താലൂക്കുകളിൽ കൂടി വികസിപ്പിക്കുകയെന്നുള്ളതാണു ഗവണ്മെൻറിൻെറ നയമെന്നു വ്യക്തമായ ഭാഷയിൽ ആവർത്തിച്ചു് ആവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. എനിക്കു് ഈ അവസരത്തിൽ പറയുവാനുള്ളതു് അങ്ങനെ ഈ മദ്യനിരോധനം വികസിപ്പിക്കുമ്പോൾ പത്തനംതിട്ടതാലൂക്കിനെ മറന്നുകളയരുതെന്നാണു്. ഇന്നു് പത്തനാപുരം താലൂക്കുവരെ എത്തിയിട്ടുണ്ടു്. അതു് പത്തനംതിട്ടതാലൂക്കിൽകൂടി ഏർപ്പെടുത്തേണ്ടതാണു്. മദ്യവർജ്ജനം വിജയിപ്പിക്കാനാണു് ഈ തുക ഇന്നാവശ്യപ്പെട്ടിരിക്കുന്നതു്. ഇന്നു് മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുന്ന പലതാലൂക്കുകളിലും മദ്യം ധാരാളം ലഭിക്കുന്നുണ്ടു്. അതിനെപ്പററി ശരിയായി അന്വേഷിക്കുന്നതിനും വേണ്ട നടപടിയെടുക്കുന്നതിനും ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണു്. മദ്യനിരോധനം ശരിയായികൊണ്ടുപോകുന്നതിനു വേണ്ടി ഒരു പ്രത്യേക സ്റ്റാഫിനെ നിയമിക്കുവാൻപോകുന്നുവെന്നു് ഗവണ്മെൻറു പറഞ്ഞതിൽ ഗവണ്മെൻറിനെ അനുമോദിക്കുന്നു. രാജ്യത്തു് അക്രമങ്ങളും അഴിമതികളും കൂടുതലുണ്ടാകുന്നതു് മദ്യംനിമിത്തമാണെന്നാണു് എൻെറ അഭിപ്രായം. അതിനാൽ മദ്യനിരോധനം ഏർപ്പെടുത്തുന്നതിനു വേണ്ടി കൊണ്ടുവന്നി

[ശ്രീ. എൻ. ജി. ചാക്കോ]

രിക്കുന്ന ഈ ഗ്രാന്റ് അനുവദിക്കേണ്ടതാണെന്നാണ് എനിക്കു സഭയോട് അഭ്യർത്ഥിക്കുവാനുള്ളത്. വ്യാജചാരായങ്ങളും വാററുന്നതുംമററും നമ്മുടെ നാട്ടിൽ സാധാരണമാണ്. അതുകൊണ്ട് ആ കാര്യങ്ങളെല്ലാം അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനാവശ്യമായ ഒരു സ്റ്റാഫിനെ നിയമിക്കേണ്ടതാണ്.

മദ്യനിരോധനം ഏർപ്പെടുത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ പലയിടത്തും ഉപഷാപ്പുകൾ നടത്തുന്നുണ്ട്. എന്റെ സ്ഥലമായ പത്തനംതിട്ട താലൂക്കിൽതന്നെയും എന്റെ സ്വന്തം സ്ഥലമായ നാരാങ്ങാനം കരയിലും ഇങ്ങനെയുള്ള ഉപഷാപ്പുകൾ വളരെയുണ്ട്. പല പരാതികളും ഇതിനെപ്പററി അയച്ചിട്ടും കാര്യമായി ഇതുവരെ ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ട് ഇതു തടയുന്നതിനു പ്രത്യേകം ഒരു സ്ക്വാഡിനെ നിയമിക്കേണ്ടതാണ്. കൂടാതെ വ്യാജചാരായവാററും നടക്കുന്നുണ്ട്. അതെല്ലാം തടയുന്നതിനുവേണ്ടി ഒരു പ്രത്യേക സ്റ്റാഫിനെ നിയമിക്കുന്നതിൽ ഈ ഗവണ്മെന്റ് മുൻകൈ എടുത്തുകാണുന്നതിൽ ഞാൻ ഗവണ്മെന്റിനെ അനുമോദിക്കുകയാണ് ചെയ്യുന്നത്. ഗവണ്മെന്റ് ശ്രദ്ധാപൂർവ്വം നോക്കേണ്ട ഒരുകാര്യം കൂടിയുണ്ട്. മുകളിൽപറഞ്ഞ കാര്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാർ മദ്യപാനത്തിൽ താല്പര്യമുള്ളവരായിരിക്കാൻപാടില്ല. അക്കാര്യത്തിൽ ഗവണ്മെന്റ് പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. ഈവക ജോലികൾക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെക്കൂടി സസൂക്ഷ്മം പരിശോധിക്കേണ്ടതാണ്. അല്ലെങ്കിൽ കള്ളനെ കാവലേല്പിക്കുന്നതുപോലെയാകും സംഗതികൾ. ഈവക കാര്യങ്ങളിൽ ഗവണ്മെന്റിന്റെ സത്വരമായ ശ്രദ്ധ പതിപ്പിക്കണമെന്നു പ്രസ്താവിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഈ ഉപധനാഭ്യർത്ഥന സഭ അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. ഒ. ബാവാ: 108100 രൂപ മദ്യനിരോധനം കർശനമാക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ഈ വർഷത്തിൽ ചെലവുചെയ്യാൻ പോവുകയാണ്. അങ്ങിനെ ഒരു ലക്ഷത്തിൽപരം രൂപ ചിലവു ചെയ്യുന്ന സന്ദർഭത്തിൽ ഈ നാട്ടിലെ മററു ഭാഗങ്ങൾക്ക് ആ തുക പ്രയോജനപ്പെടുന്നുണ്ടോ എന്നാലോചിക്കുന്ന പക്ഷം നിർഭയമായും കഷ്ടമായ ഒരു സ്ഥാനത്തു അടങ്ങിനിൽക്കുന്നതല്ലാതെ ഒട്ടുംതന്നെ മററുഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്നില്ലെന്നു മനസ്സിലാക്കാൻ കഴിയും. ഈ രാജ്യത്തെ ജനങ്ങൾ മദ്യം കുടിക്കരുതെന്നുള്ളതാണ് പി. എസ്സ്. പി. ഗവണ്മെന്റിന്റെ ലക്ഷ്യമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. അതോടുകൂടി മദ്യനിരോധനം കർശനമാക്കുന്നതിനുവേണ്ടി ഭീമമായ ഒരു തുക ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുകയാണ്. എന്നാൽ ഇന്ന് മദ്യനിരോധനം നിലവിലിരിക്കുന്ന താലൂക്കുകളെവിട്ട് ഒരു സ്ഥലത്തുപോലും മദ്യനിരോധനം ഏർപ്പെടുത്താൻ ഗവണ്മെന്റ് സന്നദ്ധത കാണിക്കുന്നില്ല. ഇന്നുള്ള ഉദ്യോഗസ്ഥന്മാരെത്തന്നെ ശരിക്ക് പ്രയോജനപ്പെടുത്തുന്നപക്ഷം ഇന്നുള്ള നിരോധനമേഖലകളിൽ കുറച്ചുകൂടി നിയമം പാലിക്കാൻ സാധിക്കുമെന്നാണ് ഞാൻ പറയുന്നത്. മദ്യനിരോധനമേഖലകളിൽ ചെന്നുനോക്കിയാൽ പ്രിവന്റീവ് ആഫീസന്മാർ അലസന്മാരായി കഴിഞ്ഞുകൂടുന്നതായി കാണാൻ കഴിയും. അവർ മദ്യനിരോധനനിയമം ലംഘിക്കുന്നതു

കണ്ടുപിടിക്കാൻ ഉത്സുകരായിട്ടില്ല കണ്ടുവരുന്നതു്. ഇത്ര ഭീമമായ ഒരു തുക ഇക്കാര്യത്തിനുവേണ്ടി വ്യയംചെയ്യുമ്പോൾ ഈ നാട്ടിലെ കുറെ അധികം ആളുകൾക്കുകൂടി പ്രയോജനം ഉണ്ടാകാത്തക്കവിധത്തിൽ ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടതാണെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ഗവണ്മെന്റ ഈ വർഷം അങ്ങിനെ വ്യാപ്തി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടില്ലെങ്കിൽ അടുത്ത വർഷത്തിലെങ്കിലും കൊടുങ്ങല്ലൂർതാലൂക്കിനു് അടുത്തുകിടക്കുന്ന പറവൂർ കുന്നത്തുനാട്ട താലൂക്കുകൾ മദ്യനിരോധനമേഖലയായി പ്രഖ്യാപിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. എവിടെ നോക്കിയാലും പാവപ്പെട്ട തൊഴിലാളികളെ അക്രമങ്ങൾക്കും മററും പ്രേരിപ്പിക്കുന്ന ഒരു വിഷമാണു് ഈ മദ്യമെന്നു് കാണാൻ കഴിയും. ഈ മദ്യവിൽപ്പനയുള്ള പ്രദേശങ്ങളിലാണു് കൂടുതലായി അക്രമങ്ങളും മററും നടന്നുകൊണ്ടിരിക്കുന്നതു്. ഇവിടെ മദ്യനിരോധനത്തിനെ എതിർത്തുകൊണ്ടിരിക്കുന്ന എന്റെ സുഹൃത്തുക്കളുടെ ഉദ്ദേശവും അതു തന്നെയാണെന്നു ഞാൻ വിചാരിക്കുന്നു. പാവപ്പെട്ട തൊഴിലാളികളെ കുടിപ്പിച്ചു് സ്വബോധം നശിപ്പിച്ചെങ്കിൽമാത്രമേ തങ്ങളുടെ പിന്നിൽ അവർ പററിനിൽക്കുകയുള്ളു എന്നു വിചാരിച്ചാണു് തിരുവിതാംകൂർ-കൊച്ചി മുഴുവൻതന്നെ 'മദ്യനിരോധം പാടില്ല' എന്നു അവർ വാദിക്കുന്നതു്. എതായാലും ഭീമമായ ഒരു തുക ഇതിലേക്കുവേണ്ടി മാററിവയ്ക്കുമ്പോൾ അതു നാട്ടിലെ കുറെ ആളുകൾക്കുകൂടി പ്രയോജനപ്പെടത്തക്കവിധത്തിൽ കൊല്ലംതോറും ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കണമെന്നു് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

__ശ്രീ. പി. കെ. കുഞ്ഞച്ചൻ__: തികച്ചും പരാജയപ്പെട്ടുകഴിഞ്ഞതും യാതൊരു ശാസ്ത്രീയ അടിസ്ഥാനമില്ലാത്തതും ഏതാനും ചിലരുടെ ധാരണയ്ക്കും വിശ്വാസത്തിനുംവേണ്ടി നിലകൊള്ളുന്നതുമായ ഒരു പദ്ധതി നടപ്പിലാക്കാൻവേണ്ടി, കള്ളുകുടി നിറുത്തലാക്കാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ സപ്ലിമെൻററി ഗ്രാൻറിനെ എതിർക്കാതിരിക്കാൻ യാതൊരു നിവാഹവുമില്ല. ഈ മദ്യനിരോധനം നടപ്പിലാക്കിയ മേഖലകളിൽ അതുകൊണ്ടുണ്ടായ നേട്ടങ്ങളെ സംബന്ധിച്ചു് ചില ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞതു ഞാനും കേട്ടു. എന്തുവസ്തുതകളെ അടിസ്ഥാനമാക്കിക്കൊണ്ടാണു് അവർ അങ്ങിനെ പറഞ്ഞതെന്നു എനിക്കു് മനസ്സിലാകുന്നില്ല. മദ്യനിരോധനം ഏർപ്പെടുത്തിയ മേഖലകളിൽ ഉണ്ടായിട്ടുള്ള ക്രിമിനൽകേസുകളുടെ നമ്പരും ആ സ്ഥലങ്ങളിൽതന്നെ നിരോധനം ഏർപ്പെടുത്തുന്നതിനു മുമ്പുണ്ടായിരുന്ന കേസുകളുടെ നമ്പരും കണക്കാക്കിയിട്ടാണു് ഇവർ പറഞ്ഞിരുന്നതെങ്കിൽ എനിക്കു് അതു് മനസ്സിലാക്കാൻകഴിയുമായിരുന്നു. അതുപോലെതന്നെ മദ്യനിരോധനം ഏർപ്പെടുത്തിയ മേഖലകളിലെ സാംസ്കാരികമുന്നേററത്തിന്റെ വസ്തുതകൾ ശേഖരിച്ചു് അതിന്റെ വെളിച്ചത്തിൽ മെംബറന്മാർ സംസാരിച്ചിരുന്നെങ്കിൽ അതും എനിക്കു് മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഇന്നു ലക്ഷക്കണക്കിനു രൂപ മദ്യനിരോധനം നടപ്പിലാക്കാൻവേണ്ടി ചലവുചെയ്യുന്ന തയ്യാറാകുമ്പോൾ എത്രയോ കുടുംബങ്ങളെ പട്ടിണിയിലേക്കു് തള്ളിവിട്ടുകൊണ്ടാണു് രാജ്യം മുന്നോട്ടുനീങ്ങുന്നതു്. കുറെ ആളുകളെ യാതൊരു തൊഴിലുമില്ലാത്തവരാക്കിവിട്ടുകൊണ്ടാണു് കുറെ ആളുകൾക്കുവേണ്ടി മദ്യനിരോധനം നടപ്പിലാക്കുന്നതു്. ഇവിടെ ചിലഭാഗങ്ങളിൽ മദ്യനിരോധനം നടപ്പാക്കിയിട്ടുണ്ടു്. മദ്യനിരോധനമേഖലയായ നില

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

മേൽ നാട്ടിയിരിക്കുന്ന ബോർഡിൽ പററിനിന്നുകൊണ്ടു് വടക്കോട്ടു തിരിഞ്ഞുനിന്നു കുടിച്ചാൽ അതു കുററമല്ല. അതേയവസരത്തിൽ തെക്കോട്ടു തിരിഞ്ഞുനിന്നു കുടിച്ചാൽ കുററവുമാണു്. അതുപോലെതന്നെ ഈ തിരുവനന്തപുരം പട്ടണത്തിൽ ചാലയിലും പഴവങ്ങാടിയിലും ഇന്നും മദ്യം കിട്ടും. അങ്ങിനെ തികച്ചും പരാജയപ്പെട്ടിട്ടുള്ള ഒരു പദ്ധതിക്കുവേണ്ടി കൂടുതൽ കൂടുതൽ പണം നമ്മുടെ ഖജനാവിൽനിന്നും ചെലവാക്കുവാൻ പാടില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്.

മദ്യനിരോധനത്തിന്റെ നേട്ടങ്ങളെ സംബന്ധിച്ചു പറയുമ്പോൾ മദ്രാസ് അസംബ്ലി പാസാക്കിയ ഒരു പ്രമേയമാണു് എന്റെ ഓർമ്മയിൽ വരുന്നതു്. അവിടത്തെ മദ്യനിരോധനം പൊളിഞ്ഞു കഴിഞ്ഞുവെന്നു മനസ്സിലാക്കി അതു നിറുത്തൽ വയ്ക്കണമെന്നും തുടരാൻ പാടില്ലെന്നും ഒരു പ്രമേയം അസംബ്ലി പാസാക്കിയിരിക്കുന്നു. ഇന്നു ഈ രാജ്യത്തങ്ങോളം ഇങ്ങോളം ആയിരക്കണക്കിനു തൊഴിലാളികൾ തൊഴിലില്ലാത്തവരായി തീർന്നിട്ടുണ്ടു്. ആ നിലയ്ക്കു് ഇനിയും അനേകം തൊഴിലാളികളെ തൊഴിലില്ലാതാക്കിക്കൊണ്ടുള്ള ഒരു പരിഷ്കാരം ഇവിടെ തുടർന്നുകൊണ്ടുപോകേണ്ടതു ആവശ്യമാണോ അല്ലയോ എന്നുള്ളതു് നാം ഗൗരവമായി ആലോചിക്കേണ്ടതാണു്. ഈ മദ്യനിരോധനം തുടർന്നുകൊണ്ടുപോകുന്നതു ബുദ്ധിപൂർവകമല്ലെന്നാണു് ഞാൻ പറയുന്നതു്.

ഏതു മദ്യത്തിൽനിന്നാണു് ഏററവും കൂടുതൽ കുഴപ്പങ്ങളും തകരാറുകളും ഉണ്ടാകുന്നതെന്നും നാം അറിയേണ്ടതുണ്ടു്. വിദേശങ്ങളിൽനിന്നും വരുന്ന ലിക്കേഴ്സാണു് കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതു്. അതിനു ഡ്യൂട്ടി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ അതു മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ഡാക്ടർമാർപോലും പറഞ്ഞിട്ടുള്ള ആൾക്കഹോൾകണ്ടെൻസ് ഇല്ലാത്ത മദ്യമാണു് ഇവിടെ നിരോധിക്കുന്നതു്. ഈ നിരോധനം തുടരാൻ പാടില്ലെന്നും അതുകൊണ്ടു് ഈ സപ്ലിമെൻററി ഡിമാൻറു അനുവദിക്കാൻ പാടില്ലെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള: സാധാരണക്കാരെ കള്ളുകുടിപ്പിച്ചു അടങ്ങണമെന്നു ശാഠ്യംപിടിക്കുന്ന ഒരുവിഭാഗക്കാരുടെ അഭിപ്രായത്തെ ലംഘിച്ചു് മുന്നോട്ടുപോകുന്നതിനു തന്റേടമുള്ള ഒരു ഗവണ്മെൻറു് രാജ്യരക്ഷയ്ക്കു് അത്യാവശ്യമായിചെയ്യേണ്ട ഒരു കാര്യമാണു് മദ്യനിരോധനം. മദ്യനിരോധനത്തിനെ സംബന്ധിച്ചിടത്തോളം യാതൊരാക്ഷേപവും പുറപ്പെടുവിക്കാനില്ലെന്നുള്ള കാര്യം എല്ലാവരാലും സമ്മതിച്ചിരിക്കേ, ആ മദ്യനിരോധനനിയമം ശരിയായി നടത്തുന്നില്ലെന്നും ചിലപ്പോൾ ചിലർ അതു ലംഘിക്കുന്നുണ്ടെന്നുമുള്ള കാരണത്താൽ അതു മാററിവയ്ക്കണമെന്നു് അഭിപ്രായപ്പെടുന്നതു് കേവലം ബാലിശമാണെന്നേ കരുതാൻ നിവൃത്തിയുള്ളു.

ഭൂമി എടുക്കുമ്പോൾ കാമ്പൻസേഷൻ കൊടുക്കേണ്ടെന്നു് മഹാത്മജി പറഞ്ഞിട്ടുണ്ടെന്നു പ്രമാണങ്ങൾ ഉദ്ധരിക്കുന്ന ആളുകൾ മദ്യനിരോധനത്തെ സംബന്ധിച്ചിടത്തോളം മഹാത്മജിക്കുള്ള അഭിപ്രായം എന്തായിരുന്നുവെന്നു് ആരാഞ്ഞിട്ടില്ലെന്നു കാണുന്നതു് വളരെ കഷ്ടമാണു്. മററു ചില രാജ്യങ്ങളിൽ മദ്യനിരോധനം പരാജയപ്പെട്ടുകഴിഞ്ഞിട്ടുണ്ടെങ്കിൽ

തന്നെയും അവിടങ്ങളിൽ പരാജയപ്പെട്ടിട്ടുള്ള പല പരിക്ഷണങ്ങളും വിജയകരമായി പര്യവസാനിപ്പിച്ചിട്ടുള്ള ഒരു മഹാരാജ്യമാണ് നമ്മുടെ രാജ്യമെന്ന് നാം വിസ്മരിക്കരുത്. അങ്ങനെ മദ്യനിരോധനത്തെ സംബന്ധിച്ചിടത്തോളം അതു നമ്മുടെ സാധാരണ ജനങ്ങളുടെ ജീവിതത്തെ ഉയർത്തുന്നതിനും അവരെ ശരിയായ മാർഗ്ഗങ്ങളിൽ കൂടി കൊണ്ടുപോകുന്നതിനും ആവശ്യമായ ഒരു നടപടിയാണെന്ന് നമുക്ക് ബോദ്ധ്യമുള്ളസ്ഥിതിക്ക് അതിനു തടസ്സമുണ്ടാക്കാൻ ശ്രമിക്കുന്നതു ശരിക്കും ശരിയല്ല. ഒരു വലിയ അണകെട്ടുമ്പോൾ അതിന് അൽപ്പം ചില ലീക്കേജുണ്ടെന്നുള്ള കാരണത്താൽ അതു മുഴുവൻ പൊളിച്ചുകളയണമെന്നു വാദിക്കുന്നതുപോലെയാണ്, ചില്ലറ തകരാറുകൾ ഈ മദ്യനിരോധനവിഷയത്തിൽ ഉണ്ടാകുന്നുണ്ടെന്നുള്ളതുകൊണ്ട് അതു വേണ്ടെന്നുവയ്ക്കണമെന്നു പറയുന്നതു്. ഇവിടെ സപ്ലിമെൻററിയായി തുക ആവശ്യപ്പെടുന്നത് മദ്യനിരോധന നിയമം കർശനമാക്കുന്നതിനാണ്. എന്നാൽ അതിലേക്ക് എത്രമാത്രം ഉദ്യോഗസ്ഥന്മാരെ മാത്രം കൂടുതലായി സൃഷ്ടിച്ചാൽമതിയോ എന്നു നാം ആലോചിക്കണം. മദ്യനിരോധനമേഖലകളിൽ കുറെ ഉദ്യോഗസ്ഥന്മാരുണ്ട്. അവർ കാര്യക്ഷമമായി ജോലി നിർവ്വഹിക്കുന്നപക്ഷം മദ്യനിരോധനം ശരിയായി നടക്കാൻകഴിയും. പക്ഷെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രവണത പലകാര്യങ്ങളിലും പി. എസ്സ്. പി. ഗവണ്മെൻറ കാണിക്കുന്നുണ്ട്. ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം കാര്യങ്ങൾ ശരിക്കു മുന്നോട്ടുപോകുമെന്ന് എനിക്ക് അഭിപ്രായമില്ല. മദ്യനിരോധനമേഖല വികസിപ്പിക്കുന്നതിനുള്ള ഒരുശ്രമം ചെയ്തിരുന്നെങ്കിൽ വേണ്ടകില്ലായിരുന്നു എന്നാണ് ഞാൻ പറയുന്നതു്. ഇവിടെനിന്നും വടക്കോട്ടുപോകുമ്പോൾ ഇടയ്ക്കു ചില സ്ഥലത്തു ബസ്സുകളിൽ മദ്യനിരോധന ഉദ്യോഗസ്ഥന്മാർ പരിശോധിക്കുന്നതുകാണാം. അവിടെ കുറച്ചുസ്ഥലത്തു കുടിച്ചുകൂടാ, അല്പംകൂടി പോയാൽ അവിടെ കുടിക്കാം. ഈമാതിരി സ്ഥലങ്ങൾകൂടി മദ്യനിരോധനമേഖലയിൽ ഉൾപ്പെടുത്തുന്നതിന് ഈ സപ്ലിമെൻററി ഗ്രാൻറ് ഉപയോഗിച്ചിരുന്നെങ്കിൽ അതു കുറേക്കൂടി നന്നാകുമായിരുന്നില്ലേ എന്ന ആലോചിക്കേണ്ടതുണ്ട്. പണ്ഡിററ നെഹ്റുവിൻെറയും, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറയും ഈ വിഷയത്തിലുള്ള അഭിപ്രായങ്ങൾ ഇവിടെ പലപ്പോഴും ദുർവ്യാഖ്യാനംചെയ്തുകാണുന്നുണ്ട്. പണ്ഡിററനെഹ്റുവിൻേറയും എ. ഐ. സി. സി.യുടെയും അഭിപ്രായം എന്താണെന്നുള്ളതു വളരെ വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യനെ നന്നാക്കുന്നതിനുള്ള ഏതു കാര്യത്തെയും എതിർക്കുന്ന ഒരുവിഭാഗം ആളുകൾ ഇങ്ങനെ ചില പഴുതുകൾ കണ്ടുപിടിക്കുന്നതിൽ വലിയ വില കൽപ്പിക്കേണ്ടതില്ല. സ്കൂളുകളുടേയും കാളേജുകളുടെയും വാതുക്കൽ കള്ളുഷാപ്പുകൾ നടത്തുന്നതായിക്കാണാം. അതു മാററുന്നതിന് എന്തെങ്കിലും ഏർപ്പാട ചെയ്യേണ്ടതാണ്.

രാജ്യവ്യാപകമായി മദ്യനിരോധനം നടപ്പിലാക്കുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്യുന്നതിന് ഗവണ്മെൻറ തയ്യാറാകണം. ഈ വിഷയത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം രൂപീകരിക്കുന്ന ചില അനുദ്യോഗസ്ഥസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അങ്ങിനെയുള്ള സംഘടനകൾക്ക് വേണ്ട പ്രോത്സാഹനം നൾകേണ്ടതാണ്. പൊതുജനാരോഗ്യവകുപ്പിൽനിന്നും പബ്ലിക്റിലേഷൻസ് വകുപ്പുമുഖാന്തിരവും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനുള്ള നടപടികളും നടത്തേണ്ടതാണ്.

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

ഇവക കാര്യങ്ങൾക്കുവേണ്ടി ഈ സപ്ലിമെൻററി ഗ്രാൻറ ഉപയോഗിച്ചിരുന്നെങ്കിൽ അതു കുറേക്കൂടി ഉപയോഗപ്രദമാകുമായിരുന്നു എന്നു തോന്നുന്നു. ഇപ്പോൾ കുറെ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ രാജ്യത്തെ തൊഴിലില്ലായ്മ ഇല്ലാതാക്കണമെന്നുകരുതിയായിരിക്കും ഇങ്ങനെ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതെന്നു തോന്നിപ്പോകുന്നു. ഉദ്യോഗസൃഷ്ടികൊണ്ടുമാത്രം പ്രശ്നത്തെ സാരമായി സ്പർശിക്കുന്നതിനു സാധിക്കുകയില്ലെന്നു ഗവണ്മെൻറ് ഓർമ്മിക്കേണ്ടതാണ്. തിരുവനന്തപുരത്തു് ചാലയിലും പഴവങ്ങാടിയിലും മദ്യം വിൽക്കുന്നുണ്ടെന്നു ഒരു മെമ്പർ ഇവിടെ പറയുകയുണ്ടായി. എന്നാൽ തിരുവനന്തപുരത്തു മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ട് അത്രയും സ്വച്ഛതയായി നടക്കാൻ കഴിയുമെന്ന് ഏകദേശമുള്ളവർക്ക് മനസ്സിലാക്കാൻ കഴിയും. 'ഈ മദ്യനിരോധനം എല്ലാ ദിക്കിലും തുടങ്ങിയിരുന്നെങ്കിൽ' എന്നു ഞാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെ മനുഷ്യരെ മനുഷ്യരാക്കുന്ന ഗവണ്മെൻറിൻെറ ഉദ്യമത്തെ നമ്മുടെ സംസ്കാരത്തിനനുഗുണമായി ഈ രാജ്യത്താകമാനം ഏർപ്പെടുത്തണമെന്നുള്ളതാണ് ഗവണ്മെൻറിൻെറ ഉദ്ദേശമെന്നറിയുന്നതിലും സന്തോഷമുണ്ട്. ആന്ധ്രയിൽ മദ്യനിരോധനം നിറുത്തലാക്കണമെന്ന് ഒരു റെസല്യൂഷൻ പാസ്സാക്കിയതായി ഇവിടെ പറയുന്നതു കേൾക്കയുണ്ടായി. എന്നാൽ അതിനെ കാൺഗ്രസ്സുപാർട്ടി എതിർക്കുകയാണു ചെയ്തിട്ടുള്ളതു്. അവിടെ മദ്യനിരോധനം ആകാം എന്നുള്ളതിനു ഒരു സൂചനപോലും ഉണ്ടായിട്ടില്ല. ഈ മദ്യനിരോധനത്തിന് എതിരായിട്ട് കാൺഗ്രസ്സിലുള്ളവർതന്നെയുണ്ടെന്നു പറയുന്നതും ശരിയല്ല. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ തൽക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. സി. സി. അയ്യപ്പൻ: ഈ സപ്ലിമെൻററി ഗ്രാൻറിനെ ഞാൻ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുകയാണ്. സർ, ഇതിനെ എതിർക്കുമ്പോൾ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളതു് ഈവക കാര്യങ്ങൾ കുറച്ചുകൂടി വ്യക്തമായി ശാസ്ത്രീയമായ വീക്ഷണത്തിൽക്കൂടി കാണണം എന്നുള്ളതാണ്. സർ, ഇവിടെ ഒരു പാർട്ടി സാധാരണക്കാരെ കള്ളുകുടി നിറുത്തിച്ച് നന്നാക്കുന്നതിനായി മദ്യനിരോധനവും മററും നടപ്പിലാക്കി ഇത്രയും ഭരിച്ചതു് നാം കണ്ടുകഴിഞ്ഞു. ആ ഭരണംകൊണ്ടുണ്ടായ അനുഭവം എന്താണെന്നും നാം കണ്ടുകഴിഞ്ഞു. മദ്യനിരോധനം ഇവിടെ അവർ ഏർപ്പെടുത്തി ഇത്രയുംകാലം ഭരണം നടത്തിയിട്ടും അതു് ഒരു വമ്പിച്ച പരാജയമാണെന്ന് നമുക്കനുഭവപ്പെട്ടുകഴിഞ്ഞു.

സർ, മദ്യനിരോധനം നമ്മുടെ രാജ്യത്തു മാത്രമല്ല ഈ ലോകത്തു് എവിടെയും പരാജയപ്പെട്ടു. 1916-ൽ റഷ്യയിൽ മദ്യനിരോധനം ഏർപ്പെടുത്തിയതു് പരാജയപ്പെട്ടു. അമേരിക്കയിൽ അതു പരാജയപ്പെട്ടു. ഏതെല്ലാം സ്ഥലത്തു് മദ്യനിരോധനം ഏർപ്പെടുത്തിയോ അവിടെയെല്ലാം പരാജയപ്പെട്ടു. എന്താണ് സർ, അതിനു കാരണം. അതിനു വ്യക്തമായിട്ടുള്ള കാരണങ്ങൾ ഉണ്ട്. ശരിയായിട്ടുള്ള അടിസ്ഥാനമുണ്ട്. വ്യക്തമായ പരിപാടികൾ ഒന്നുമില്ലാതെ വെറും ആദർശത്തിൻെറ പേരിൽ മാത്രം നടത്തിയാൽ അതു പരാജയപ്പെടും. മദ്യം കുടിക്കണമെന്നു് മനുഷ്യൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻ ക്ഷേത്രത്തിൽ

മായതും ദുരിതപൂർണ്ണമായതുമായ ഒരു ജീവിതമാണ് നയിച്ചുവരുന്നത്. അങ്ങനെയുള്ള അവന്റെ ജീവിതത്തിന് ഒരു ആശ്വാസം കിട്ടാൻ അതിൽനിന്നും ഒരു അര നിമിഷനേരമെങ്കിലും അവന് മറവി കിട്ടണം എന്നുള്ള ആഗ്രഹത്തോടുകൂടി മനുഷ്യൻ കുടിക്കുവാൻ പ്രേരിതനാകുന്നു.

ശ്രീ. ഏ. താണുപിള്ള: റഷ്യയിൽ ഇപ്പോൾ കുടിയുണ്ടോ?

ശ്രീ. സി. സി. അയ്യപ്പൻ: ഞാൻ പറയാം. അതുകൊണ്ടാണ് മനുഷ്യന് കുടിക്കണമെന്നുള്ള ആഗ്രഹമുണ്ടാകുന്നത്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതാണോ അതു ശാസ്ത്രീയമാക്കണം എന്നു പറയുന്നത്.

ശ്രീ. സി. സി. അയ്യപ്പൻ: അതേ, അതുകൊണ്ടു മദ്യം കുടിക്കാൻ പാടില്ല, പ്രൊഹിബിഷൻ ആവശ്യമാണ് എന്നെല്ലാം നാം പറയുന്നതിനുമുമ്പുതന്നെ സാധാരണക്കാരായ നമ്മുടെ നാട്ടിലെ ഭൂരിപക്ഷം ജനങ്ങൾക്കും ജീവിക്കാനുള്ള അതായത് സുഖമായി ജീവിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കിക്കൊടുക്കണം. ഇന്നു തൊഴിലാളികൾക്ക് വേലയില്ല, കൂലിയില്ല. ഉള്ള തൊഴിലാളികൾക്കുതന്നെ കൂലി വെട്ടിക്കുറയ്ക്കുന്നു. ഇങ്ങനെ അവർ അവശത അനുഭവിക്കുമ്പോൾ അവയുടെ നേരെ കണ്ണടച്ചുകൊണ്ട് പ്രൊഹിബിഷൻ ഏർപ്പെടുത്തി എത്ര നിർബന്ധം ചെലുത്തുകയാണെങ്കിൽതന്നെയും അതു വിജയിക്കുകയില്ല സർ.

ഒരു പ്രമുഖ ഗ്രന്ഥകാരനായ 'ഡൈസൺ കാർടൺ' എഴുതിയിട്ടുള്ള 'സിൻ ആൻഡ് സയൻസ്" എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് ഞാൻ വായിക്കാം. സർ, അതിൽ പറയുന്ന പേജ് 140

> "More people drink because they are miserable than are made miserable because they drink. People drink because they are miserable, their lives are wretched, unsatisfied. It is useless to preach, or to teach or force abstinence without first creating for the vast majority the condition of life in which addiction to liquor is unnecessary."

സർ, അതിൽനിന്നും നമുക്ക് വ്യക്തമാകുന്നത് ഈ സ്ഥിതിക്ക് നാട്ടുകാർക്ക് സുലഭമായി ജീവിക്കാൻ ഉള്ള പരിതഃസ്ഥിതി ഉണ്ടാക്കിക്കൊടുക്കുന്നെങ്കിലല്ലാതെ ഈ മദ്യനിരോധനം ഇവിടെ വിജയിക്കാൻ പോകുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. പക്ഷേ, ഗവൺമെന്റ് അതിനുനേരെ കണ്ണടയ്ക്കുകയാണ്. ഇന്ന് ആയിരക്കണക്കിനു തൊഴിലാളികൾ തൊഴിലില്ലാതെ കഴിഞ്ഞുകൂടുകയാണ്. നമ്മുടെ പത്രങ്ങൾതന്നെ നോക്കുന്നപക്ഷം പട്ടിണിമൂലം ഉള്ള മരണവാർത്ത കാണാത്ത ദിവസം കുറയും. മാതാക്കൾ കുട്ടികളെ കിണററിൽ എറിയുന്നതായും, അവർ ആത്മഹത്യ ചെയ്യുന്നതായും, അച്ഛൻ കുട്ടിയെ കഴുത്തറുത്തു കൊല്ലുന്നതായും മററുമുള്ള വാർത്തകൾ നാം കാണുന്നുണ്ട്. ഇതെല്ലാം അവർക്ക് ജീവിക്കാനുള്ള സാഹചര്യങ്ങളില്ലാതെ ക്ലേശഭൂയിഷ്ഠവും ദുരിതപൂർണ്ണവുമായുള്ള ജീവിതം മൂലം ജീവിതനൈരാശ്യംകൊണ്ടു ചെയ്തുപോകുന്നതാണ്. സാധാരണക്കാരായ ജനങ്ങൾ ഇന്നു ജീവിക്കാനുള്ള മാർഗ്ഗമില്ലാതെ ആത്മഹത്യയും മററു ഹീനകൃത്യങ്ങൾ ചെയ്യുന്നതിനും പ്രേരിതരാകുന്നു. അതന്റെയെല്ലാം നേരെ കണ്ണടച്ചുകൊണ്ടാണ് മദ്യനിരോധനം അങ്ങേയററം മുറുകിപ്പിടി

[ശ്രീ. സി. സി. അയ്യപ്പൻ]

ക്കാൻ വെമ്പൽകൊള്ളുന്നതു്. ഞാൻ ശാസ്ത്രീയമായി പറയുകയാണു് നമുക്കു് മദ്യനിരോധനം നിറുത്താൻ തീർച്ചയായും സാധിക്കയില്ലെന്നു്. ഇന്നു് ശാസ്ത്രം അങ്ങേയററം പുരോഗമിച്ചുകഴിഞ്ഞിരിക്കുകയാണു്. അരിയിൽനിന്നും മദ്യം ഉണ്ടാക്കാം എന്നു കണ്ടുകഴിഞ്ഞിരിക്കുന്നു. ഇന്നു മദ്യനിരോധനം ഏർപ്പെടുത്തിയ മേഖലകളിൽ എത്രയും കർശനമാക്കുന്നുവോ അത്രയും ഉപദ്രവങ്ങൾക്കു് കാരണമായിത്തീരുന്നതാണു്. ഇന്നു് മദ്യനിരോധനമേഖലകളിൽ പല മരുന്നുകളും ചേർത്തു് മദ്യം വാററി എടുക്കുന്നു. അമോണിയം സൾഫേററു് മുതലായ മരുന്നുകൾകൂടി കലർത്തി മദ്യം ഉണ്ടാക്കി വില്പന നടത്തുന്നു. അതുകൊണ്ടു് ആളുകൾക്കു് രോഗം വർദ്ധിക്കുകയും തൻമൂലം ആസ്പത്രികളും വൈദ്യന്മാരും ദിനംപ്രതി പെരുകിവരുന്നു. സർ, അതുകൊണ്ടു് സാംസ്കാരികമായി മനുഷ്യരെ ഉയർത്തുവാൻ ഉള്ള സന്ദർഭങ്ങൾ ആദ്യമായി അവർക്കു ഉണ്ടാക്കിക്കൊടുക്കുക. അവർക്കു് ജീവിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കിക്കൊടുക്കുക. അങ്ങനെ അവരെ നല്ല മനുഷ്യരാക്കിക്കൊണ്ടുവരുന്നതിനും നല്ല സൊസൈററിയിൽ ജീവിക്കുന്നതിനുള്ള ഒരു ധാരണ അവർക്കുണ്ടാക്കിക്കൊടുക്കണം. അങ്ങനെയുള്ള ഒരു സാഹചര്യം ഉണ്ടാക്കിക്കൊടുത്തിട്ടു് മദ്യനിരോധനം ഏർപ്പെടുത്തുകയാണെങ്കിൽ ശാസ്ത്രീയമായി അതു നടപ്പിലാക്കുന്നപക്ഷം അതു വിജയിക്കും; വിജയിച്ചിട്ടുമുണ്ടു്. സർ, ഞാൻ അതിനൊരു ഉദാഹരണം പറയാം. സോവിയററു് റഷ്യയിലെ കാര്യം ഞാൻ നേരത്തേ പറഞ്ഞു.

> "The manner in which facts are brought home to the public was entirely novel. Theatres, and movies were widely used. With plays and screen shows, the Russians were given the facts about alcoholic drinks, and of everyday activities directly related to the new great Soviet plans for making an industrial and agricultural nation."

അങ്ങനെയാണു് സോവിയററു് റഷ്യയിൽ കുടി നിയന്ത്രിച്ചിട്ടുള്ളതു്. അതു രാജ്യത്തെ ജനങ്ങളുടെ ആരോഗ്യത്തിനെത്തന്നെ ബാധിക്കുന്ന ഒന്നാണു്. അങ്ങനെ വമ്പിച്ച പദ്ധതികൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ടു്. അതിനുവേണ്ടി പദ്ധതികളുണ്ടാക്കിക്കൊടുത്തതിനുശേഷമാണു് അവിടെ മദ്യനിരോധനം നിയന്ത്രിച്ചിട്ടുള്ളതു്. അതും ഒരു കർശനമായ നിയന്ത്രണമാണു്. നമുക്കും ഈമാതിരി സാഹചര്യങ്ങൾ ഇവിടെ ഉണ്ടാക്കിക്കൊടുക്കുന്നപക്ഷം മദ്യനിരോധനം ഏർപ്പെടുത്തുന്നതിനും കള്ളുകുടി നിയന്ത്രിക്കുന്നതിനും കഴിയും. ഇന്നു് തലപ്പിള്ളി, ചിററൂർ, കൊടുങ്ങല്ലൂർ ഈ താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം തൊഴിലാളികൾ തൊഴിലില്ലായ്മനിമിത്തം അവർ നാടുവിട്ടുതന്നെ പോകുന്നുണ്ടു്. അവിടെയുള്ള സാധുക്കൾ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്നു സർ. അതിനു് എന്തെങ്കിലും ഈ ഗവണ്മെൻറു് ചെയ്യുന്നുണ്ടോ? ഇങ്ങനെ മദ്യനിരോധനം ഏർപ്പെടുത്തുന്നതുകൊണ്ടു് ഇന്നത്തേക്കാൾ അധികം ദോഷമാണുണ്ടാകുന്നതു്. ഇന്നു് ഇതു് ഏർപ്പെടുത്തണമെങ്കിൽത്തന്നെ വിദേശമദ്യമാണു് ആദ്യമായി നിരോധിക്കേണ്ടതു്. ഇന്നു് വിദേശമദ്യങ്ങൾ കുടിച്ചു് മത്തരായി നടക്കുന്നതു് പണക്കാരാണു്. കാശില്ലാത്തവർ കുടിക്കുന്നില്ല. പണക്കാർക്കു് ഇന്നു ധാരാളമായി കുടിക്കാൻ സാധിക്ക

നുണ്ട്. കാശില്ലാത്തവർ ഇന്ന് കുടിക്കാൻ അപ്രാപ്തരായിരിക്കുകയാണ്. അവർക്ക് ജോലിയും തൊഴിലുമില്ലാതെ അങ്ങനെ കഴിയുകയാണ്. സാധാരണക്കാരായവരുടെ കുടി നിയന്ത്രിക്കുക എന്നുള്ളതാണ് നാം ചെയ്യേണ്ടത്. ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു. ഈ ഡിമാൻറിനെ സംബന്ധിച്ച് അധികം സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. സർ, മദ്യം മനുഷ്യനെ അധഃപതിപ്പിക്കും എന്ന അഭിപ്രായക്കാരനാണ് ഞാൻ എന്ന് ഈ സഭയെ അറിയിക്കാനാഗ്രഹിക്കുന്നു. മദ്യം കുടിക്കരുതെന്നുതന്നെയാണെൻറയും അഭിപ്രായം. സാധാരണക്കാരെപ്പററി ഇവിടെ വളരെയൊക്കെ പറയുകയുണ്ടായി. ഈ കുടി മൂലം സാധാരണക്കാരനെന്നല്ല എല്ലാവരുംതന്നെ സാമ്പത്തികമായി നശിക്കുന്നതിനിടയാകുന്നതാണ്. അതേ സമയം തന്നെ നിർബന്ധമായി കുടിച്ചുകൂടാ എന്നു പറയുന്നതിനോടും ഞാൻ അനുകൂലിക്കുന്നില്ല. സാംസ്കാരികപരമായും സാമ്പത്തികപരമായും നോക്കിയാൽ ഇതു് ഇന്നത്തേക്കാൾ അധികം ദോഷമാണു ചെയ്യുന്നതു്. അങ്ങനെ മദ്യവർജ്ജനം നിർബന്ധമായി നടപ്പാക്കുന്നതിനു് സർക്കാർ പണം ധാരാളമായി ചെലവാക്കുന്നതുകൊണ്ടു് വേണ്ട പ്രയോജനമില്ലെന്നും അതിനു പകരം സർക്കാർ അതിൻെറ ഉത്തരവാദിത്വം അങ്ങു വിട്ടുകളഞ്ഞിട്ടു് പഴയ രീതിതന്നെ തുടരുന്നതല്ലേ നല്ലതെന്നുപോലും ഞാൻ ചിലപ്പോൾ ആലോചിച്ചിട്ടുണ്ടു്. ഇവിടെ ചാരായം ധാരാളം കിട്ടുമെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. ഒരുപക്ഷേ, സാധാരണക്കാർക്ക് കിട്ടുന്നില്ലായിരിക്കാം. പണമുള്ളവർ ഇന്ന് കുപ്പിക്ക് ആറു രൂപാ കൊടുത്താൽ എത്ര കുപ്പി ചാരായം വേണമെങ്കിലും തരാമെന്ന് ഒരാൾ എന്നോടുതന്നെ പറഞ്ഞു. ആ നിലക്ക് ഇവിടെ ചാരായം സുലഭമായി കിട്ടുമ്പോൾ ഇവിടെ ചാരായം നിർബന്ധമായി കുടിക്കരുതെന്നു പറഞ്ഞാൽ അതു നടപ്പിലാക്കാൻ എത്ര ഉദ്യോഗസ്ഥന്മാരുണ്ടായാലും അതു സാദ്ധ്യമാകുമെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. സി. കൊച്ചുകുഞ്ഞു്: തിരുവനന്തപുരത്താണോ ആറു രൂപയ്ക്കു ചാരായം കിട്ടുമെന്നു പറഞ്ഞതു്?

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: അതേ.

ശ്രീ. കെ. സി. ജോർജ്ജ്: അക്കാര്യം അതോറിററീസിനോടു് പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: അതോറിററീസ് ഇവിടെ നോക്കി നടക്കുകയാണ്. ഏതായാലും അടുത്തകാലത്തു ഇന്നത്തെ സർക്കാർ വളരെ കർശനമായ നടപടികൾ എടുത്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ: അതു കർശനമായി പാലിക്കണമെന്നു അഭിപ്രായമില്ലെങ്കിൽ പിന്നെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽ അനുകൂലിച്ചതെന്തിനാണ്?

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: മദ്യനിരോധനം ഒന്നുകിൽ രാജ്യവ്യാപകമായി നടത്തണം. ഇൻഡ്യമുഴവനും നടത്താൻ സാധിക്കുമെങ്കിൽ

[ശ്രീ. സി. കെ. രാമചന്ദ്രൻനായർ]

അത്രയും നന്ന് അല്ലെങ്കിൽ തിരുവിതാംകൂർ-കൊച്ചിയിലെങ്കിലും രാജ്യവ്യാപകമായി നടപ്പാക്കാൻ നോക്കണം. ഒരു പക്ഷെ ഇവിടെ വിജയകരമായി മദ്യനിരോധനം നടപ്പാക്കാൻ കഴിയുമെന്നാണു എന്റെ വിശ്വാസം. ഞാൻ ഇതു വിഷയത്തിലേയ്ക്കു കടക്കണമെന്നു വിചാരിക്കുന്നില്ല. കാരണം. കുടിച്ചേ കഴിയൂ എന്നു നിർബ്ബന്ധമുള്ളവർ ഇവിടെയുണ്ട്. ആ നിലയ്ക്കു ഇതു ഒരു വിവാദവിഷയമാക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. ഏതായാലും കുടിക്കാൻ തീർച്ചയാക്കിക്കഴിഞ്ഞു. അതിനാൽ എനിക്കു ഗവണ്മെന്റിനോടു അപേക്ഷിക്കുവാനുള്ളതു് നല്ല കള്ളും നല്ല ചാരായവും കൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യണമെന്നാണു്. ഇതു പറയുവാൻ കാരണമുണ്ട്. തിരുവല്ലായിൽ പമ്പാനദിയുടെ തീരത്തു സ്ഥാപിച്ചിരിക്കുന്നപാര ആന്റ് സ്പെൻസർക്കാണു് ചാരായമുണ്ടാക്കാൻ അനുവാദംകൊടുത്തിരിക്കുന്നതു്. ആ സ്ഥലത്തു ഒരു പ്രാവശ്യംപോയി ചാരായം ഉണ്ടാക്കുന്നതിന്റെ പ്രോസസ്സ് കാണുന്ന ഒരാളിനു് നിശ്ചയമായും ആ ആളിന്റെ ആയുസ്സിൽ അവിടെയുണ്ടാക്കുന്ന ചാരായം കുടിക്കണമെന്നു തോന്നുകയില്ല. കരിമ്പിൻ ശർക്കരയുടെ കീടം എല്ലാംകൂടെ ഒരു ടാങ്കിനകത്തിട്ടു വച്ചിരിക്കും. അതിൽ ഒരുപക്ഷെ നീർക്കോലിയും മാക്രിയുമൊക്കെക്കാണും. ഈ കീടത്തിനകത്തു്, അതു തിളപ്പിക്കുവാൻ ആവശ്യമായ വിറകു് നഷ്ടഹേതുകമായാൽ സൽഫ്യൂറിക് ആസിഡ് ഒഴിച്ചാണു് അതു തിളപ്പിക്കുന്നതു്. പിന്നീടു് അതു പുളിക്കുന്നതിനു് അമോണിയം ചേർക്കും. ഇതു കിടന്നു തിളച്ചിട്ടു് ഇതിന്റെ ആവിയെടുത്തു ചാരായം ഉണ്ടാക്കുകയാണു ചെയ്യുന്നതു്. ഈ ചാരായമാണു് ഇവിടെയുള്ള ജനങ്ങൾ കുടിക്കുന്നതു്, ഇവിടെയുള്ള അനവധി ചെറുപ്പക്കാരും വിദ്യാർത്ഥികളുംമററു പലരും ഇതു കുടിക്കുന്നുണ്ട്. ഇതു കുടിച്ചാൽ ലിവറും ഹാർട്ടും എരിഞ്ഞുപോകുമെന്നുള്ളതുകൊണ്ടു്, സർക്കാരിന്റെ ചുമതലയിൽ ചാരായവിതരണംചെയ്യുന്ന ഈ രാജ്യത്തു്, ഇവിടത്തെ ജനങ്ങളുടെ ആരോഗ്യത്തെ കരുതി ഈ ഏർപ്പാടു് ഭേദഗതിചെയ്യേണ്ടതാണു്. അവിടെ ചാരായം ഉണ്ടാക്കുന്ന രീതി ഈ തരത്തിലാണു്. നേരെമറിച്ചു്, നാഗർകോവിലിലെ കരുപ്പട്ടിയിൽനിന്നും ഒന്നാംതരം ചാരായം എടുക്കാം. അതു കുടിച്ചാൽ ലഹരിയുണ്ടാകുമെന്നല്ലാതെ ആരോഗ്യഹാനിയുണ്ടാകുന്നതല്ല.

ശ്രീ. എം. എം. മത്തായി : സർ, മദ്യനിരോധനം കർശനമാക്കാൻ വേണ്ടി ഏതാനും തുക ഗവണ്മെന്റു ആവശ്യപ്പെട്ടാൽ അതു അനുവദിക്കുന്നതിൽ വലിയ ആക്ഷേപമുണ്ടെന്നു തോന്നുന്നില്ല. മദ്യനിരോധനത്തെപ്പററി രണ്ടഭിപ്രായങ്ങൾ ഈ സഭയിലെ അംഗങ്ങളുടെ ഇടയിൽകാണുന്നുണ്ടു്. ഐക്യമുന്നണി ബഞ്ചുകളിൽനിന്നും മദ്യനിരോധനത്തെ എതിർത്തുകൊണ്ടുവരുന്ന അഭിപ്രായമാണു് അതിലൊന്നു്. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനുവേണ്ടി മുറവിളി കൂട്ടുന്ന അവർ, കള്ളുകുടിക്കാൻ അനുവദിക്കണംഎന്നു് പറയുന്നതു് മനസ്സിലാക്കാൻ നിവൃത്തിയില്ല. അദ്ധ്വാനിക്കുന്നജനവിഭാഗത്തിനു് തൊഴിൽ വേണമെന്നു പറയുന്നതു് മനസ്സിലാക്കാം. അവരെ അദ്ധ്വാനം ചെയ്യുന്ന വിഭാഗത്തിന്റെ സംരക്ഷകന്മാർ എന്നു്സ്വയം അഭിമാനിക്കുന്ന ഇവർ അവരുടെ ആരോഗ്യത്തെ ഉദ്ദേശിച്ചു ആത്മാർത്ഥമായി പറയുന്നതാണോ ഇതു്. ഐക്യമുന്നണിക്കാർ ഇങ്ങനെ വാദിക്കുന്നതുകേട്ടപ്പോൾ, ഐക്യമുന്നണി മെംബറന്മാക്കു് മദ്യനിരോധനമേഖലയായ തിരുവനന്തപുരത്തു് വരുമ്പോൾ മദ്യം സേവിക്കാൻ

നിവൃത്തിയില്ലാത്തതുകൊണ്ട് വിഷമം തോന്നി ഇങ്ങനെ പറയുന്നതല്ലേ എന്നു പോലും സംശയിച്ചുപോകും. ഈ അവസരത്തിൽ ഒരു കാര്യം മാത്രമേ ഞാൻ പറയാനുദ്ദേശിക്കുന്നുള്ളൂ. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറയുകയുണ്ടായി, തെക്കൻതിരുവിതാംകൂറിലെ മുക്കുവരുടെയും, പാവപ്പെട്ടവരുടെയും സ്ത്രീകൾ, അവിടെ മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം അവരുടെ ഭർത്താക്കന്മാർ കുടിക്കാതിരിക്കുന്നതുകൊണ്ടു ആഹ്ലാദഭരിതരായി തുള്ളി ചാടുന്നതു് മന്ത്രി തന്നെ കണ്ടുവെന്നു്. ഞാൻ ചോദിക്കുന്നു, തെക്കൻതിരുവിതാംകൂറിലെ ഭർത്താക്കന്മാർ കുടിക്കാതിരിക്കുന്നതുകൊണ്ട് അവിടത്തെ സ്ത്രീകൾ ആഹ്ലാദിക്കുന്നതുപോലെ വടക്കൻതിരുവിതാംകൂറിലെ സ്ത്രീകൾക്കും ആഹ്ലാദംകൊണ്ടു തുള്ളിച്ചാടുവാനുള്ള അവസരം ഗവണ്മെന്റ എന്തുകൊണ്ടാണു കൊടുക്കാത്തതു്? ഞങ്ങളുടെ നാട്ടിലെ ഭർത്താക്കന്മാർ വളരെയധികം കുടിക്കുന്നവരായിട്ടുണ്ട്. തന്നിമിത്തം വളരെ കൂടുതൽ കൊലപാതകവും, കൊള്ളിവയ്പും മററക്രമങ്ങളും അവിടെ നടക്കുന്നുണ്ട്. ക്രിമിനൽ കേസുകളുടെ ഒരു സെൻസസ് എടുത്താൽ, തെക്കൻതിരുവിതാംകൂറിനെക്കാൾ കൂടുതൽ കൂടിയുള്ളതു് വടക്കൻതിരുവിതാംകൂറിലാണെന്നു കാണാം. ഈ രാജ്യത്തെ ജനങ്ങളെയെല്ലാം ഒരുപോലെ രക്ഷിക്കുന്നവരാണു ഈ രാജ്യം ഭരിക്കുന്നതെങ്കിൽ എന്തുകൊണ്ടാണ് ആറേഴുകൊല്ലമായിട്ടും തിരുവനന്തപുരം ഡിസ്ട്രിക്ററിന്റെ വടക്കെയററത്തിട്ടിരിക്കുന്ന 'മുള്ള്' ഈ സംസ്ഥാനത്തിന്റെ വടക്കെയററത്തേയ്ക്കു മാററിയിടാത്തതു്? സർ, ഈ മദ്യനിരോധനത്തിനുവേണ്ടി ചെലവാക്കുന്ന തുക, കുടിക്കുന്ന സ്ഥലങ്ങളിലെ ജനങ്ങളിൽനിന്നും പിരിച്ചെടുത്ത തുക കൂടിയാണ്. ഒരു സ്ഥലത്തെ ആളുകളെ മദ്യം കുടിപ്പിച്ചു് കിട്ടുന്ന പണം മറെറാരിടത്തെ ആളുകളെ കുടിപ്പിക്കാതിരിക്കാൻ ചെലവാക്കുന്നതു് ശരിയാണോ? ആ നിലയ്ക്കു നിരോധനമേഖലകളിലെ ആളുകളെ, അല്ലാത്ത മേഖലകളിലെ ആളുകൾക്ക് അസൂയയോടുകൂടിയല്ലാതെ വീക്ഷിക്കുവാൻ നിവൃത്തിയില്ല. തെക്കൻതിരുവിതാംകൂറിൽമാത്രം മദ്യനിരോധനം നിഷ്കർഷയായി നടത്തുവാനാണ് ഗവണ്മെന്റ വിചാരിക്കുന്നതെങ്കിൽ അതിലേയ്ക്കാവശ്യമുള്ള പണം അവരിൽനിന്നു മാത്രമെ ഈടാക്കാവൂ എന്നാണ് എനിക്ക് പറയാനുള്ളതു്.

സർ, എനിക്കു ഒരു സംശയംകൂടി തോന്നുന്നുണ്ട്. മദ്യപാനംകൊണ്ടു തെക്കൻതിരുവിതാംകൂറിലെ ജനങ്ങൾ സാംസ്കാരികമായി ഉയർന്നുപോയി എന്നതിനോടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. അവർ ഇപ്പോൾ പേ പിടിച്ചു ഇളകിക്കൊണ്ടിരിക്കുകയാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. അവർ ഒന്നാകെ തമിഴ്നാട്ടിലേയ്ക്കു പോകുവാൻ തീരുമാനിച്ചിരിക്കുകയാണ്. അവർക്കു ഗവണ്മെന്റ എന്തിനാണു ഞങ്ങളുടെ പണവുംകൂടി ഉപയോഗിച്ചു മദ്യനിരോധനം ഏർപ്പെടുത്തുന്നതു്? തെക്കൻതിരുവിതാംകൂറിൽ കള്ളുകുടി ഇല്ലെങ്കിലും കള്ളുകുടികൊണ്ടുണ്ടാകുന്നതിനെക്കാൾ കൂടുതൽ അക്രമങ്ങളും, നശീകരണപ്രവർത്തനങ്ങളും അവർ അവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെംബർ വിഷയത്തിൽനിന്നു അകന്നുപോകുന്നു.

ശ്രീ. എം. എം. മത്തായി : മദ്യനിരോധനം കർശനമാക്കണമെന്നാണു ഞാൻ പറയുന്നതു്. പക്ഷെ, വടക്കൻ തിരുവിതാംകൂറിൽ അതുകൊണ്ടു പ്രയോജനമുണ്ടാകുന്നില്ലെന്നുള്ളതാണ് എന്റെ പരാതി.

[ശ്രീ എം. എം. മത്തായി]

സർ, മദ്യനിരോധനം കർശനമാക്കുന്നതിന് കൂടുതൽ ആളുകളെ നിയമിക്കേണ്ട ആവശ്യമില്ല. കള്ളും, ചാരായവും നിരോധിച്ചിട്ടും, നിരോധനമേഖലയിൽ അവ കുടിക്കുന്നവരായുണ്ടെങ്കിൽ, സർ. ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടിയാണ്, അവർ കുടിക്കുന്നതെന്നുള്ളതു തീർച്ചയാണ്. സർ, ഉപധനാഭ്യർത്ഥന മദ്യനിരോധനമില്ലാത്തിടത്തെ വ്യാജമദ്യവിൽപ്പനയും മററും തടയുന്നതിനു കൂടിയാണ്. സർ, ഞങ്ങളുടെ സ്ഥലങ്ങളിൽ ചില വ്യാജക്കേസുകൾ പിടിക്കുന്നതായി പറയുന്നുണ്ട്. എങ്ങനെയാണ് ഇവർ കണ്ടുപിടിക്കുന്നതു്? ഒരു ഉദ്യോഗസ്ഥൻ ഒരു കൺട്രാക്ടറെ വിളിച്ചു ഒരു കേസുണ്ടാക്കാൻ പറയും. അങ്ങനെ ഒരു കേസുണ്ടാക്കി കോടതിയിൽ കൊണ്ടുവരും. കുററം സമ്മതിച്ചുകൊള്ളണമെന്നു ഈ എക്സൈസുദ്യോഗസ്ഥന്മാർ നേരത്തെ ഏർപ്പാടുചെയ്തിരിക്കും. അവരെ ശിക്ഷിക്കുകയും ചെയ്യും. എന്തിനാണ് ഇതൊക്കെ ചെയ്യുന്നതു്? കുറെ കേസുകൾ കണ്ടുപിടിച്ചു എന്നു പറയുവാൻ, അതു് ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്താൻ. ഈ കേസുകളിൽ അധികവും ഇങ്ങനെയുള്ള കൃത്രിമകേസുകളാണ്. ഏതെങ്കിലും ഒരു പ്രദേശത്തെ എക്സൈസ് കുത്തകപാട്ടി രഹസ്യമായ അന്വേഷണത്തിനു വരുന്നു എന്നറിഞ്ഞാൽ ഉടൻതന്നെ സ്ഥലം എക്സൈസുകാർ വ്യാജവ്യാപാരികൾക്ക് അറിവുകൊടുക്കുകയായി. സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരുടെയോ, എക്സൈസ കുത്തകപ്പാർട്ടിയുടെയും രഹസ്യാന്വേഷണങ്ങൾകൊണ്ടൊന്നും പറയത്തക്ക ഗുണങ്ങൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ല. ഇപ്പോൾ ഉള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു മാത്രം, അവർ നിഷ്കർഷയായി ജോലി ചെയ്യുമെങ്കിൽ, മദ്യനിരോധനം കർശനമായി നടപ്പിലാക്കാൻ കഴിയുമെന്ന് ഞാൻ ഉറപ്പു പറയുന്നു. ഒരഞ്ചുരൂപാ ഒരു എക്സൈസ് ശിപായിക്കു കൊടുത്താൽ, ഇവിടെ ചാരായം ആരെങ്കിലും വാങ്ങിക്കുന്നതിലോ, കുടിക്കുന്നതിലോ അവർക്കു വിരോധമില്ല. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണു മദ്യനിരോധനം നടപ്പിലാക്കുന്നതെങ്കിൽ ഗവണ്മെൻറ് എന്തുചെയ്താലും അതു പരിപൂർണ്ണമായി വിജയിക്കുവാൻ പോകുന്നില്ല. ഇക്കാര്യത്തിൽ മന്ത്രിക്ക് എത്രതന്നെ ആത്മാർത്ഥത ഉണ്ടെങ്കിലും ഉദ്യോഗസ്ഥന്മാർക്കു ആത്മാർത്ഥതയില്ലെങ്കിൽ ഇതിനുവേണ്ടി എത്ര രൂപ അനുവദിച്ചാലും എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചാലും ഫലമില്ല. അതുകൊണ്ട് ഇവരെക്കൊണ്ട് സത്യസന്ധതയോടുകൂടി ജോലി ചെയ്യിക്കുന്നതിനുള്ള മാർഗ്ഗം ആരായുകയാണ് വേണ്ടതു്.

ഈയവസരത്തിൽ ഒരുകാര്യംകൂടി എനിക്കു പറയുവാനുണ്ട്. ഇപ്പോൾ മദ്യനിരോധനം ഉള്ള പ്രദേശത്തു് അതു് എടുത്തുകളയണമെന്നു ഞാൻ പറയുന്നില്ല. ഞങ്ങളുടെ പ്രദേശത്തും മദ്യനിരോധനം ഏർപ്പെടുത്തേണ്ടതാണെന്നും എനിക്ക് ശക്തിയായ അഭിപ്രായമുണ്ട്. പക്ഷെ, കള്ള് ഒരു നല്ല പാനീയമാണ്. അതുകൊണ്ട് ആ വ്യവസായം നിറുത്തൽ ചെയ്യുന്നതു ആലോചിച്ചുവേണ്ടതാണ്. കള്ളു പ്രിസർവ്വ് ചെയ്ത് എടുക്കാമെങ്കിൽ അതു ബീയറിനെക്കാൾ വിലക്കുറവുള്ള ഒരു നല്ല പാനീയമാക്കിയെടുക്കാം. ഇവിടെ ആർക്കും കുടിക്കാനല്ല, വിദേശമാർക്കററിൽ അതിനു നല്ല വിലകിട്ടും. അതുകൊണ്ടു ഈ രാജ്യത്തിന് കൂടുതൽ ഡാളർ സമ്പാദിക്കുവാനും കഴിയും. അതുകൊണ്ട് അതിനുവേണ്ടി ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്തണമെന്നു അഭ്യർത്ഥിച്ചുകൊണ്ടും, കൂടുതൽ

ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല. മദ്യനിരോധനം വിജയപ്രദമാക്കേണ്ടതെന്നു ഉദ്‌ബോധിപ്പിച്ചുകൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

**Mr. Speaker**: Shall we close the debate now ?

(The House agreed to the suggestion)

**Shri P. S. Nataraja Pillai**: Sir, the demand is only for Rs. 58,500. When the Government brought forward this proposal they were confronted with a dilemma as far as this provision is concerned. In the ordinary course of events, during the last few years, a trade in spirituous medicated drugs came into vogue under the guise of medicine commonly known as essence. It was so prevalent in the country that it created a feeling in the country that the Prohibition Act was not in force. So the first step that this Government took was to revise the orders and to make certain changes in the licensing system to see that the system of using essence was discouraged effectively so as to make this drug not available to the ordinary public.

It was thought by this Government that the work of prohibition would be more effectively done by organising a flying squad. With that object in view Government organised a squad consisting of four batches under one Excise Inspector with six Preventive Officers and twenty-eight armed Guards. They were provided with motor vans also so that they may be able to control the districts in which they were posted and detect offences by surprise visits and create the moral tone of the general public so far as this offence is concerned.

It was with that object in view that this squad was organised. The expenditure on this account is estimated at Rs. 1,08,100. There is a saving of Rs. 49,600 under the Budget provision. This amount is not sufficient for carrying on the work. So, a sum of Rs. 58,500 more is required to bring into existence the new flying squads. In that connection, I have to say another fact. By the abolition of the chowkies in Cochin area a large number of Excise Guards are thrown out of employment. The only alternative that faced Government was to terminate their services and then to allow them to be recruited by the Public Service Commission. But now a necessity for staff came by itself and at the same time, there was the available personnel, and their services were utilised. As a matter of fact, under this provision not a single new person has been added to the permanent service as it existed previous to the Budget. In spite of the specific and clear statement of facts as revealed by the Budget, I am sorry that my friends should, one after another, stand up and say that this is for increasing the personnel. If the Budget is scrutinised, it will be easily found that no personnel is to be increased. There may be one or two instances of increase in personnel in some departments. But no large scale increase in the establishment charges has been made. That is the hard fact. Government hope that the organisation of the prohibition squad will help in the detention of prohibition offences more effectively and in enforcing prohibition as a whole.

[Shri P. S. Nataraja Pillai]

Then, Sir, about the question of prohibition, after the scientific exposition of Mr. Ayyappan, I was a little bit nervous, when I heard him utter the prophetic words that "it is not going to be a success in the world". He started with a scientific exposition and contradicted that at the end.

ശ്രീ. സി. സി. അയ്യപ്പൻ: പണക്കാർ ധാരാളമായി മദ്യപാനം ചെയ്യുന്നത് അവർക്ക് ജീവിക്കാനുള്ള സൗകര്യമുള്ളതുകൊണ്ടും, ഇവിടെ കള്ള് ഇല്ലാത്തതുകൊണ്ടുമാണ്. സാധുക്കൾ തങ്ങളുടെ നിത്യത കഴിക്കാൻതന്നെ വിഷമിച്ചുകൊണ്ടിരിക്കുകയാണ്. ആ സ്ഥിതിക്ക് അവർക്കുകൂടി ധനവാന്മാരെപ്പോലെ അല്ലെങ്കിലും ഒരു വിധമെങ്കിലും ജീവിക്കാനുള്ള പരിതഃസ്ഥിതിയുണ്ടാക്കിക്കൊടുക്കേണ്ടതല്ലേ?

**Shri P. S. Nataraja Pillai:** I acknowledge it, Sir. I have absolutely nothing more to add. I request the House to grant this allotment.

The question that a supplementary sum not exceeding Rs. 58,500 be granted under Demand III—8. State Excise Duties, was put and carried.

The grant was made.

DEMAND VI—11. REGISTRATION.

*Minister for Local Self Government* (**Shri P. K. Kunju**): I move for a Supplementary Grant of Rs. 1,400 under Demand VI—11. Registration. Consequent on the shifting of a Division bench of the High Court to the Shri Mulam Buildings, the Office of the Inspector General of Registration has been shifted and housed in a private building and hence the necessity for additional funds.

**Shri A. Achuthan:** I second it.

The question that a supplementary sum not exceeding Rs. 1,400 be granted under Demand VI—Registration, was put and carried.

The grant was made.

DEMAND VII—12. CHARGES ON ACCOUNT OF MOTOR VEHICLES ACT.

*Minister for Works and Transport* (**Shri A. Achuthan**): I move for a supplementary grant of Rs. 32,400 under Demand VII—12. Charges on account of Motor Vehicles Acts.

